

ജൂൺ 2017
Price ₹ 25
ജീവനും വെളിച്ചവും
BIOLOGY
SOCIAL STUDIES
GEOGRAPHY
POLITICS
HISTORY
COMPUTERS
ENGLISH
SPORTS
DESIGN
EDUCATION
അജ്ഞതയെക്കുറിച്ചുള്ള തിരിച്ചറിവാണ് വിദ്യാഭ്യാസം.
അറിവുസമ്പാദനമാണ് അതിന്റെ ധർമ്മം



MARIAN
ENGINEERING COLLEGE
NURTURING A HABIT OF EXCELLENCE
Managed By Latin Archdiocese of Trivandrum
Affiliated to APJ Abdul Kalam Technological University
An ISO 9001 : 2008 Certified College
Approved by AICTE
Congratulations!
FIRST RANK
with 9.47 CGPA
Civil Engineering 2012 -2016 Batch University of Kerala
ABHIJITH SATHYA
ADMISSION 2017
B.Tech Seats
Civil Engineering 120
Electronics & Communication 120
Mechanical Engineering 120
Computer Science & Engg 90
Electrical & Electronics 60
M.Tech Seats
Signal Processing 24
Computer Science & Engg. 24
Geo Technical Engg. 24
Kazhakuttom, Thiruvananthapuram – 695582 Tel : 0471 – 2707111, 2707222 | Mob : 8281377111
www.marian.ac.in, Email : mail@marian.ac.in
m.CAP
Approved by COA & Affiliated to CUSAT
MARIAN COLLEGE OF
ARCHITECTURE & PLANNING
Trivandrum Latin Archdiocesan Institution
B.ARCH
80
seats
Ar. Prof. Baby Paul
Principal
Former HOD, CET & Former Professor, Manipal University
Ar. Prof. Mariamma K
HOD
Former Regional Director, DTE, Kerala & Former HOD, CET
Ar. Prof. Binu Mangal
Professor
Former Professor & HOD, CET, Principal, Govt. Engg. College & Former JDTE
ANN MARIA JOSE
S3 1st Rank (2016)
S4 1st Rank (2017)
ALIF DINAR
S1, S2 1st Rank (2016)
S4 2nd Rank(2017)
RESHMI RUFUS
S1, S2 2nd Rank (2016)
ALEENA ASHLEY
S3 2nd Rank(2016)
SYAMILI SEBASTIAN
S1, S2 3rd Rank (2016)
S4 3rd Rank (2016)
ABIN ASHIK
S3 3rd Rank (2016)
JINCY NELSON
S1 S2 2nd Rank (2016)
SUMAYA S.
S1 S2 3rd Rank (2016)
B.ARCH
Eligibility: 50% for Plus Two 50% for PMC & Qualification in NATA 2017
Online Application invited for Management and NRI Quota admission
For admission contact:
8281388111, 9446182707, 9745654336, 944721014,
0471-2704405, 2707150, 2707111
www.mariancap.com | Email : marianarch.in@gmail.com

## മുഖവിചാരം

**ജീവനും വെളിച്ചവും**

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2017 ജൂൺ
പുസ്തകം - 41 ലക്കം - 6
വില 25 രൂപ (വാർഷിക വരിസംഖ്യ: 300 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com

**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. സൂസപാക്യം
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
മോൺ. വിൽഫ്രഡ് ഇ.
മോൺ. നിക്കോളാസ് റ്റി.
ഫാ. ഇഗ്നാസി രാജശേഖർ
ഫാ. ലോറൻസ് കുലാസ്
ഫാ. ശാന്തപ്പൻ എം.
ഫാ. ലെനിൻ രാജ്
ഫാ. മൈക്കിൾ തോമസ്
ഫാ. ലെനിൻ ഫെർണാണ്ടസ്
ഫാ. ജോൺ എ.ആർ.
എം. ആർക്കാഞ്ചലോ
പി. ശശിധരൻ
**എഡിറ്റർ ഇൻ-ചാർജ്**
മോൺ. തോമസ് ജെ. നെറ്റോ
**സഹ പത്രാധിപർ**
ഫാ. വിക്ടർ എവരിസ്റ്റസ്
അഗസ്റ്റിൻ കണിപ്പിള്ളി
ഫാ. ദീപക് ആന്റോ
**പത്രാധിപ സമിതി**
ഡോ. ഐറിസ്
ലോറൻസ് ഫെർണാണ്ടസ്
സി. ലിസ്യു വർഗ്ഗീസ് എസ്.വി.സി.
അഡ്വ. എം.എ.ഫ്രാൻസിസ്
ബർണാഡ് മൊറായിസ് ജെ.
**ഓഫീസ് നിർവ്വഹണം**
സി. ലീല മുഴയിൽ ഡി.എസ്.പി
**രൂപകല്പന**
സുനിൽകുമാർ

# അറിവിന്റെ അഗ്നിച്ചിറകിലേറി

പുതിയ ഒരദ്ധ്യായനവർഷംകൂടി ആരംഭിക്കുകയാണ്. നല്ല നാളുകളുടെ സ്വപ്നങ്ങളുമായി ലക്ഷക്കണക്കിന് കുരുന്നുകളാണ് വിദ്യാലയങ്ങളുടെ പടികയറുന്നത്. പെറ്റമ്മയിൽ നിന്ന് പോറ്റമ്മയിലേക്കും കൂടെപ്പിറപ്പുകളിൽ നിന്ന് സഹപാഠികളിലേക്കും സ്വന്തം വീട്ടിൽ നിന്ന് സ്കൂൾ വളപ്പിലേക്കും വരുമ്പോൾ കുട്ടികളുടെ സ്വപ്നച്ചിറകുകൾക്ക് വിടരാനുള്ള ഇടങ്ങളാകണം പള്ളിക്കൂടങ്ങൾ.


അറിവ് അഗ്നിയാണ്. അഗ്നിച്ചിറകിലേറി, പിറന്ന ഇടങ്ങളുടെയും, സ്വന്തം മനസ്സിന്റെയും, വളരുന്ന സാഹചര്യങ്ങളുടെയും, പൊതു സമൂഹത്തിന്റെയും വളർച്ചയുടെയും, മാറ്റങ്ങളുടെയും അക്ഷരങ്ങൾ കുറിക്കാൻ വിദ്യാർത്ഥികൾക്ക് കഴിയണം.

പരിവർത്തനത്തിന്റെയും, മാറ്റത്തിന്റെയും ഉപാധിയാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസത്തെ വരുതിയിലാക്കാനും, കുച്ചുവിലങ്ങിടാനും ഉള്ള നീക്കങ്ങളാണ് ഈ അടുത്തകാലത്ത് ഹൈദരാബാദിലെ സെൻട്രൽ യൂണിവേഴ്സിറ്റിയിലും, ഡൽഹിയിലെ ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റിയിലും കണ്ടത്. പുത്തൻ വിദ്യാഭ്യാസ നയത്തിന്റെ പേരിൽ അറിവിന്റെ വാതിലുകളെ വരിഞ്ഞുകെട്ടാനും അതിർത്തികൾ നിർണ്ണയിക്കാനുമുള്ള ശ്രമങ്ങളും നമ്മുടെ രാജ്യത്ത് നടക്കുന്നു.

ടാഗോർ പാടിയതുപോലെ "എന്നെന്നും വികസിതമായ ചിന്തയിലേക്കും പ്രവൃത്തിയിലേക്കും ചിത്തത്തെ അവിടുന്ന് എങ്ങോട്ട് നയിച്ചുകൊണ്ടിരിക്കുന്നുവോ, ആ സ്വാതന്ത്ര്യത്തിലേക്ക് എന്റെ താതാ, എന്റെ രാജ്യമുണരട്ടെ!"

കുട്ടികളുടെ മനസ്സ് ദീപ്തമാകാൻ കളികളിലൂടെയും പ്രവൃത്തികളിലൂടെയും, ചർച്ചകളിലൂടെയും, ഗവേഷണങ്ങളിലൂടെയും വിദ്യയുടെ പുതിയ പന്ഥാവ് തെളിയിക്കാൻ കഴിയട്ടെ!

- പത്രാധിപർ




## അധ്യാപകർക്കായി ലേഖന മത്സരം

ദേശീയ അധ്യാപക ദിന (സെപ്റ്റം.5) ത്തോടനുബന്ധിച്ച് ജീവനും വെളിച്ചവും അധ്യാപകർക്കായി ലേഖന മത്സരം സംഘടിപ്പിക്കുന്നു. 1) അധ്യാപക ജീവിതത്തിന്റെ മഹത്വം. 2) അധ്യാപനത്തിന്റെ സാമൂഹ്യപാഠം 3) അധ്യാപനം ഇന്നിന്റെ സാമൂഹ്യവീക്ഷണവും ലക്ഷ്യവും എന്നീ വിഷയങ്ങളിൽ ഏതിലെങ്കിലും ഒന്നിൽ മൂന്നുപുറത്തിൽ (എ4 ൽ ഡിറ്റിപി ചെയ്തത്) കവിയാത്ത ലേഖനങ്ങളാണ് മത്സരത്തിനയക്കേണ്ടത്. ലേഖനങ്ങൾ ജൂലൈ 30 നകം എഡിറ്റർ ജീവനും വെളിച്ചവും, ആർച്ച് ബിഷപ്പ് ഹൗസ് വെള്ളയമ്പലം തിരുവനന്തപുരം-695003 എന്ന വിലാസത്തിൽ ലഭിച്ചിരിക്കേണ്ടതാണ്. തെരഞ്ഞെടുക്കപ്പെടുന്ന മികച്ച മൂന്നുലേഖനങ്ങൾക്ക് യഥാക്രമം 1000, 750, 500 ക്യാഷ് അവാർഡും ജീവനും വെളിച്ചവും മാസിക ഒരു വർഷത്തേക്ക് സൗജന്യമായും അയച്ചുകൊടുക്കുന്നതാണ്. ലേഖന കർത്താക്കൾ അവരുടെ പൂർണമായ മേൽവിലാസവും ഫോൺ നമ്പറും ഈ മെയിൽ അഡ്രസും ലേഖനത്തോടൊപ്പം പ്രത്യേകം നൽകേണ്ടതാണ്.

എഡിറ്റർ ഇൻ-ചാർജ്
ജീവനും വെളിച്ചവും

## ചട്ടക്കൂടുകൾക്കുള്ളിൽ ബിസിസിയെ തളച്ചിടരുത്

ബിസിസികളുടെ ചരിത്രവും സമകാലീന സാഹചര്യവും വരുംകാലത്തിൽ ഉൾക്കൊള്ളേണ്ട മാറ്റങ്ങളും സമീപനങ്ങളും വ്യക്തമാക്കിയ ലേഖനങ്ങളാൽ ജ്വലിക്കുന്നതായിരുന്നു മേയ് ലക്കം ജീവനും വെളിച്ചവും മാസിക. രണ്ടോ മൂന്നോ പേർ കർത്താവിന്റെ നാമത്തിൽ ഒരുമിച്ചുകൂടുന്നിടത്ത് ദൈവിക സാന്നിധ്യം ഉണ്ടാകുമല്ലോ. പരസ്പരം അറിയുക, മനസ്സിലാക്കുക, പ്രാർത്ഥിക്കുക, സഭയോട് ചേർന്നുനിൽക്കുക, അർഹതപ്പെട്ടവരെ സഹായിക്കുക, വേദനയിൽ പങ്കുചേരുക ഇതൊക്കെപ്പോരെ ബിസിസികൾക്ക്, സഭയെ വിശുദ്ധീകരിക്കാൻ. പരിശുദ്ധാത്മാവും നയിക്കാൻ പിതാക്കന്മാരും വൈദികരും ഉള്ളപ്പോൾ ആകുലത വേണ്ട. ബിസിസികൾക്ക് സുവർണ്ണകാലമുണ്ടായിരുന്നുവെന്നത് ശരി. ഏതൊരു വളർച്ചയ്ക്കും പരിധിയും പരിമിതിയുമുണ്ട്. വളർച്ചയുടേതല്ലാത്ത കാലം പുതിയ ആത്മീയ ഉൾക്കരുത്തിനും ഒരുക്കത്തിനുമുള്ള കാലമാണെന്നും ഓർക്കുക. കുറേ നിയമങ്ങളുടെയും നിയന്ത്രണങ്ങളുടെയും ചട്ടക്കൂടുകളുടെയും നൂലാമാലകളിൽ ബിസിസികളെ തളച്ചിടരുത്. ബിസിസികളെക്കുറിച്ച് അതിരുകടന്ന സ്വപ്നങ്ങളും അത്യുന്നതമായ സങ്കൽപങ്ങളും അനന്തമായ കാഴ്ചപ്പാടും വേണ്ട.

- തോന്നയ്ക്കൽ ജെറാൾഡ്

## വർത്തമാനം ഗംഭീരം

മൂന്നാറിലെ ഭൂമി കൈയേറ്റത്തെക്കുറിച്ചുള്ള അഗസ്റ്റിൻ കണ്ണിപ്പിള്ളിയുടെ വർത്തമാനം ഗംഭീരമായി. മൂന്നാർ ഉൾപ്പെടെ കേരളത്തിലങ്ങോളമിങ്ങോളമുള്ള കൈയേറ്റ മാമാങ്കങ്ങൾ ഇന്നോ ഇന്നലെയോ തുടങ്ങിയതല്ല. സർക്കാർ ഭൂമി, ഉദ്യോഗസ്ഥരുടെ മൗനാനുവാദത്തോടെ രാഷ്ട്രീയക്കാരുടെ ഒത്താശയോടെ പണമെറിഞ്ഞ് കൈയേറ്റക്കാർ സ്വന്തമാക്കുന്ന പൊറാട്ട് നാടകം ഇനിയും തുടർന്നുകൊണ്ടേയിരിക്കും. നട്ടെല്ലുള്ള ഉദ്യോഗസ്ഥരുണ്ടെങ്കിൽ ആറ് മാസത്തിനകം കേരളത്തിലെ എല്ലാ അനധികൃത കൈയ്യേറ്റങ്ങളെയും ഭസ്മമാക്കാൻ കഴിയും. കുടിയേറ്റ കർഷകർ വിശ്വാസ പ്രതീകമായി അങ്ങിങ്ങ് കുരിശ് നാട്ടിയെങ്കിൽ ഇപ്പോൾ നാടെങ്ങും മലകൾതോറും വൻകുരിശ് കൃഷിയാണ്. മൂന്നാറിൽ 3 'R' കളാണ് നിലവിലുള്ളത്. റിസോർട്ട്, രാഷ്ട്രീയം, രൂപ!

- വിയാനാ ജെറാൾഡ്

## കാഴ്ചപ്പാട് ശരിയായില്ല

ചണ്ഡിഗഢ് സ്വദേശി ഹർമൻ സിംഗ് സിദ്ധു നടത്തിയ പോരാട്ടകഥയുടെ 'നേർക്കാഴ്ച'യാണ് ഈ കത്തിനാധാരം. സുപ്രീം കോടതിയുടെ ഈ വിധികൊണ്ട് ആർക്കെങ്കിലും എന്തെങ്കിലും പ്രയോജനമുണ്ടോയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. കാരണം, മദ്യപന്മാർ എന്തുവിലനൽകിയും മദ്യപിക്കും. മദ്യത്തിനായി മണിക്കൂറുകളോളം ക്യൂനിൽക്കുന്ന മദ്യപന്മാർക്ക് 500 മീറ്റർ കൂടുതൽ യാത്രചെയ്തതുകൊണ്ട് പ്രത്യേകിച്ച് ബുദ്ധിമുണ്ടാകുമെന്ന് തോന്നുന്നില്ല. എന്നാൽ ഈ വിധികൊണ്ട് ഇപ്പോൾ ബുദ്ധിമുട്ടുണ്ടായിരിക്കുന്നത് സ്വന്തം വീട്ടിൽ സ്വസ്ഥമായി ജീവിതം നയിച്ചുകൊണ്ടിരുന്നവർക്കാണ്. സംസ്ഥാന-ദേശീയ പാതകളിൽ നിന്നും മാറ്റിസ്ഥാപിച്ച മദ്യ ഔട്ട്ലെറ്റുകൾ പലരുടെയും വീട്ടുപടിക്കലാണ് സ്ഥാപിക്കുന്നതും സ്ഥാപിച്ചുകൊണ്ടിരിക്കുന്നതും. ഇത് പലയിടത്തും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത് 'നേർക്കാഴ്ച' കാണാതെപോയി. മദ്യവില്പനശാലകൾ അഞ്ഞൂറുമീറ്റർ മാറ്റിസ്ഥാപിക്കുകയല്ല വേണ്ടത്, അടച്ചുപൂട്ടുകയാണ്. മദ്യലഭ്യത ഇല്ലാതാക്കുകയാണ് ചെയ്യേണ്ടത്. ഇങ്ങനെ നോക്കുമ്പോൾ മദ്യപിച്ച് ഉല്ലാസയാത്ര നടത്തി അപകടം ക്ഷണിച്ചുവരുത്തിയ ഹർമൻസിംഗ് സിദ്ധുവിന്റെ മദ്യവിരുദ്ധ പോരാട്ടം സമ്പൂർണപരാജയമെന്നല്ലേ പറയേണ്ടു. കാലികമായ നിരവധി പ്രശ്നങ്ങൾ ഉയർത്തിക്കൊണ്ടുവരേണ്ട നേർക്കാഴ്ച ഇത്തരം വ്യക്തികൾക്കുവേണ്ടി അധഃപതിക്കുന്നത് ദുഃഖകരമാണ്.

- മാർട്ടിൻ, കരകുളം

# താളുകളിൽ

## ലേഖനം

6 ലത്തീൻ സമുദായം: സാമൂഹിക സാമ്പത്തിക അവസ്ഥയും വിദ്യാഭ്യാസത്തിന്റെ പ്രസക്തിയും
ഡോ. മാർട്ടിൻ പാട്രിക്

10 വിദ്യാഭ്യാസ പ്രക്രിയയുടെ പ്രതിഫലനം
പ്രൊഫ. ഡോ. കെവിൻ

12 സഭയുടെ വിദ്യാഭ്യാസ കാഴ്ചപ്പാട്: ഇടവക പശ്ചാത്തലത്തിൽ
ഫാ. ശാന്തപ്പൻ.എം & ശ്രീ. സ്റ്റീഫൻ കുലാസ്

15 നവദർശൻ: ചിന്തയും പ്രവർത്തനവും

16 പൊതുവിദ്യാലയങ്ങൾ വിദ്യാർത്ഥികളുടെ മികവിന്
ഫാ. ശാന്തപ്പൻ.എം

20 അവിസ്മരണീയമീ വിദ്യാഭ്യാസകാലം

## സ്ഥിരം പംക്തികൾ

22 വർത്തമാനം
അഗസ്റ്റിൻ കണിപ്പിള്ളി

26 കഥ

28 വാർത്തകൾ

32 നീർച്ചാലുകൾ

38 വചനജ്വാല

40 ഇളംതൂവൽ

42 നേർക്കാഴ്ച
ജെ.സി.

ലേഖനം

ഡോ. മാർട്ടിൻ പാട്രിക്



# ലത്തീൻ സമുദായം

## സാമൂഹിക സാമ്പത്തിക അവസ്ഥ
## വിദ്യാഭ്യാസത്തിന്റെ പ്രസക്തിയും

യും

**ലത്തീൻ സമുദായം ഒരുകാലത്ത് സാമ്പത്തികമായും സാമൂഹികമായും മുന്നിൽനിന്നവരാണ്. പോർച്ചുഗീസുകാരുടെ കാലഘട്ടത്തിലാണ് ലത്തീൻ സമുദായം അതിന്റെ സുവർണശോഭയിൽ വിരാജിച്ചത്. എന്നാൽ ഡച്ചുകാരുടെ വരവോടെ കാര്യങ്ങൾ തകിടംമറിഞ്ഞു. ഇവരുടെ ഭരണത്തിൻകീഴിൽ ലത്തീൻകാർ പീഡിപ്പിക്കപ്പെട്ടു. കൊച്ചിയിൽ ശക്തൻ തമ്പുരാന്റെയും തിരുവിതാംകൂറിൽ ദളവയുടെയും കാലത്ത് ലത്തീൻകാർ നിഷ്ഠൂരമായി പീഡിപ്പിക്കപ്പെട്ടതായി ചരിത്രം രേഖപ്പെടുത്തുന്നു.**

ഒരു സമൂഹം പുരോഗതി പ്രാപിക്കണമെങ്കിൽ കുറുക്കുവഴികളില്ല; സമഗ്രതയിലൂന്നിയ വികസന തന്ത്രത്തിന്റെ പിൻബലത്തിൽ മാത്രമേ ഇത് കൈവരിക്കാനാകൂ. സാമൂഹിക സ്ഥാപനങ്ങൾ പടുത്തുയർത്തുക, സാമ്പത്തിക പ്രക്രിയകൾക്ക് ആക്കം കൂട്ടുക, എല്ലാവർക്കും വിദ്യാഭ്യാസം നൽകുക, സാങ്കേതിക ജ്ഞാനം മെച്ചപ്പെടുത്തുക, സാംസ്കാരിക സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നിവ വികസനതന്ത്രത്തിലെ ചേരുവകളാണ്. ഇതിൽ വിദ്യാഭ്യാസം പരമപ്രധാനമായ സ്ഥാനം വഹിക്കുന്നു. സാർവത്രികവും മെച്ചപ്പെട്ടതുമായ വിദ്യാഭ്യാസം ഉയർന്ന സാമ്പത്തിക വളർച്ചയ്ക്ക് ഹേതുവാകുന്നു. തൽഫലമായി മെച്ചപ്പെട്ട സാമൂഹിക- സാംസ്കാരിക അവസ്ഥ കൈവരിക്കാനും ആകുന്നു.

മണലിൽ ഭവനം നിർമ്മിക്കുന്നതുപോലെയാണ് (വേണ്ടത്ര അടിസ്ഥാനമില്ലാതെ) വിദ്യാഭ്യാസം അവഗണിച്ചുകൊണ്ടുള്ള വികസനം. വിദ്യാഭ്യാസത്തിനുമേൽ വികസനം പടുത്തുയർത്തുന്നത് പാറമേൽ ഭവനം പണിയുന്നതുപോലെയാണ്. ഒരു കൊടുങ്കാറ്റിലും അത് ആടിയുലഞ്ഞുനശിക്കുകയില്ല; ഏത് പ്രതികൂലസാഹചര്യങ്ങളെയും അത് അതിജീവിക്കും. വിദ്യാഭ്യാസമാണ് സാമൂഹിക സാമ്പത്തിക വികസനത്തിന്റെ ചാലകശക്തിയെന്ന് ലോകചരിത്രം മനസ്സിലാക്കുന്ന ആർക്കും ബോധ്യമാകുന്ന കാര്യമാണ്. ലത്തീൻ കത്തോലിക്ക സമുദായം കൈവരിച്ച പുരോഗതിയുടെ അടിസ്ഥാനം വിദ്യാഭ്യാസമാണെന്ന് നിസംശയം പറയാൻ കഴിയും. ഏറ്റക്കുറച്ചിലുകളോടെയുള്ള സമുദായ പുരോഗതിയിൽ പ്രാദേശികവ്യത്യാസങ്ങൾ കണക്കിലെടുത്താലും വിദ്യാഭ്യാസത്തിന്റെ പങ്ക് വളരെ വലുതാണ്. ഇക്കാര്യത്തിൽ സഭാനേതൃത്വത്തിന്റെ സംഭാവനയും ഗണ്യമാണെന്ന് കാണാൻ കഴിയും.

## സാമൂഹിക-സാമ്പത്തിക അവസ്ഥ: ഇന്നലെയും ഇന്നും

പല വിഭാഗങ്ങൾ കൂടിച്ചേർന്ന ലത്തീൻ സമുദായം ഒരുകാലത്ത് സാമ്പത്തികമായും സാമൂഹികമായും മുന്നിൽനിന്നവരാണ്. പോർച്ചുഗീസുകാരുടെ കാലഘട്ടത്തിലാണ് ലത്തീൻ സമുദായം അതിന്റെ സുവർണശോഭയിൽ വിരാജിച്ചത്. എന്നാൽ ഡച്ചുകാരുടെ വരവോടെ കാര്യങ്ങൾ തകിടംമറിഞ്ഞു. ഇവരുടെ ഭരണത്തിൻകീഴിൽ ലത്തീൻകാർ പീഡിപ്പിക്കപ്പെട്ടു. കൊച്ചിയിൽ ശക്തൻ തമ്പുരാന്റെയും തിരുവിതാംകൂറിൽ ദളവയുടെയും കാലത്ത് ലത്തീൻകാർ നിഷ്ഠൂരമായി പീഡിപ്പിക്കപ്പെട്ടതായി ചരിത്രം രേഖപ്പെടുത്തുന്നു. ഫലമോ സമുദായം അനുഭവിച്ചിരുന്ന സാമൂഹിക-സാമ്പത്തിക ഉന്നതി കൈമോശം വന്നു. സഭാ നേതൃത്വത്തിന്റെ ഇടപെടലും മിഷണറിമാരുടെ പ്രവർത്തനം കൊണ്ടും ചില മാറ്റങ്ങൾ സൃഷ്ടിക്കാനായെങ്കിലും പൂർവ്വസ്ഥിതി പ്രാപിക്കാനായില്ല. കൊട്ടിഘോഷിക്കപ്പെടുന്ന പിന്നോക്കാവസ്ഥ കാലക്രമത്തിൽ സമുദായത്തിന്റെ കൈമുതലായി.

പിന്നോക്കാവസ്ഥ ലത്തീൻ സമുദായത്തിന്റെ പരിച്ഛേദമാണോ എന്ന സംശയം ചില കോണുകളിൽ നിന്ന് ഉയരാറുണ്ട്. മറ്റ് സമുദായങ്ങളിലേതുപോലെ സാമ്പത്തികമായും സാമൂഹികമായും മുന്നാക്കം നിൽക്കുന്ന ജനവിഭാഗത്തെ ഇവിടെയും കാണാം. ബിസിനസ്സുകാർ, സർക്കാർ ഉദ്യോഗസ്ഥർ, ഗൾഫ് നിവാസികൾ, വൻകിട സ്വകാര്യസ്ഥാപനങ്ങളിലെ ജീവനക്കാർ തുടങ്ങിയവരാണ് സമുദായത്തിലെ ഉന്നത ശ്രേണിയിലുള്ളവർ. എന്നാൽ ഇവർ സമുദായത്തിലെ കേവലം ന്യൂനപക്ഷമാണെന്നുള്ള കാര്യം വിസ്മരിച്ചുകൂടാ. ആശാരിമാർ, കൽപ്പണിക്കാർ, വാർക്കപണിക്കാർ, മീൻപിടുത്തക്കാർ, കൂലിവേലക്കാർ തുടങ്ങിയ ബഹുഭൂരിപക്ഷമാണ് സമുദായത്തിന്റെ ആണിക്കല്ല്. എല്ലാ വിഭാഗത്തിൽപ്പെട്ട ലത്തീൻ കത്തോലിക്കരിലും ഇവരിൽ ഏതെങ്കിലും ഒരു കൂട്ടരുടെ സാന്നിധ്യം കാണാം. പരമ്പരാഗതമായി, തൊഴിൽ ശ്രേണിയിലെ താഴെ തട്ടിലുള്ള തൊഴിലുകളാണിവ. പോരെങ്കിൽ ഏറ്റവും ദുരിതം അനുഭവിക്കുന്ന ദളിത് ക്രൈസ്തവരും തീരദേശവാസികളും സമുദായത്തിന്റെ ശക്തികേന്ദ്രങ്ങളാണ്. ഈ അവസ്ഥയെക്കുറിച്ചുള്ള തിരിച്ചറിവാണ് സർക്കാർ-രാഷ്ട്രീയ സംവിധാനങ്ങൾ ലത്തീൻ സമുദായത്തെ പിന്നോക്കവിഭാഗമായി അംഗീകരിക്കാൻ നിർബന്ധിതരായത്.

## അനിവാര്യത: ദീർഘകാല, ഹ്രസ്വകാല നടപടിക്രമങ്ങളുടെ സമ്മിശ്രണം

സമുദായത്തിന്റെ ഇന്നത്തെ സമൂഹിക അവസ്ഥ മെച്ചപ്പെടുത്തണമെങ്കിൽ നിർധനർക്ക് നല്ല വിദ്യാഭ്യാസം നൽകി ഉന്നതശ്രേണിയിലുള്ള തൊഴിലിൽ എത്തിക്കുകയാണ് വേണ്ടത്. അതിനോടൊപ്പം, വിദ്യാഭ്യാസം തൊഴിലിനുവേണ്ടി മാത്രം ഉള്ളതല്ലെന്ന് ഓർമ്മപ്പെടുത്തുകയും വേണം. അതായത് നല്ല സംരംഭകരെ സൃഷ്ടിക്കാൻ വിദ്യാഭ്യാസത്തിന് കഴിയണം. സമുദായത്തെ സംബന്ധിച്ചിടത്തോളം നല്ല സംരംഭകരുടെ സാന്നിധ്യം വളരെ കുറവാ

ണ്. എറണാകുളം നഗരകേന്ദ്രീകൃതമായി കുറച്ചുവ്യാപാരികളും വ്യവസായികളും ലത്തീൻകാർക്കിടയിൽ ഉണ്ടെന്നുള്ളത് കുറച്ചുകാണുന്നില്ല. എന്നാൽ മത്സ്യസമ്പത്തിനെപ്പോലും ചൂഷണം ചെയ്ത് സംരംഭങ്ങൾ സൃഷ്ടിക്കപ്പെടാനുള്ള സാധ്യത പൂർണമായും ഉപയോഗപ്പെടുത്തിയിട്ടില്ല. ഇതിനാവശ്യമായ കർമ്മപരിപാടികൾക്ക് രൂപം കൊടുക്കണം. എന്നാൽ മാത്രമേ നമ്മുടെ സാമൂഹിക-സാമ്പത്തിക സാഹചര്യം മെച്ചപ്പെടൂ. ഇതുവരെ സൂചിപ്പിച്ചവയെല്ലാം ദീർഘകാല പരിപാടികളാണ്. അടിയന്തിരമായി ഹ്രസ്വകാല നടപടികൾക്കും പ്രാധാന്യം നൽകേണ്ടതുണ്ട്. ഉള്ള വരുമാനത്തിനനുസരിച്ച് ചെലവുകൾ ക്രമീകരിച്ച് ജീവിതം ചിട്ടപ്പെടുത്തുന്നതിന് ശാസ്ത്രീയമായ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കണം.

സാമ്പത്തികകാര്യ മാനേജ്മെന്റിലെ താളപ്പിഴകളാണ് ഇവിടെ സൂചിപ്പിക്കുന്നത്. വരുമാനം ആർജ്ജിക്കുന്നതിൽ നാം വളരെ മുൻപിലല്ല എന്ന വാദത്തിന് പ്രത്യക്ഷത്തിൽ പ്രസക്തിയുണ്ട്. എന്നാൽ ഇത് ശാസ്ത്രീയമായി തെളിയിക്കുക അത്ര എളുപ്പമല്ല. സമുദായത്തിന്റെ മൊത്തവരുമാനത്തെയോ ആളോഹരി വരുമാനത്തെയോ സംബന്ധിച്ച് വിവരങ്ങൾ നമ്മുടെ പക്കലില്ല; എവിടെയുമില്ല. നിർമ്മാണ മേഖലയിൽ പണിയെടുക്കുന്നവർ, കൂലിപ്പണിക്കാർ എന്നിവരുടെ വരുമാനം അത്ര കുറവാണെന്ന് പറയാൻ കഴിയില്ല. ശരാശരി ദിവസവരുമാനം 700 രൂപയായി കണക്കാക്കിയാലും മാസത്തിൽ 24 ദിവസം പണിയെടുക്കുന്ന ഒരാൾക്ക് 16,800 രൂപ ലഭിക്കും. അൺഎയ്ഡഡ് സ്കൂൾ അധ്യാപകർ, നേഴ്സുമാർ, സെയിൽസ് ഗേൾസ് എന്നിവരുടെ മാസവരുമാനം 10,000 രൂപയ്ക്കുതാഴെയാണ്. എന്നാൽ മീൻപിടുത്തക്കാരുടെ സ്ഥിതി അതല്ല. അവരുടെ വരുമാനം സുസ്ഥിരമല്ല. മഴക്കാലത്ത് മിക്ക ദിവസങ്ങളിലും അവരുടെ വരുമാനം പൂജ്യം ആകുന്നു. എന്നിരുന്നാലും വിദ്യാഭ്യാസത്തിലും ബോധവൽക്കരണത്തിലും ഊന്നിയ സാമ്പത്തിക മാനേജ്മെന്റിലൂടെ ഇക്കൂട്ടരുടെ സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്താം.

സമുദായാംഗങ്ങളുടെ ദുർവ്യയം പേരുകേട്ടതാണല്ലോ. ജ്ഞാനസ്നാനം, ആദ്യകുർബാന, വിവാഹം, പെരുന്നാൾ തുടങ്ങിയവ കഴിവിനപ്പുറം ചെലവാക്കി നാം ആഘോഷിക്കുന്നു. മദ്യപാനം ജീവിതരീതിയുടെ അവിഭാജ്യഘടകമായിരിക്കുന്നു. മരണാനന്തര ചടങ്ങുകൾ വിവാഹം പോലെയായി. ആറാം മാസത്തെ കുർബാനയും, ജന്മദിന ആഘോഷങ്ങളും സമുദായ അംഗങ്ങളുടെ ആവശ്യങ്ങളുടെ പട്ടികയിൽ ചേർക്കപ്പെട്ടിരിക്കുന്നു. ഇതെല്ലാം സാധാരണ സമുദായ അംഗങ്ങളുടെ കുടുംബബജറ്റിനെ തകിടം മറിക്കുന്നു. കുടുംബമൂല്യത്തെ മുറുകെപിടിച്ചുകൊണ്ട് സാമ്പത്തിക മാനേജ്മെന്റിന് പ്രാധാന്യം നൽകുന്ന ബോധവൽക്കരണ വിദ്യാഭ്യാസ തന്ത്രമാണ് ഇതിനുള്ള ഹ്രസ്വകാല പോംവഴി. ബോധവൽക്കരണം ഒരു തുടർ പരിപാടിയായിരിക്കണം. കുടുംബ ബജറ്റ് എക്കാലത്തേക്കുമായി ആ സമുദായം ഉയർത്തിപ്പിടിക്കേണ്ട പരിശീലന വിദ്യാഭ്യാസതന്ത്രമായിരിക്കണം. കുടുംബബജറ്റിന് മാത്രം പ്രാധാന്യം നൽകിയാൽ നമ്മുടെ കുടുംബങ്ങളുടെ മാസചെലവിൽ ഇരുപതുമുതൽ നാല്പതുശതമാനം വരെ ലാഭിക്കാൻ കഴിയും. അനുകരണ ഭ്രമം അന്ധമായി പിൻതുടരുന്ന ഒരു സമൂഹത്തെ വരവുചെലവുകളെക്കുറിച്ചുള്ള കണക്ക് എഴുതിച്ചുതന്നെ പോരായ്മകൾ ബോധ്യപ്പെടുത്തണം. നിശ്ചയദാർഢ്യത്തോടും ദിശാബോധത്തോടുമുള്ള ഇത്തരം ദീർഘകാല-ഹ്രസ്വകാല പരിപാടികൾ കൊണ്ടുമാത്രമേ പാവപ്പെട്ട സമുദായ അംഗങ്ങളെ കടക്കെണിയിൽ നിന്ന് രക്ഷപ്പെടുത്താനും, സാമൂഹിക സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്താനും കഴിയും.

## ഇന്നത്തെ വെല്ലുവിളികൾ

നിലവിലുള്ള വ്യവസ്ഥിതിയും, പുത്തൻ സാമ്പത്തിക നയങ്ങളും സൃഷ്ടിക്കുന്ന വെല്ലുവിളികളാണ് ഇതിൽ ആദ്യത്തേത്. ആധുനിക സാമ്പത്തിക നയങ്ങളുടെ ഫലമായി വികസനത്തിന്റെ മുഖ്യധാരയിൽ നിന്ന് ധാരാളം പേർ പുറംതള്ളപ്പെടുന്നു. അവിദഗ്ധതൊഴിലാളികൾ, മീൻപിടുത്തക്കാർ, കുറഞ്ഞവേതനം കൈപ്പറ്റുന്ന സ്ത്രീ തൊഴിലാളികൾ തുടങ്ങിയ അസംഘടിതവിഭാഗമാണ് പാർശ്വവൽക്കരിക്കപ്പെടുന്ന സമൂഹം. വികസനത്തിന്റെ ബലിയാടുകളാകുന്ന ഈ കൂട്ടരെ അവഗണിച്ച് സമുദായത്തിന് മുന്നോട്ടുപോകാൻ കഴിയില്ല.

**സമുദായത്തിന്റെ സാമൂഹിക-സാമ്പത്തികമുന്നേറ്റത്തിന് അടിയന്തിരമായ കാര്യം 'ഡാറ്റാബാങ്ക്' സൃഷ്ടിക്കുക എന്നതാണ്. അംഗങ്ങളുടെ ഇന്നത്തെ സാമൂഹിക സാമ്പത്തിക അവസ്ഥയെക്കുറിച്ചുള്ള ചിത്രം ഇതിലൂടെ ലഭിക്കണം. ഇടവക തലത്തിൽ ഇത്തരം വിവരങ്ങൾ എളുപ്പത്തിൽ ശേഖരിക്കാൻ ക**



പുരോഗതിയുടെ ശംഖുനാദം മുഴങ്ങിക്കേൾക്കണമെങ്കിൽ ആധുനിക സാമ്പത്തിക നയങ്ങളിൽ ഒളിഞ്ഞുകിടക്കുന്ന ചതിക്കുഴികളിൽ വീഴാതിരിക്കാനുള്ള കരുതലുണ്ടാവണം. സമുദായം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയും ഇതു തന്നെയാണ്. അതുപോലെ സമുദായ തലത്തിലും അറിഞ്ഞോ, അറിയാതെയോ അവിടെ നടക്കുന്ന സാമ്പത്തിക-വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ നിന്ന് പുറംതള്ളപ്പെടുന്നവരുടെ പ്രശ്നമാണ് മറ്റൊരു വെല്ലുവിളി. സാമൂഹിക-വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനം ആശിക്കുന്ന രീതിയിൽ നടക്കുന്നുണ്ടോ എന്ന് വിലയിരുത്തൽ ഈ സാഹചര്യത്തിൽ അനിവാര്യമാണ്. സമുദായത്തിന്റെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കടന്നുവന്നിട്ടുള്ള

**ഴിയും. രൂപതാതലത്തിലും സംസ്ഥാന തലത്തിലും ഇടവകയുടെ ക്രോഡീകരണം മതിയാകും. കെആർഎൽസിസിയുടെ സംസ്ഥാനതലത്തിലുള്ള റിസോഴ്സ് ടീമിന് (അങ്ങനെ ഒന്ന് ഉണ്ടെങ്കിൽ) ശരിയായ ദിശാബോധം നൽകിയാൽ ഒരുവർഷം കൊണ്ട് വിവരശേഖരം നടത്തി ക്രോഡീകരിക്കാൻ കഴിയും.**



(ദു)ശീലങ്ങൾ ദരിദ്രരെ വിദ്യാഭ്യാസ രംഗത്തുനിന്നും, പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസരംഗത്തുനിന്നും പുറംതള്ളുന്നു. അനേകം കോളേജുകളും, സ്കൂളുകളുമുള്ള സഭയ്ക്ക്, സാധ്യമായ വിദ്യാഭ്യാസം (സാർവത്രികവും മെച്ചപ്പെട്ടതും) സമുദായ അംഗങ്ങൾക്ക് നൽകാൻ കഴിഞ്ഞിട്ടുണ്ടോയെന്ന വിചിന്തനം ഒഴിച്ചുകൂടാൻ വയ്യാത്തതാകുന്നു. "ദരിദ്രരോടുള്ളപക്ഷം ചേരൽ പ്രഥമമായി ദൈവശാസ്ത്രപരമായ കാര്യമാണെന്നുള്ള" ഫ്രാൻസിസ് പാപ്പയുടെ വാക്കുകളെ ഇത്തരുണത്തിൽ ചേർത്തുവായിക്കേണ്ടതാണ്.

വിദ്യാഭ്യാസരംഗത്ത് ഇന്ന് നാം നേരിടുന്ന ചില വെല്ലുവിളികളും സാമൂഹിക സാമ്പത്തിക വികസനത്തിന് വിലങ്ങുതടിയാകുന്നു. സമുദായ ഉന്നമനത്തിന് ഇവയും പരിഹരിക്കേണ്ടതുണ്ട്. രണ്ടായിരത്തിലധികം കോഴ്സുകളുള്ള ഉന്നത വിദ്യാഭ്യാസ രംഗത്തെ നമ്മുടെ അഭിരുചി എൻജിനീയറിംഗിലും മെഡിസിനിലും ഒതുങ്ങുന്നുവെന്നത് കാഴ്ചപ്പാടിലെ വൈകല്യത്തെയാണ് വെളിപ്പെടുത്തുന്നത്. ഫിഷറീസ് ഡിപ്പാർട്ടുമെന്റ്, മത്സ്യഫെഡ്, സിഎംഎഫ്ആർഐഎഫ്, സിഐഎഫ്റ്റി എന്നിവിടങ്ങളിൽ എത്രപേർ സയന്റിസ്റ്റ് പോലുള്ള തസ്തികകളിൽ അവരോധിക്കപ്പെടുന്നു. കേന്ദ്ര സ്ഥാപനങ്ങളായ എൻപിഒഎൽ (നേവൽ ഫിസിക്കൽ ഓഷ്യാനോഗ്രാഫിക് ലബോറട്ടറി തുടങ്ങിയ സ്ഥാപനങ്ങളിൽ ഊർജ്ജതന്ത്രം പഠിച്ച നമ്മളിലെ എത്രപേർ ശാസ്ത്രജ്ഞന്മാരായി എത്തുന്നു? അനന്തസാധ്യതകളുടെ വിദ്യാഭ്യാസ ചക്രവാളത്തിലാണ് നാം ജീവിക്കുന്നത്. ശരിയായ ബോധവൽക്കരണത്തിലൂടെ കുട്ടികൾക്കും മാതാപിതാക്കൾക്കും ഭാവിയെക്കുറിച്ചുള്ള ദിശാബോധം നൽകണം. തൽഫലമായി വ്യത്യസ്ത കോഴ്സുകളിലേക്ക് അഭിരുചിക്കനുസരിച്ച് കുട്ടികളെ തിരിച്ചുവിടാൻ കഴിയും. അങ്ങനെ വന്നാൽ ഓരോരുത്തരും അവർക്കിണങ്ങുന്ന സാഹചര്യങ്ങളിൽ എത്തിച്ചേരും. ഇതവരുടെ സാമ്പത്തികസ്ഥിതിയെ മാറ്റിമറിക്കും. സാമൂഹിക അവസ്ഥയെ മെച്ചപ്പെടുത്തും.

സാംസ്കാരിക രംഗത്തും ചെറിയ ചില ഇടപെടലോടെ വലിയമാറ്റം സൃഷ്ടിക്കാൻ കഴിയും. ലത്തീൻ സമുദായത്തിന് മാത്രം അവകാശപ്പെടാൻ കഴിയുന്ന ചവിട്ടുനാടകം, വാസ്തുശില്പകല തുടങ്ങിയവ നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള നടപടികൾ കൂടി ചിന്തിക്കണം. നല്ല കലാകാരന്മാരുടെ ഈറ്റില്ലമായ ലത്തീൻ സമുദായം പൂർണ കഴിവുകളെ മുഖ്യധാരയിൽ ഉപയോഗപ്പെടുത്തിയിട്ടില്ല എന്നതും വീണ്ടുവിചാരത്തിന് വിധേയമാക്കണം.

## നാളേയ്ക്കുവേണ്ടി

സമുദായത്തിന്റെ സാമൂഹിക-സാമ്പത്തികമുന്നേറ്റത്തിന് അടിയന്തിരമായ കാര്യം 'ഡാറ്റാബാങ്ക്' സൃഷ്ടിക്കുക എന്നതാണ്. അംഗങ്ങളുടെ ഇന്നത്തെ സാമൂഹിക സാമ്പത്തിക അവസ്ഥയെക്കുറിച്ചുള്ള ചിത്രം ഇതിലൂടെ ലഭിക്കണം. ഇടവക തലത്തിൽ ഇത്തരം വിവരങ്ങൾ എളുപ്പത്തിൽ ശേഖരിക്കാൻ കഴിയും. രൂപതാതലത്തിലും സംസ്ഥാന തലത്തിലും ഇടവകയുടെ ക്രോഡീകരണം മതിയാകും. കെആർഎൽസിസിയുടെ സംസ്ഥാനതലത്തിലുള്ള റിസോഴ്സ് ടീമിന് (അങ്ങനെ ഒന്ന് ഉണ്ടെങ്കിൽ) ശരിയായ ദിശാബോധം നൽകിയാൽ ഒരുവർഷം കൊണ്ട് വിവരശേഖരം നടത്തി ക്രോഡീകരിക്കാൻ കഴിയും.

സമുദായത്തിന്റെ സാമൂഹിക സാമ്പത്തിക അവസ്ഥ മെച്ചപ്പെടുത്തുന്നതിന് വിദ്യാഭ്യാസത്തിലൂന്നിയ നടപടികൾക്ക് പ്രാധാന്യം നൽകണമെന്ന് ഇതിനകം വ്യക്തമാക്കപ്പെട്ടല്ലോ. ഇതിന്റെ അനുപൂരകങ്ങളായി മറ്റുചില നടപടികളും സ്വീകരിക്കണം. വരുംകാലം താഴെപ്പറയുന്ന കാര്യങ്ങളെ അവലംബിച്ച് കർമ്മപരിപാടികൾക്ക് രൂപം കൊടുത്താൽ സമുദായത്തിന്റെ സാമൂഹിക സാമ്പത്തിക അവസ്ഥ മെച്ചപ്പെടും. (ഒന്ന്) നിലവിലെ സാമൂഹിക സാമ്പത്തിക അവസ്ഥയെക്കുറിച്ചുള്ള ഡാറ്റാബാങ്ക് തയ്യാറാക്കുക (രണ്ട്) വ്യക്തിഗത ധനകാര്യ മാനേജ്മെന്റ്, കുടുംബ ബജറ്റ് ഇവയിലൂന്നിയ പ്രവർത്തനങ്ങൾക്ക് പ്രാമുഖ്യം നൽകുക. ഇതിനായി കുടുംബയൂണിറ്റുകളെ ഫലപ്രദമായി ഉപയോഗിക്കുക. (മൂന്ന്) തീരദേശ പ്രദേശങ്ങളിലെ (നവ)നിരക്ഷരത നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള കർമ്മ പരിപാടികൾക്ക് രൂപം കൊടുക്കുക (നാല്) വിദ്യാഭ്യാസ കോഴ്സുകളെക്കുറിച്ചും കുട്ടികളുടെ അഭിരുചി തിരിച്ചറിയുന്നതിനും, അനുയോജ്യമായ ബോധവൽക്കരണ ക്ലാസുകളും പ്രോഗ്രാമുകളും കുട്ടികൾക്കും, മാതാപിതാക്കൾക്കുമിടയിൽ നടപ്പിലാക്കുക. (അഞ്ച്) സമുദായത്തിന്റെ സാമൂഹിക വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ദരിദ്രരെ പുറംതള്ളാതിരിക്കാൻ ശ്രദ്ധിക്കുക. (ആറ്) സംരംഭകരെ വാർത്തെടുക്കാനുള്ള പ്രോത്സാഹന പരിപാടികൾ ആവിഷ്കരിക്കുക. (ഏഴ്) സംരംഭകരെ വാർത്തെടുക്കുന്നതാനുള്ള സർവ്വോന്മുഖ വികസനത്തിന് ഉതകുന്ന നവീന പരിപാടികൾക്ക് രൂപം കൊടുക്കുക. മേൽ വിവരിച്ച ഏഴിന പരിപാടി സമുദായ ഉന്നമനത്തിനുള്ള തുടക്കം മാത്രമാണ്. ഇവയിൽ വേണ്ട മാറ്റം വരുത്തിയും വേണ്ടത് കൂട്ടിച്ചേർത്തും കാലത്തിനനുസരിച്ച് നാം പ്രവർത്തിക്കണം. ■




ലേഖനം

# വിദ്യാഭ്യാസ പ്രക്രിയയുടെ പ്രതിഫലനം

● പ്രൊഫ. ഡോ. കെവിൻ
മുൻ പ്രോ വി.സി, കേരള സർവകലാശാല

മനുഷ്യ ജീവിതത്തിലെ ഒരു സുപ്രധാന ഘട്ടമാണ് വിദ്യാഭ്യാസം. യുക്തിബോധമുള്ള മനുഷ്യരാശിയുടെ യുക്തി പരമായ പ്രതിഭാസം കൂടിയാണ് അത്. മനുഷ്യന്റെ വികസനാത്മകവും പുരോഗമനാത്മകവുമായ മാറ്റത്തിന്റെ പ്രധാന കാരണം വിദ്യാഭ്യാസം തന്നെയാണ്. വിദ്യാഭ്യാസം എന്നത് മനസിലാക്കാൻ ദുഷ്കരവും ദുർഘടവും എന്നാൽ വൈവിധ്യ പൂർണ്ണവുമാണ്.

## എന്താണ് വിദ്യാഭ്യാസം

പല തരത്തിലുള്ള നിർവചനങ്ങൾ വിദ്യാഭ്യാസം എന്ന വാക്കിന് കൊടുക്കാം. വിൽഡ്യൂറന്റ് പറയുന്നു 'വിദ്യാഭ്യാസം എന്നത് നമ്മുടെ അജ്ഞതയെക്കുറിച്ചുള്ള തിരിച്ചറിവാണ്.' അറിവ് സമ്പാദനമാണ് വിദ്യാഭ്യാസത്തിന്റെ പരമമായ ധർമ്മം. പക്ഷെ അത് ഒരു വശം മാത്രമേ ആകുന്നുള്ളു. ശ്രീമതി. വിജയലക്ഷ്മി പണ്ഡിറ്റ് പറയുന്നത് 'വിദ്യാഭ്യാസമെന്നാൽ ജീവിത സന്ധാരണത്തിലുള്ള ഒരു മാർഗം തേടുന്നതോ ധനവും വിജ്ഞാനവും സമ്പാദിയ്ക്കുന്നതോ മാത്രമല്ല അത് ആത്മാവിന്റെ ആഴങ്ങളിലേയ്ക്കുള്ള ഒരു ഇറങ്ങിച്ചെല്ലലാണ്. അതിനെക്കാളുപരി സത്യവും നീതിയും മനസിലും ആത്മാവിലും ഉൾക്കൊള്ളാൻ വേണ്ട ഒരു പരിശീലനവുമാണ്. വിദ്യാഭ്യാസം ലക്ഷ്യമാക്കുന്നത് ഭൗതീക നേട്ടങ്ങൾ മാത്രമല്ല ആത്മീയ മുന്നേറ്റം കൂടിയാണ്. വിദ്യാഭ്യാസത്തിന്റെ മറ്റൊരു ലക്ഷ്യം തരിശായ മനസ്സിനെ ഊഷരമാക്കി മാറ്റുക എന്നതാണ്.

വിദ്യാഭ്യാസം വഴിയുള്ള മാറ്റം ഓരോ വ്യക്തിയുടെയും ശരീരത്തിലും മനസിലും ആത്മാവിലും സംഭവിക്കണം. ഇതൊരു തുടർ പ്രക്രിയയാണ് ഇതെങ്ങനെയാണ് നാം ആർജ്ജിച്ചെടുക്കുക? UNESCO International Commission ന്റെ റിപ്പോർട്ട് അനുസരിച്ച് 21-ാം നൂറ്റാണ്ടിൽ Learning means: ''The Treasure within" (Dolors Commission എന്നാണ് അറിയപ്പെട്ടിരുന്നത്.) ഇതിൽ പറയുന്നത് വിദ്യാഭ്യാസം നാലു തൂണുകളാൽ സംരക്ഷിക്കപ്പെടുന്ന ഒരു പ്രക്രിയയാണ് എന്നതാണ്. (1) അറിയുന്നതിനു വേണ്ടി (2) പ്രവർത്തിക്കുന്നതിനു വേണ്ടി (3) ജീവിക്കുന്നതിനു വേണ്ടി (4) നാം തന്നെ ആയിരിക്കുന്നതിനു വേ

> വിദ്യാഭ്യാസം എന്നത് നമ്മുടെ അജ്ഞതയെക്കുറിച്ചുള്ള തിരിച്ചറിവാണ്. അറിവ് സമ്പാദനമാണ് വിദ്യാഭ്യാസത്തിന്റെ പരമമായ ധർമ്മം.

ണ്ടി. പഠനത്തിലൂടെയുള്ള രൂപമാറ്റം നമ്മുടെ വിജ്ഞാനം, കഴിവുകൾ, മനോഭാവം, മൂല്യങ്ങൾ എന്നിവയെ വളർത്തിയെടുക്കുന്നു. ഒരു വ്യക്തിയുടെ മാറ്റം വിജ്ഞാന സമ്പാദനത്തിലൂടെയും, നമ്മുടെ കഴിവുകളുടെ മാറ്റുരയ്ക്കലിലൂടെയും, ധാർമ്മികവും സാമൂഹികവുമായ മൂല്യങ്ങൾ ഉൾക്കൊള്ളുന്നതിലൂടെയും നേടിയെടുക്കണം.

വിദ്യാഭ്യാസത്തെ സ്കൂൾ വിദ്യാഭ്യാസം, ഉന്നത വിദ്യാഭ്യാസം, തുടർ വിദ്യാഭ്യാസം എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു. സ്കൂൾ വിദ്യാഭ്യാസം എന്ന അടിസ്ഥാന ശിലയിലാണ് ഉന്നത വിദ്യാഭ്യാസം കെട്ടി ഉയർത്തിയിരിക്കുന്നത്. തുടർ വിദ്യാഭ്യാസം എന്നത് ഔപചാരികമായും അനൗപചാരികമായും ജീവിതത്തിലുടനീളം ആർജ്ജിക്കുന്ന അറിവാണ്.

## വിദ്യാഭ്യാസമെന്ന പ്രക്രിയ

വിദ്യാഭ്യാസമെന്ന പ്രക്രിയയിൽ നാനാതരത്തിലുള്ള ആൾക്കാർ ഉൾപ്പെട്ടിരിക്കുന്നു. അധ്യാപകർ, കുട്ടികൾ, മേലധികാരികൾ തുടങ്ങിയവർ. വിദ്യാഭ്യാസത്തിന്റെ വിജയവും, പരാജയവും ഈ വ്യക്തികളെ ആശ്രയിച്ചിരിക്കുന്നു. അധ്യാപനത്തിൽ ശ്രദ്ധ പതിപ്പിച്ചിരിക്കുന്ന അധ്യാപകൻ, പഠിതാവായ വിദ്യാർത്ഥി സമൂഹം, ഇവരുടെ കൂട്ടായ പരിശ്രമത്തിലൂടെ മാത്രമേ വിദ്യാഭ്യാസത്തിന്റെ യഥാർത്ഥ മൂല്യങ്ങളും ലക്ഷ്യങ്ങളും കൈവരിക്കാൻ സാധിക്കൂ. ഈ ഘടകങ്ങളെല്ലാം പരസ്പരം ഒത്തൊരുമയോടും ഐക്യത്തോടും കൂടി മുന്നേറണം. കാര്യക്ഷമമായ പഠിപ്പിക്കലിനൊപ്പം അത് വിദ്യാർത്ഥികൾ ഉൾക്കൊള്ളുക കൂടി ചെയ്താൽ മാത്രമേ വിദ്യാഭ്യാസം അതിന്റെ ലക്ഷ്യത്തിൽ എത്തുകയുള്ളൂ.

## ഡിജിറ്റൽ വിപ്ലവം

വിദ്യാഭ്യാസ രംഗം നിരന്തരമാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്നു. ലോകം മാറുന്നതനുസരിച്ച് ഈ രംഗവും മാറിക്കൊണ്ടിരിക്കുന്നു. നൂറ്റാണ്ടുകളായി മൂന്ന് തരം വിപ്ലവങ്ങൾ ലോകത്തിൽ സംഭവിച്ചിട്ടുണ്ട്. കൃഷി വിപ്ലവം, വ്യവസായിക വിപ്ലവം, ഇപ്പോൾ ICT വിപ്ലവം. 'റ്റോഫർ' ICT വിപ്ലവത്തെ മൂന്നാം തരംഗമായി വിശേഷിപ്പിച്ചിരിക്കുന്നു. ICT വിപ്ലവം ലോകത്തെത്തന്നെ മാറ്റിമറിച്ചിരിക്കുന്നു. ഇന്നത്തെ ലോകം Digital ലോകമായി മാറിക്കഴിഞ്ഞിരിക്കുന്നു. Outsourcing, offshoring, uploading തുടങ്ങി ഈ യുഗത്തിന്റെ നാനാമുഖ പ്രക്രിയകളിലൂടെ നാം കടന്നു പോകുന്നു. ഡിജിറ്റൽ ലോകത്തെ ദൂരങ്ങളോ മറ്റ് തടസ്സങ്ങളോ ഒന്നും ബാധിക്കുന്നില്ല. 2006.ൽ തോമസ് ഫ്രൈഡ്മാൻ തന്റെ The world is that എന്ന പുസ്തകത്തിൽ പറയുന്നത് ഡിജിറ്റൽ ലോകം തടസ്സരഹിത flat world എന്നാണ്. ഇ-മെയിലിന്റെ ഉപയോഗം മാത്രം മതി ഡിജിറ്റൽ യുഗത്തിന്റെ ശക്തി നമുക്ക് മനസ്സിലാക്കാൻ.

ഈ ഡിജിറ്റൽ വിപ്ലവത്തിന്റെ സ്വാധീനം വിദ്യാഭ്യാസ രംഗത്തുമുണ്ട്. ഡിജിറ്റൽ തരംഗം അതിനു മുമ്പുള്ളതിൽ നിന്ന് വലിയമാറ്റമാണ് ലോകത്തിൽ കൊണ്ടുവന്നത്. പുതിയ വഴികൾ ഉണ്ടാക്കി പുതിയ വെല്ലുവിളികൾ അഭിമുഖീകരിച്ചു. അധ്യാപനവും പഠനവും മേൽനോട്ടം വഹിക്കുന്നവരും വിദ്യാർത്ഥികളുമൊക്കെ തന്നെ ഈ പ്രക്രിയയോടു താതമ്യം പ്രാപിക്കേണ്ടതുണ്ട്.

## ഡിജിറ്റൽ ലോകത്തെ വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് ഡിജിറ്റൽ തരംഗം ആഞ്ഞടിക്കുകയാണ്. അധ്യാപനത്തിലും പഠിത്തത്തിലും മാനേജ്മെന്റ് തലത്തിലും ഡിജിറ്റലൈസേഷൻ നടപ്പിലാക്കണം. ഗവൺമെന്റും ഈ മാറ്റത്തിന് മുൻകൈ എടുക്കുന്നുണ്ട്. എന്നാൽ ഭൂരിഭാഗം അധ്യാപക സമൂഹവും ഇതിനെ എതിർക്കുന്നു. കാരണം ഭൂരിഭാഗം അധ്യാപകർക്കും ഡിജിറ്റൽ പരിജ്ഞാനമില്ലായ്മ ഒരു കാരണമാണ്. അധ്യാപകരെ കമ്പ്യൂട്ടർ ഉപയോഗിക്കുന്നതിന് സുസജ്ജരാക്കുക എന്നതാണ് ഇതിനുള്ള പ്രതിവിധി. ഇതിനായി ഇവർക്ക് തുടർച്ചയായ പരിശീലനം നൽകേണ്ടതുണ്ട്. അധ്യാപകർക്ക് പകരം വയ്ക്കാൻ സാങ്കേതിക വിദ്യയ്ക്കാവില്ല. പക്ഷേ കമ്പ്യൂട്ടർ പരിജ്ഞാനമുള്ള ഒരധ്യാപികയ്ക്ക് അതില്ലാത്ത ഒരാൾ വഴിമാറിക്കൊടുക്കണം.

തുടർച്ചയായ പഠനമാണ് വിദ്യാഭ്യാസ പ്രക്രിയയുടെ പ്രധാന ഘടകം. പ്രശസ്തനായ അമേരിക്കൻ തത്വചിന്തകൻ പറയുന്നു വിദ്യാഭ്യാസത്തിന്റെ പ്രധാന പ്രക്രിയ പഠിയ്ക്കുന്നവരെ പഠിപ്പിക്കുകയാണ് അല്ലാതെ പഠിച്ചവരെ പഠിപ്പിക്കുകയല്ല. പഠിക്കുന്നവരെ പഠിപ്പിക്കാനുള്ള താക്കോൽ അധ്യാപകരുടെ കൈയിലുണ്ടാകണം.

വിദ്യാഭ്യാസ രംഗം നേരിടുന്ന മറ്റൊരു വെല്ലുവിളി ഡിജിറ്റൽ വിദ്യാഭ്യാസം നൽകുന്നതിനാവശ്യമായ ഭൗതിക സാഹചര്യമാണ്. ഇതിന് ഗവൺമെന്റ് സജ്ജമാകണം. ഇതിനുവേണ്ടിയുള്ള സൗകര്യങ്ങൾ വിദ്യാർത്ഥികൾക്ക് ഒരുക്കിക്കൊടുക്കണം. ഒർത്ഥത്തിൽ ഇന്നത്തെ ഭരണ സംവിധാനം അതിനനുകൂലമാണുതാനും.

## ഉപസംഹാരം

മനുഷ്യ പുരോഗതിയുടെ ഒരു പ്രധാന ഘടകം വിദ്യാഭ്യാസമാണ്. വിദ്യാഭ്യാസ പ്രക്രിയയുടെ കാതലായ ലക്ഷ്യം ഒരു വ്യക്തിയെ അറിവു സമ്പാദനങ്ങളിലൂടെയും, നൈപുണി വികസനത്തിലൂടെയും, മൂല്യങ്ങളിലൂടെയും മനോഭാവത്തിലൂടെയും മാറ്റിയെടുക്കുക എന്നതാണ്. ഒരു മനുഷ്യന്റെ പ്രവർത്തനത്തിലെ ധാരാളം മേഖലയെ സ്വാധീനിക്കാൻ ഡിജിറ്റർ വിപ്ലവത്തിന് സാധിക്കും. ഡിജിറ്റൽ വിദ്യാഭ്യാസം അഭ്യസിച്ചു കഴിഞ്ഞാൽ ധാരാളം വെല്ലുവിളികളെയും നേരിടേണ്ടതായി വരും. എങ്കിലും വിദ്യാഭ്യാസരംഗത്ത് ധാരാളം അവസരങ്ങൾ പുതുതായി സൃഷ്ടിക്കാനും ആയതിനെ ഫലപ്രദമായി ഉപയോഗിക്കാനും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് കഴിയും. ■

ലേഖനം



# സഭയുടെ വിദ്യാഭ്യാസ കാഴ്ചപ്പാട് ഇടവക പശ്ചാത്തലത്തിൽ

● ഫാ. ശാന്തപ്പൻ.എം & ശ്രീ. സ്റ്റീഫൻ കുലാസ്

ഒരു കുട്ടി ആദ്യം അച്ഛന്റെ മനസിലും പിന്നെ അമ്മയുടെ ഉദരത്തിലും ജന്മമെടുക്കുന്നു എന്നാണല്ലോ ചൊല്ല്. അങ്ങനെ രൂപപ്പെടുന്ന ഒരു കുട്ടിയുടെ വിദ്യാഭ്യാസം അവൻ അമ്മയുടെ ഉദരത്തിൽ ഉരുവാകുന്നതു മുതൽ മരണം വരെ നീളുന്ന തുടർ പ്രവർത്തന പ്രക്രിയയാണ്. അമ്മയിൽ നിന്നും, ചുറ്റുമുള്ളവരിൽ നിന്നും, അവൻ ആർജ്ജിച്ചെടുക്കുന്ന അറിവിന്റെ ബഹിർസ്ഫുരണം മാത്രമാണ് ചിട്ടയായ വി



ദ്യാഭ്യാസത്തിലൂടെ സാധ്യമാകുന്നത്. ഭവനവും ചുറ്റുപാടും ശക്തമെങ്കിൽ അവന്റെ ചിന്തയും സ്വഭാവ രൂപീകരണവും ശക്തമാകുന്നു.

## ദർശനം

"നിങ്ങൾ ലോകം മുഴുവൻ പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോസ് 16 : 15) എന്ന തിരുവചനത്തെ ആസ്പദമാക്കിയാണ് സഭയുടെ വിദ്യാഭ്യാസ ദർശനം രൂപം കൊണ്ടിരിക്കുന്നത്.

മനുഷ്യവ്യക്തിയുടെ കാര്യശേഷി വികാസത്തിലൂടെ സമ്പൂർണ്ണ വ്യക്തിത്വ വളർച്ച കൈവരുത്താനും സമൂഹത്തിന് നന്മ ചെയ്യാനും ഉൽകൃഷ്ടമായ മാനുഷിക മൂല്യങ്ങൾ ഉൾക്കൊള്ളുന്ന ക്ഷേമലോകം പണിതുയർത്തുവാനും വേണ്ടി മനുഷ്യ സമൂഹത്തെ സഹായിക്കുക എന്നതാണ് കത്തോലിക്കാ വിദ്യാഭ്യാസ ദർശനം (വത്തിക്കാൻ കൗൺസിൽ രേഖ, വിദ്യാഭ്യാസം നമ്പർ: 3) മത്സരചിന്തയിൽ നിന്ന് സഹവർത്തിത്വത്തിലേക്കും അടിമത്വത്തിൽ നിന്നും സ്വാതന്ത്ര്യത്തിലേയ്ക്കും ഓരോ വ്യക്തിയേയും വളരുവാൻ സഹായിക്കുന്ന പരിശീലന പ്രക്രിയയാണ് വിദ്യാഭ്യാസം (സഭ ആധുനികലോകത്തിൽ-നമ്പർ:3). ആയതിനാൽ യേശുവിന്റെ ചൈതന്യത്തിൽ പ്രചോദിതമാകുന്ന വിദ്യാഭ്യാസം സ്വസന്താനങ്ങൾക്ക് നൽകുക എന്നതാണ് കുടുംബത്തിന്റെയും സഭയുടെയും സമൂഹത്തിന്റെയും കടമ. മൂല്യ ബോധത്തിലൂടെ സാമൂഹിക നീതി ഉറപ്പു വരുത്താൻ അർപ്പണ ബോധത്തോടെ ജീവിക്കുന്ന പൗരന്മാരെ വാർത്തെടുക്കാൻ സഹായിക്കുക എന്നതു തന്നെയാണ് സഭ വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.

## ദൗത്യം

തിരുവനന്തപുരം അതിരൂപതയിലെ മത്സ്യ- കർഷക ഇതര തൊഴിലാളി സമൂഹങ്ങൾ നൂറ്റാണ്ടുകളായി അനുഭവിച്ച് വരുന്ന സാമൂഹ്യ- വിദ്യാഭ്യാസ- തൊഴിൽ രംഗങ്ങളിലെ പിന്നാക്കാവസ്ഥ പരിഹരിച്ച് മുഖ്യധാര ജനസമൂഹമായി മാറ്റുക എന്നതാണ് അതിരൂപതാ വിദ്യാഭ്യാസ ശുശ്രൂഷ വിഭാവന ചെയ്യുന്ന ദൗത്യം.

## ലക്ഷ്യം

യേശുവിന്റെ ചൈതന്യത്തിൽ പ്രചോദിതമാകുന്ന മൂല്യാധിഷ്ഠിത വിദ്യാഭ്യാസം കുഞ്ഞുങ്ങൾക്കും കുടുംബങ്ങൾക്കും ലഭ്യമാക്കുക, കാര്യശേഷി വർദ്ധനവിലൂടെ വൈവിധ്യമാർന്ന തൊഴിലുകൾക്കായി ഉന്നത വിദ്യാഭ്യാസത്തിലേയ്ക്ക് വിദ്യാർത്ഥികളെ പ്രോൽ

സാഹിപ്പിക്കുക, ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ ലഭ്യമാകുന്ന (skill India project) ഉയർന്ന തൊഴിൽ അവസരങ്ങളും അനുഗുണമായ വിദ്യാഭ്യാസ കോഴ്സുകളും പരിശീലനങ്ങളും പരിചയപ്പെടുത്തുക, ക്രൈസ്തവ മൂല്യങ്ങളിൽ അധിഷ്ഠിതവും സാംസ്കാരിക സമ്പന്നവുമാകുന്ന നവസമൂഹ സൃഷ്ടിയ്ക്കായി കുടുംബ- ഇടവക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുക.

## സഭയുടെ വിദ്യാഭ്യാസ ദൗത്യത്തിന്റെ പ്രസക്തി ഇടവകയിൽ

സഭയുടെ വിദ്യാഭ്യാസ ദർശനവും ലക്ഷ്യവും സാക്ഷാത്കരിക്കേണ്ടത് ഓരോ ഇടവകയിലും കുടുംബത്തിലുമാണ്. ഇടവകയിലെ ഓരോ വിദ്യാർത്ഥിയുമാണ് വിലയേറിയ സമ്പത്ത് എന്ന തിരിച്ചറിവ് ഇടവക കൗൺസിലിനും ബി.സി.സി ലീഡേഴ്സിനുമുണ്ടാവണം. ഇടവക സമൂഹത്തിന്റെ സാമൂഹിക-സാമ്പത്തിക- സാംസ്കാരിക പരിവർത്തനത്തിനുള്ള അവിഭാജ്യ ഘടകം വിദ്യാഭ്യാസ പുരോഗതിയാണെന്ന അവബോധം ഇടവക സമൂഹത്തിന് എപ്പോഴും ഉണ്ടായിരിക്കണം. ഈ ഒരു കാഴ്ചപ്പാടോടുകൂടിയായിരിക്കണം ഇടവക വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് രൂപം നൽകേണ്ടത്. ഇടവകയിലെ ഓരോ വിദ്യാർത്ഥിയുടെയും വിവരങ്ങൾ ശേഖരിച്ച് അതിനനുസൃതമായ ഒരു ഹ്രസ്വ-ദീർഘകാല പദ്ധതിയും ബഡ്ജറ്റും രൂപപ്പെടുത്തണം. അർപ്പണബോധത്തോടുകൂടി ലക്ഷ്യപ്രാപ്തിക്കായുള്ള ഇത്തരം വിദ്യാഭ്യാസ പ്രക്രിയയിലൂടെ മാത്രമേ ഇടവക വികസനം സാധ്യമാകൂ.

## ലക്ഷ്യപ്രാപ്തിക്കുള്ള ചില കർമ്മ പരിപാടികൾ

മൂന്നു വയസ്സു മുതൽ ഇരുപത്തി രണ്ടു വയസ്സുവരെയുള്ള വിദ്യാർത്ഥികളുടെ വിവരം ശേഖരിക്കുക, പ്രീ-പ്രൈമറി-പ്രൈമറി-ഹൈസ്ക്കൂൾ-ഹയർസെക്കണ്ടറി-യൂണിവേഴ്സിറ്റി-പ്രൊഫഷണൽ വിദ്യാർത്ഥികൾ, കൊഴിഞ്ഞു പോകുന്ന വിദ്യാർത്ഥികൾ എന്ന ക്രമത്തിൽ ഇടവക വിദ്യാർത്ഥികളെ വിവിധ ഗ്രൂപ്പുകളായി തരംതിരിച്ച് പ്രസ്തുത ഇടവകയിലെ അദ്ധ്യാപകരുടെയും വിദ്യാഭ്യാസ ശുശ്രൂഷയുടെയും സഹായത്തോടെ ഓരോ വിഭാഗത്തിലേയും വിദ്യാർത്ഥികളുടെ നിരന്തരമായ പഠന പുരോഗതിയ്ക്ക് അനുചിതമായ വിദ്യാഭ്യാസ പദ്ധതി തയ്യാറാക്കി പ്രവർത്തനത്തിന് നേതൃത്വം നൽകേണ്ടതുണ്ട്. ഓരോ വിഭാഗത്തിലേയും വിദ്യാർത്ഥികളുടെ പഠന പുരോഗതി യഥാസമയം മനസ്സിലാക്കുവാനും, വേണ്ട പ്രോത്സാഹനം നൽകുവാനും ഇടവകയിലെ അധ്യാപകരോ വിദ്യാഭ്യാസ ശുശ്രൂഷ സമിതി അംഗങ്ങളിൽ നിന്ന് ഒരു വ്യക്തിയോ ഓരോ വിഭാഗത്തിന്റെ ഉത്തരവാദിത്വം ഏറ്റെടുത്ത് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയും യഥാസമയം പഠനപുരോഗതി ഇടവക കൗൺസിലിനെയും വിദ്യാർത്ഥികളുടെ കുടുംബങ്ങളെയും അറിയിക്കേണ്ടതുമാണ്, മത്സര പരീക്ഷകളിലേയ്ക്ക് വിദ്യാർത്ഥികളെ ഒരുക്കുന്നതിന്റെ ഭാഗമായി 8, 9, 10 എന്നീ വിഭാഗത്തിലെ കുട്ടികൾക്കായി Civil service foundation course - കൾ സംഘടിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്.

## കരിയർ കോഴ്സുകൾ / കൗൺസിലിംഗ്

10ാം ക്ലാസ്സ് (ജനറലായി) +1, +2 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ (Commerce, Computer Science, Biology Science, Humanities) ആവശ്യങ്ങളും അഭിരുചികളും മനസ്സിലാക്കി അതിനനുസൃതമായ കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിലേയ്ക്കായി ഇടവകയുടെ നേതൃത്വത്തിൽ കൗൺസലിംഗ് & ഗൈഡൻസ് നല്കേണ്ടതാണ് അതിനോടൊപ്പം കരിയർ ബ്യൂറോ വഴി കോച്ചിംഗ് ക്ലാസ്സുകൾ സംഘടിപ്പിക്കേണ്ടതാണ്. ഉന്നത കോഴ്സുകൾ പ്രൊഫഷണൽ കോഴ്സുകൾ തിരഞ്ഞെടുക്കുന്നതിന് Help desk ന്റെ സഹായം നൽകേണ്ടതാണ്.

## PSC/Bank/Civil Service, Net എന്നിവയ്ക്കുള്ള പരിശീലനം

കേന്ദ്ര / സംസ്ഥാന തല ഉദ്യോഗങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി UPSC / Bank/ Civil Service എന്നിവയിലേയ്ക്കുള്ള പരിശീലനങ്ങൾ ഇടവക / ഫൊറോന തലങ്ങളിൽ സംഘടിപ്പിക്കുക. ഇത്തരം പരിശീലനങ്ങൾ നൽകുന്നതിന് പ്രൊഫഷണൽ ഇൻ



സ്റ്റിറ്റ്യൂട്ടിന്റെ സഹായം സ്വീകരിക്കുന്നത് അഭികാമ്യമാണ്.

മെഡിക്കൽ, എഞ്ചിനീയറിംഗ് പ്രൊഫഷണൽ കോഴ്സുകളിലേയ്ക്ക്, പഠിക്കുവാൻ സമർത്ഥരും, എന്നാൽ സാമ്പത്തിക ബുദ്ധിമുട്ട് നേരിടുന്നവരുമായ, കുറഞ്ഞത് 5 വിദ്യാർത്ഥികൾക്ക് ഇടവക സാമ്പത്തിക സഹായം ഓരോ വർഷവും നല്കേണ്ടതാണ്.

# വിദ്യാഭ്യാസ സ്ഥാപനങ്ങളുംവിശ്വാസ പരിപോഷണവും

1. ഓരോ വിദ്യാർത്ഥിയിലും ക്രിസ്തുവിനെ രൂപപ്പെടുത്തുക എന്ന സഭാ പ്രബോധനത്തിന്റെ അടിസ്ഥാനത്തിൽ ഓരോ വിദ്യാലയവും പ്രവർത്തന പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

2. ഓരോ വിദ്യാർത്ഥിയിലും മൂല്യാധിഷ്ഠിതമായ വ്യക്തിത്വ രൂപീകരണം ഉറപ്പാക്കുകയും ഇതിലേയ്ക്കായി ക്രിസ്തീയ വിശ്വാസ പരിശീലന ക്ലാസ്സുകളും മൂല്യബോധന ക്ലാസ്സുകളും എല്ലാ വിദ്യാലയങ്ങളിലും ഫലപ്രദമായി നടപ്പിലാക്കുകയും വേണം

ഇതിലേയ്ക്കായി KCBC വിദ്യാഭ്യാസ സമിതി നിർദ്ദേശിക്കുന്ന ടെക്സ്റ്റ് ഉപയോഗിക്കാവുന്നതാണ്.

3. വിദ്യാർത്ഥികളുടെ നേതൃത്വപാടവം വളർത്തുന്നതിനും വ്യക്തിത്വ വികസനത്തിനും ക്രൈസ്തവ ചൈതന്യം ആർജ്ജിക്കുന്നതിനും എല്ലാ വിദ്യാലയങ്ങളിലും KCSL യൂണിറ്റുകൾ സ്ഥാപിക്കുകയും സജീവമാക്കുകയും ചെയ്യേണ്ടതാണ്.

4. വിദ്യാർത്ഥികളുടെ ആത്മീയ കാര്യങ്ങൾക്കായി പ്രാർത്ഥിക്കുവാനുള്ള സൗകര്യങ്ങൾ ഒരുക്കുകയും മാസാദ്യ വെള്ളിയാഴ്ചകളിൽ ദിവ്യബലി നടത്തേണ്ടതുമാണ്.

5. ക്രൈസ്തവ സന്ദേശങ്ങൾ, മൂല്യങ്ങൾ ഉൾക്കൊണ്ടുള്ള ചിത്രങ്ങൾ, വചനാധിഷ്ഠിത കലാരൂപങ്ങൾ തുടങ്ങിയവ വിദ്യാലയത്തിന്റെ നിശ്ചിത സ്ഥലങ്ങളിൽ സ്ഥാപിക്കുന്നത് നല്ലതാണ്.

6. ഇടവക/സന്യാസ മാനേജുമെന്റ് ഉൾപ്പെടെ അതിരൂപതയിലെ എല്ലാ അധ്യാപകർക്കും വിദ്യാർത്ഥികൾക്കുമായി വാർഷിക ധ്യാനം സംഘടിപ്പിക്കുക.

7. ഓരോ സ്കൂളിലും കുട്ടികൾക്കാവശ്യമായ കൗൺസിലിംഗ് സൗകര്യം ഒരുക്കേണ്ടതും കുട്ടികൾക്ക് എല്ലാ വിധത്തിലുമുള്ള സുരക്ഷിതത്വം ഉറപ്പു വരുത്തേണ്ടതുമാണ്. കുട്ടികളുടെ സുരക്ഷയുമായി ബന്ധപ്പെട്ട ആവശ്യം വരുമ്പോൾ TSSS ന്റെ child help line - ന്റെ സഹായം തേടുകയും ചെയ്യണം.

8. കുട്ടികളിൽ വചനാഭിമുഖ്യം വളർത്തുന്നതിനു വേണ്ടി എല്ലാ സ്കൂളുകളിലും, ആഴ്ചയിൽ ഒരു വചനം അസംബ്ലിയിൽ വായിക്കുകയും നോട്ടീസ് ബോഡിലും ക്ലാസ് റൂം ബോഡുകളിലും കുട്ടികൾ ശ്രദ്ധിക്കാൻ ഇടയുള്ള സ്ഥലങ്ങളിലും പ്രദർശിപ്പിക്കുകയും ചെയ്യുക. വർഷാവസാനം കുട്ടികൾക്ക് വചന ക്വിസ് നടത്തി ഏറ്റവും കൂടുതൽ പോയിന്റ് വാങ്ങുന്ന കുട്ടിയ്ക്കും ഏറ്റവും കൂടുതൽ കുട്ടികളെ പങ്കെടുപ്പിക്കുന്ന ക്ലാസ്സിനും സമ്മാനങ്ങൾ നൽകുകയും ചെയ്യുന്നത് ഉചിതമായിരിക്കും.

9. കാരുണ്യവർഷത്തിൽ നടത്തിയതുപോലുള്ള ജീവകാരുണ്യ പ്രവർത്തനങ്ങൾ സ്കൂളിന്റെ നേതൃത്വത്തിൽ നടത്തേണ്ടതാണ്.

വിദ്യാർത്ഥിയുടെ ജീവിതത്തെ അതിശക്തമായി സ്വാധീനിക്കുന്ന വ്യക്തി അധ്യാപകൻ തന്നെ ആയതിനാൽ ഒരോ അധ്യാപകനും ഇടവക സമൂഹത്തിൽ നിന്നും ഓന്നോ, രണ്ടോ വിദ്യാർത്ഥികളുടെ ഉത്തരവാദിത്വം ഏറ്റെടുത്ത് (walk with the scholar എന്ന പദ്ധതി) ഉന്നത ജീവിത ലക്ഷ്യപ്രാപ്തിയ്ക്കായി +2 വരെയെങ്കിലും ഏറ്റെടുത്ത വിദ്യാർത്ഥികളോടൊപ്പം സഞ്ചരിക്കുന്ന പരിശീലകനായിരിക്കണം. ഏതെങ്കിലും പ്രത്യേക നൈപുണ്യങ്ങളും കഴിവുകളും നൽകിക്കൊണ്ട് മാത്രമേ ദൈവം ഓരോ കുഞ്ഞുങ്ങൾക്കും ജന്മം നൽകുന്നുള്ളു. ആയതിനാൽ ഓരോ കുഞ്ഞുങ്ങളും വിലപ്പെട്ട നിധികളാണെന്ന ചിന്തയോടുകൂടി വേണം അധ്യാപകർ കുഞ്ഞുങ്ങളുടെ ജീവിതവളർച്ചയ്ക്ക് ആവശ്യമായ വിദ്യാഭ്യാസ പരിശീലനം നൽകേണ്ടത്.

## ഉപസംഹാരം

കുട്ടികളുടെ ശാരീരികവും മാനസികവും ആത്മീയവുമായ സമഗ്ര വളർച്ചയിൽ അധിഷ്ഠിതമായ വിദ്യാഭ്യാസ പ്രക്രിയയാണ് കുടുംബത്തിന്റെയും, സ്കൂളിന്റെയും, സമൂഹത്തിന്റെയും ലക്ഷ്യമായി മാറേണ്ടത്. നാളത്തെ സമൂഹം ഇന്നത്തെ വിദ്യാർത്ഥികളാണ്. 'മക്കൾക്കായി കരുതി വയ്ക്കുക' എന്നതുകൊണ്ട് സമ്പത്തിനതീതമായി നന്മയും കരുതലും സംശുദ്ധവുമാർന്ന വിദ്യാഭ്യാസമാണെന്ന് തിരിച്ചറിയണം.

ശുദ്ധജലവും ശുദ്ധവായുവും പോലെ തന്നെ പ്രധാനമാണ് ശുദ്ധമനസും ശുദ്ധ വിദ്യാഭ്യാസവും. ■



സ്വപ്നങ്ങൾ കാണണം. ചിറകറ്റ സ്വപ്നങ്ങൾ അല്ല. വർണ്ണശബളമായ ചിറകുകൾ ഉള്ള സ്വപ്നങ്ങൾ. ചിറകുണ്ടെങ്കിലും പറക്കാൻ മറന്നവർക്കും ചിറകുണ്ടെന്നു പോലും മനസിലാക്കാതെ പോയവർക്കും പറക്കാൻ ശ്രമിക്കുമ്പോൾ വീണു പോയവർക്കുമൊക്കെ കൂടെ നിന്ന് ജീവ മന്ത്രണം നടത്താൻ ഒരാളു വേണം. അതല്ലെങ്കിൽ ഒരു സംവിധാനം വേണം. ആ തിരിച്ചറിവിൽ നിന്ന് സമുദായ വളർച്ചയുടെ ജീവമന്ത്രം വിദ്യാഭ്യാസ പുരോഗതിയാണെന്ന കണ്ടെത്തലിൽ നിന്ന് വരാപ്പുഴ അതിരൂപത രൂപംനൽകിയ മാതൃകാപരമായ ഒരു പ്രസ്ഥാനമാണ് നവദർശൻ. 2004-ൽ ആണ് നവദർശൻ പ്രസ്ഥാനം രൂപം കൊള്ളുന്നത്. ഒരു സ്ഥാപനം എന്ന നിലയിൽ നിന്ന് വ്യത്യസ്ഥമായി ഒരു പ്രസ്ഥാനത്തിന്റെയും കൂട്ടായ്മയുടെയും ജീവിതരീതിയുടെയും ഭാവങ്ങൾ നവദർശനുണ്ടായിരുന്നു. കഴിഞ്ഞ പത്തുവർഷത്തെ നവദർശന്റെ പ്രവർത്തനം ഇത് വ്യക്തമാക്കുന്നുണ്ട്.

## പയനിയർ ബിൽഡ് - അപ് പ്രോഗ്രാം (പി.ബി.യു)

വിദ്യാർത്ഥികൾക്ക് സമഗ്രപരിശീലനം നൽകുകയെന്ന മുഖ്യ ലക്ഷ്യത്തോടെ നവദർശൻ തുടങ്ങിയ സ്വപ്ന തുല്യമായ പദ്ധതിയാണ് പി.ബി.യു. മൂന്നു വർഷം നീണ്ടു നിൽക്കുന്ന പി.ബി.യു കോഴ്സ് എട്ടാം ക്ലാസ്സ് മുതൽ 10-ാം ക്ലാസ് വരെയാണ്. മധ്യവേനലവധിയിൽ 3 ദിവസത്തെ റസിഡൻഷ്യൽ ക്യാമ്പ്. ഓണം, ക്രിസ്തുമസ് അവധികളിൽ രണ്ടു ദിവസത്തെ ക്യാമ്പുകൾ എന്നിവയിലൂടെയാണ് പരിശീലനം നടത്തുക. നന്നായി പഠിക്കാൻ പഠിപ്പിക്കുക എന്ന ലക്ഷ്യം മുന്നിൽക്കണ്ട് ആദ്യവർഷത്തിൽ പഠന രീതികൾ, മെമ്മറി ടെക്നിക്കുകൾ, എളുപ്പത്തിൽ എഴുതാനും വായിക്കാനുമുള്ള ടെക്നിക്കുകൾ, ടൈം മാനേജ്മെന്റ് എന്നിവയ്ക്ക്

# നവദർശൻ: ചിന്തയും പ്രവർത്തനവും

പ്രധാന്യം നൽകുന്നു. രണ്ടാം വർഷത്തിൽ വ്യക്തിത്വ വികസനത്തിന് ഊന്നൽ നൽകുന്നു.

## എക്സലൻസ് പ്രോഗ്രാം

സിവിൽ സർവീസ് ട്രെയിനിങ്ങിനുള്ള ആദ്യപടിയാണ് എക്സലൻസ് പ്രോഗ്രാം. പി.ബി.യു ആദ്യവർഷം. നിരന്തര നിരീക്ഷണത്തിലൂടെ തെരഞ്ഞെടുക്കുന്ന ഏറ്റവും മികച്ച വിദ്യാർത്ഥികളാണ് എക്സലൻസ് പ്രോഗ്രാമിൽ ഉള്ളത്. ഗുണമേന്മയേറിയ പ്രചോദനാത്മകമായ പരിശീലന പദ്ധതികളിലൂടെയും എക്സ്പോഷർ പ്രോഗ്രാമുകളിലൂടെയും സിവിൽ സർവീസ് പരിശീലനത്തിനൊരുക്കുകയാണ് ലക്ഷ്യം.

## നവദർശൻ വിദ്യാഭ്യാസ സ്കീം

ഉന്നതവിദ്യാഭ്യാസത്തിന് ആവശ്യമായ സാമ്പത്തിക അടിത്തറ ഒരുക്കുക, സമുദായ അംഗങ്ങളുടെയിടയിൽ ദുർവ്യയവും ആർഭാടവും ഒഴിവാക്കി പഠനാവശ്യത്തിന് പണം കരുതിവയ്ക്കാൻ പഠിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസം നടത്തുന്ന അതിരൂപത മക്കളെ സാമ്പത്തികമായി സഹായിക്കാനും പ്രോത്സാഹിപ്പിക്കാനുമായി 'നവദർശൻ സ്കോളർഷിപ്പ്' ആരംഭിച്ചിട്ടുണ്ട്. 12-ാം ക്ലാസ്സ് വിദ്യാഭ്യാസത്തിനു ശേഷം ഉന്നത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക, സാമ്പത്തിക ഞെരുക്കം മൂലം പഠനം നിർത്തുന്ന അവസ്ഥ ഇല്ലായ്മ ചെയ്യുക എന്നിവയാണ് നവദർശൻ സ്കോളർഷിപ്പിന്റെ ലക്ഷ്യം. ഈ സ്കോളർഷിപ്പ് ഉദാരമതികളുടെ സംഭാവനയാണ്. അതിനായി നവദർശൻ കോർപ്പസ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. അതിരൂപതയിലെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകാൻ സാമ്പത്തിക പരാധീനത തടസമാകാതിരിക്കുകയാണ് നവദർശൻ കോർപ്പസ് ഫണ്ടിന്റെ ലക്ഷ്യം.

## നവദർശൻ സ്പോർട്ട്സ് അക്കാദമി

വരാപ്പുഴ അതിരൂപതയുടെ ശതോത്തര രജത ജൂബിലിയുടെ ഭാഗമാണ് നവദർശൻ സ്പോർട്സ് അക്കാദമി. അതിരൂപതയിലെ കുട്ടികൾക്ക് ശാസ്ത്രീയമായ കായിക പരിശീലനം നൽകുക. സായി മുതലായ ഔദ്യോഗിക കായിക പരിശീലനകേന്ദ്രങ്ങളിലേക്ക് അഡ്മിഷൻ സാധ്യതകൾ ഒരുക്കുക എന്നിവയാണ് ലക്ഷ്യങ്ങൾ.

## മാത്സ് ഒളിമ്പ്യാഡ്

ഗണിതശാസ്ത്രമേഖലയിൽ പ്രാവീണ്യമുള്ള പുതുതലമുറയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തിൽ ആരംഭിച്ച പ്രസ്ഥാനമാണ് നവദർശൻ മാത്സ് ഒളിമ്പ്യാഡ്. സെന്റ് ആൽബർട്ട് കോളേജ് മാത്സ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ചാണ് മാത്സ് ഒളിമ്പ്യാഡ് സംഘടിപ്പിക്കുന്നത്. യുക്തിചിന്തയും വിശകലന ശക്തിയും പ്രകടിപ്പിക്കുന്ന കുട്ടികളെ തിരഞ്ഞെടുത്ത് ഗണിതശാസ്ത്രത്തിന്റെ അനന്തമായ സാ









ധ്യതകൾ പരിചയപ്പെടുത്തുകയാണ് മാത്സ് ഒളിമ്പ്യാഡിന്റെ പ്രവർത്തനം.

### ഭാഷാ പ്രാവീണ്യ പരീക്ഷ

ആശയവിനിമയത്തിനുള്ള ഉപാധി എന്ന നിലയിൽ മാത്രമല്ല ഇന്നിനെ പ്രചോദിപ്പിക്കുന്നതെന്തും നാം സ്വായത്തമാക്കിയതിന്റെ അടിസ്ഥാന ഘടകം ഭാഷയാണ്. മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഭാഷകൾ യഥാവിധി ഉപയോഗിക്കാനുള്ള കുട്ടികളുടെ കഴിവ് പരിശോധിക്കാനും പോരായ്മകളുണ്ടെങ്കിൽ തിരുത്താനും രൂപപ്പെടുത്തിയ പദ്ധതിയാണ് ഭാഷാ പ്രാവീണ്യ പരീക്ഷ. 4-ാം ക്ലാസിൽ വച്ച് മലയാളം, ഇംഗ്ലീഷ്, ഭാഷകളിലെ പ്രാവീണ്യവും 5-ാം ക്ലാസിൽ വച്ച് ഹിന്ദി ഭാഷാ പ്രാവീണ്യവും അളക്കുന്നു. നന്നായി വായിക്കുക, എഴുതുക അക്ഷരത്തെറ്റ് ഒഴിവാക്കുക എന്നിവയാണ് പരിശോധിക്കപ്പെടുന്ന 3 മേഖലകൾ.

### സയൻസ് ക്ലബ്

ആധുനികലോകത്തെ നയിക്കുന്നത് ശാസ്ത്രമാണല്ലോ നിരീക്ഷണവും വർഗീകരണവുമാണ് ഇവിടെ ആവശ്യം. സയൻസ് വിഷയങ്ങളിൽ പ്രാവീണ്യമുള്ള വിദ്യാർത്ഥികളെ ആധുനിക ശാസ്ത്രത്തിന്റെ രസകരവും വിജ്ഞാനപ്രദവുമായ മേഖലകളിലേയ്ക്കു നയിക്കാനുള്ള പദ്ധതിയാണ് സയൻസ് ക്ലബ്. 8-ാം ക്ലാസിൽ വച്ച് സയൻസ് വിഷയങ്ങളെ അടിസ്ഥാനമാക്കി നടത്തപ്പെടുന്ന മത്സരപ്പരീക്ഷയിലൂടെ വിദ്യാർത്ഥികളെ തിരഞ്ഞെടുക്കും. ഇവർക്കായി അവധിക്കാലത്ത് ക്യാമ്പുകൾ പഠനയാത്രകൾ എന്നിവയിലൂടെ പരിശീലനം നൽകും.

### നവദർശൻ എൻട്രൻസ് കോച്ചിങ് സെന്റർ

വിദ്യാർത്ഥികൾക്ക് കുറഞ്ഞ ഫീസ് നൽകി എഞ്ചിനീയറിംങ്/ മെഡിക്കൽ എൻട്രൻസ് കോച്ചിങ് നൽകുകയെന്ന ലക്ഷ്യം മുന്നിൽ കണ്ടാണ് എൻട്രൻസ് കോച്ചിങ് ആരംഭിച്ചത്. ഉന്നത ഗുണനിലവാരം കാത്തുസൂക്ഷിക്കുന്ന അധ്യാപകരുടെ സാന്നിധ്യവും നിരന്തര മൂല്യനിർണയത്തിലൂടെ കുട്ടികളുടെ പുരോഗതി നിർണയിക്കുന്ന രീതികളും നവദർശൻ എൻട്രൻസ് കോച്ചിങ് സെന്ററിനെ മികവുറ്റതാക്കുന്നു.

### നവദർശൻ ട്യൂഷൻ സെന്റർ

പത്താംക്ലാസ് വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുക, മെച്ചപ്പെട്ട അധ്യാപകരുടെ കീഴിൽ വിഷയങ്ങൾ മനസിലാക്കുന്നതിനുള്ള അവസരം നൽകുക എന്നിവയാണ് നവദർശൻ ട്യൂഷൻ സെന്ററിന്റെ ലക്ഷ്യങ്ങൾ. നവദർശൻ സ്പോക്കൺ ഇംഗ്ലീഷ് അക്കാദമി, നവദർശൻ കോപറേറ്റീവ് എക്സാം അക്കാദമി, നവദർശൻ കരിയർ സെന്റർ എന്നിവയും കുട്ടികളുടെ ഉന്നമനത്തിനായി പ്രവർത്തിച്ചുവരുന്നു.

വ്യത്യസ്ഥതകൊണ്ടും നിലവാരം കൊണ്ടും ഒരു വേറിട്ട പാത വെട്ടിത്തെളിച്ചിരിക്കുകയാണ് നവദർശൻ. ദൈവത്തിന്റെ ഇടപെടലും സംഘാടകരുടെ അതീവ ജാഗ്രതയും നവദർശനെ മികച്ചതാക്കി മാറ്റുന്നു. ഇനിയും ലത്തീൻ കത്തോലിക്കാ വിദ്യാർത്ഥികൾക്കായി നവദർശൻ മാർഗദർശനമായി ഉയർന്നു തന്നെ നിൽക്കട്ടെ എന്നു പ്രാർത്ഥിക്കാം. ■

## ലേഖനം

ഏതൊരു വ്യക്തിയുടെയും സമൂഹത്തിന്റെയും സാംസ്കാരിക ജീവിത പരിവർത്തനത്തിന് മികവുറ്റ വിദ്യാഭ്യാസം കൂടിയേ തീരൂ. പൊതു വിദ്യാലയ വിദ്യാഭ്യാസ പുരോഗതിയ്ക്ക് മൂല്യാധിഷ്ഠിതവും അക്കാദമിക മികവും അത്യന്താപേക്ഷിതമാണ്. ആത്മീയ ചിന്തകൾ, പരിസ്ഥിതി സംരക്ഷണം, മാലിന്യ സംസ്ക്കരണം, മികച്ച ക്ലാസ്സ് മുറികൾ, ആധുനിക സംവിധാനാധിഷ്ഠിത ലൈബ്രറികൾ, ലാബുകൾ, വിദ്യാലയങ്ങളുടെ ആധുനികവൽക്കരണം ഇവയെല്ലാം കുട്ടികളുടെ പഠനത്തിന് അനിവാര്യമാണെങ്കിലും ഇച്ഛാശക്തിയും അർപ്പണ ബോധവുമുള്ള അധ്യാപകർ തന്നെയാണ് ഒരു വിദ്യാർത്ഥിയുടെ ജീവിതം എന്തായി തീരണമെന്ന് നിർണ്ണയിക്കുന്നത്. ആയതിനാൽ പൊതു വിദ്യാലയങ്ങളിലേയ്ക്ക്, വിദ്യാർത്ഥികളും പൊതു സമൂഹവും ആകർഷിക്കപ്പെടണമെങ്കിൽ നവ സാക്ഷരതയിലും നവീന വിദ്യാഭ്യാസ പ്രക്രിയകളിലും അധ്യാപകർ തങ്ങളുടെ കഴിവ് വളർത്തിയെടുക്കണം. ദേശീയ അന്തർദേശീയ തലങ്ങളിലേയ്ക്ക് മത്സരബോധവും മൂല്യബോധവും ഉള്ള പൗരന്മാരെ വാർത്തെടുക്കുവാൻ അനുയോജ്യമായ പരിശീലനങ്ങളിൽ അധ്യാപകർ ആണ്ടുതോറും സജീവമായി പങ്കെടുക്കേണ്ടതും, ഒരു വർഷത്തിൽ 200 പ്രവൃത്തി ദിനങ്ങൾ (1000 മണിക്കൂർ) പഠന പ്രക്രിയയിൽ നിരതരായിരിക്കേണ്ടതും അത്യാവശ്യമാണ്. ഇന്ന് പൊതുസമൂഹം വിലമതിക്കുന്നത് കുട്ടികളുടെ വിജയ-പരാജയങ്ങളിലും തളർച്ചയിലും കുട്ടികളോടൊപ്പം നിൽക്കുന്ന അധ്യാപകരെയാണ്. കൺമുമ്പിലുള്ള പൊതു വിദ്യാലയം വിദ്യാർത്ഥിക്കും രക്ഷിതാവിനും വിശ്വസിക്കാവുന്ന ഉദ്യാനം പോലെയാക്കി മാറ്റുന്നതിന് ഉത്സുകരാകുന്ന അധ്യാപകരെയാണ് വിദ്യാലയങ്ങൾക്കിന്നാവശ്യം. പൊതു വിദ്യാലയങ്ങൾ വിദ്യാർത്ഥിക്കും, രക്ഷിതാവിനും സമൂഹത്തിനും സ്വീകാര്യമാകുന്ന അവസ്ഥ ഒരുക്കുക എന്നതാണ് ഇന്ന് വിദ്യാഭ്യാസം നേരിടുന്ന വെല്ലുവിളി.

### പൊതുവിദ്യാലയ പുരോഗതിയ്ക്കായുള്ള നിർദ്ദേശങ്ങൾ

പൊതു വിദ്യാലയങ്ങളെവിദ്യാർത്ഥി മികവിന്റെ ഉടമയാകുകയും, വിദ്യാർത്ഥികളുടെ പഠനത്തിനും വ്യക്തി വികാസത്തിനും ഉചിതമായ അവസരങ്ങൾ ഒരുക്കുകയും മത്സരങ്ങളെ അതിജീവിക്കുവാൻ ആവശ്യമായ അറിവും, ആത്മവിശ്വാസവും പ്രാപ്തിയും ആർജ്ജിക്കാൻ സഹായിക്കുന്നതോടൊപ്പം മതനിരപേക്ഷത, ജനാധിപത്യ ബോധം, തുല്യത, സഹവർത്തിത്വം, സഹകരണം, ക്ഷമ തുടങ്ങിയ ആത്മീയ ജനാധിപത്യ മൂല്യങ്ങൾ ഉളവാക്കാൻ സഹായകമായ പഠന പ്രക്രിയകളും പഠന അന്തരീക്ഷവും ഒരുക്കുകയും ചെയ്യണം.

വിദ്യാർത്ഥികളുടെ ചിന്താശേഷി വർദ്ധിപ്പിക്കാനുതകും വിധം പ്രക്രിയാധിഷ്ഠിത പഠനത്തിലൂടെ സാമൂഹി



വിദ്യാർത്ഥികൾക്കും പ്രകൃതിപഠന ക്യാമ്പുകൾ, മണ്ണറിവ്, ജലാശയ അറിവ്, മാതൃകാ ജൈവ വൈവിധ്യ പാർക്ക് സന്ദർശനങ്ങൾ തുടങ്ങിയവ സംഘടിപ്പിക്കുകയും പ്രകൃതിയിലെ ജൈവ, ജലാശയ കാലാവസ്ഥയെ കുറിച്ച് പൊതു അവബോധം സൃഷ്ടിക്കുന്ന ക്യാമ്പുകൾ സ്കൂൾ തലത്തിൽ സംഘടിപ്പിക്കേണ്ടതും ആവശ്യമാണ്.

അധ്യാപകരുടെ പരിശീലനങ്ങൾക്ക് തുടർച്ചയുണ്ടാവണം. പുതിയ പുതിയ അറിവുകളെക്കുറിച്ച് നിരന്തരമായി പഠിച്ചുകൊണ്ടിരിക്കണമെന്ന തോന്നൽ അധ്യാപകരിലും വിദ്യാർത്ഥികളിലും ഉണ്ടായിരിക്കണം. പരമപ്രധാനമായ കാര്യം പൊതുസമൂഹത്തെയും സ്കൂൾതല പ്രവർത്തനങ്ങളിൽ എല്ലാം കണ്ണി ചേർക്കുക. ഇതിലേയ്ക്കായി പൂർവ്വ വിദ്യാർത്ഥികൾ പൂർവ്വ അധ്യാപകർ, വിദ്യാഭ്യാസ തല്പരരായ നാട്ടുകാർ, സാമൂഹിക-സാംസ്കാരിക-യുവജന-രാഷ്ട്രീയ- സന്നദ്ധ സംഘടനാ പ്രവർത്തകർ, ഗ്രന്ഥശാലകൾ, കലാകായിക വേദികൾ, ക്ലബ്ബുകൾ, റസിഡൻഷ്യൽ അസോസിയേഷനുകൾ എന്നിവയുടെ സഹകരണം, വിഭവ സമാഹരണത്തിലടക്കം കോർത്തിണക്കി

# പൊതുവിദ്യാലയങ്ങൾ വിദ്യാർത്ഥികളുടെ മികവിന്

● ഫാ. ശാന്തപ്പൻ
അതിരൂപത വിദ്യാഭ്യാസ ശുശ്രൂഷാ ഡയറക്ടർ

ക പ്രശ്നങ്ങൾക്ക് പ്രതിവിധി കാണുവാൻ വിമർശനാത്മക ചിന്തയ്ക്കും, വിശകലന ശേഷി പോഷണത്തിനും പരമാവധി അവസരങ്ങൾ ഉണ്ടാക്കണം. പഠിതാക്കളെ നിരന്തരം വിലയിരുത്തി, പഠനതടസ്സങ്ങൾ, വൈകല്യങ്ങൾ നേരിടുന്ന വിദ്യാർത്ഥികളെ സഹായിക്കുന്ന സുതാര്യമായ പഠന ബോധന രീതി അവലംബിക്കേണ്ടതും അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ഒരുക്കുന്നതിന് അധ്യാപകർക്ക് ആവശ്യമായ പരിശീലനം നൽകേണ്ടതും മോനിട്ടറിംഗ് ടീമിന്റെ സഹായത്തോടുകൂടി വിദ്യാർത്ഥികൾക്ക് അധ്യാപകരെക്കുറിച്ചുള്ള വിലയിരുത്തലുകൾക്ക് പ്രാധാന്യം നൽകേണ്ടതും വർഷാവർഷത്തിൽ അധ്യാപകരുടെ ഗ്രേഡ് നിർണ്ണയിക്കേണ്ടതും ഇന്നിന്റെ ആവശ്യമാണ്.

വിദഗ്ദ്ധ സമിതിയുടെ സഹായത്തോടുകൂടി വിദ്യാലയങ്ങളുടെ പഠന പ്രക്രിയകൾ വിലയിരുത്തി വിദ്യാലയ ഗ്രേഡ് നിർണ്ണയിക്കുകയും സമയാസമയങ്ങളിൽ നടക്കുന്ന വിദ്യാർത്ഥികളുടെ വ്യത്യസ്ഥമായ പഠന പ്രവർത്തന വിലയിരുത്തലുകളിൽ രക്ഷിതാവിനെ സജീവ പങ്കാളിയാക്കുകയും പ്രത്യേക പരിഗണനവേണ്ട വിദ്യാർത്ഥികളുടെ പഠന പ്രശ്നങ്ങൾ വിലയിരുത്തി അവർക്കനുയോജ്യമായ പഠന സൗകര്യങ്ങൾ ഒരുക്കേണ്ടതും അധ്യാപകർക്കും നല്ല വിദ്യാഭ്യാസ പ്രവർത്തന പദ്ധതി തയ്യാറാക്കി നടപ്പിൽ വരുത്തേണ്ടതാണ്. മദ്യപാനം, മയക്കുമരുന്ന് തുടങ്ങിയ ദുശീലങ്ങളിൽ നിന്ന് മുകളിൽ പറഞ്ഞ പ്രവർത്തനങ്ങളിലൂടെ കുട്ടികളെ സംരക്ഷിക്കേണ്ടതും ആരോഗ്യ, കായിക, മാനസിക വളർച്ച കൈവരിക്കുന്നതിന് വേണ്ട സൗകര്യങ്ങൾ ഒരുക്കേണ്ടതുമുണ്ട്.

വിദ്യാർത്ഥികളുടെ രചനാപരമായ കഴിവുകൾ വളർത്തുന്നതിന് വിശകലനശേഷി, വിമർശനാത്മക ചിന്ത, സ്വതന്ത്ര നിലപാടു സ്വീകരിക്കൽ, ക്രിയാത്മകത വർദ്ധിപ്പിക്കൽ എന്നിവയിൽ ശ്രദ്ധിച്ചുകൊണ്ട് സമൂഹത്തെ അഭിസംബോധന ചെയ്യുന്നതിനുള്ള ക്ലാസ്സുകൾ സ്കൂൾ തലത്തിൽ മാധ്യമപ്രവർത്തനത്തിന്റെ ഫലമായി സംഘടിപ്പിക്കേണ്ടതാണ്. ഇതിന്റെ ഭാഗമായി ക്ലാസ്സ് പത്രം, സ്കൂൾ പത്രം, ക്ലാസ്സ് ബ്ലോഗ്, സ്കൂൾ ബ്ലോഗ്, വിദ്യാലയ വെബ് സൈറ്റ്, സ്കൂൾ മാഗസിൻ പ്രകാശനം, മുഖ്യധാര പത്രങ്ങളിൽ പ്രതികരണങ്ങൾ, പഠനങ്ങൾ അയച്ചു കൊടുക്കൽ തുടങ്ങിയ സാധ്യതകൾ പ്രയോജനപ്പെടുത്തേണ്ടതാണ്. അധ്യാപകരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം കുട്ടികളുടെ അവകാശമായ 1000–1200 മണിക്കൂർ പഠന സൗകര്യം ഉറപ്പു വരുത്താൻ അധ്യാപകർക്കു കഴിയേണ്ടതാണ്. ■



# നന്മയുടെ പുതുനാമ്പുകളാൽ പണിയാം ഹരിതാഭമീ ലോകം

● ഡോ. സീനാ ഫെലിക്സ്
അധ്യാപിക, സെന്റ് തോമസ് എച്ച്.എസ്.എസ്, പൂന്തുറ

ശുദ്ധവായു കുപ്പിയിലടച്ച് വിൽക്കുന്നു. പത്രത്തിൽ കണ്ടൊരു വാർത്തയാണിത്. ഇതൊരു അതിശയോക്തി അല്ല. പച്ചയായ പരമാർത്ഥം. വരുംതലമുറ അനുഭവിക്കേണ്ടിവരുന്ന യാഥാർത്ഥ്യം. കാനഡയിലെ കാട്ടുതീയിൽപ്പെട്ട നഗരവാസികൾക്ക് ഈ ശുദ്ധവായു ആവശ്യമായി വന്നു. ഇന്നത്തെ പരിസ്ഥിതി വാർത്തകളിലേയ്ക്ക് ഒന്നു കണ്ണോടിച്ചാൽ നാം കാണുന്ന കാര്യങ്ങൾ അത്ര ശുഭകരമല്ല. പത്തുവർഷം കൂടുമ്പോൾ രണ്ടു സെന്റീമീറ്റർ വീതം മഴ കുറഞ്ഞുവരുന്നു. കേരളത്തിലെ ചൂട് 10 ഡിഗ്രിയ്ക്ക് മുകളിൽ. ഉഷ്ണതരംഗം പോലുള്ള പ്രതിഭാസങ്ങൾ. മണ്ണിന്റെ ജലസംഭരണശേഷി കുറയുന്നു. ഭൂഗർഭജലനിരപ്പ് അതിവേഗം താഴുന്നു. കടൽജലത്തിന്റെ കയ്പും കാർബൺ സ്വഭാവവും വർദ്ധിക്കുന്നു. അതിനാൽ മത്സ്യസമ്പത്ത് കുറയുന്നു. കേരളം ഭാവിയിൽ നേരിടാൻ പോകുന്ന ഏറ്റവും വലിയ പ്രതിസന്ധിയിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. അന്തരീക്ഷവായുവിൽ കാർബൺ മോണോക്സൈഡിന്റെ അളവ് വർദ്ധിക്കുന്നു. വൻ കെട്ടിടങ്ങളുടെ നിർമ്മാണം, വാഹനങ്ങളുടെ വർദ്ധന, പൊതുസ്ഥലങ്ങളിൽ പ്ലാസ്റ്റിക് കത്തിക്കൽ എന്നിവയാണ് സൂക്ഷ്മപദാർത്ഥങ്ങളുടെ സാന്നിദ്ധ്യം അന്തരീക്ഷത്തിൽ കൂടുന്നതിനു കാരണം. ദേശീയവ്യാപനവായു ഗുണനിലവാര മാനദണ്ഡത്തിലും കൂടുതലാണ്, നഗരത്തിലെ അന്തരീക്ഷം മലിനമാകുന്ന സൂക്ഷ്മപദാർത്ഥങ്ങളുടെ സാന്നിദ്ധ്യമെന്ന് മലിനീകരണ നിയന്ത്രണ ബോർഡും നാറ്റ്പാക്കും ചേർന്നു നടത്തിയ പഠനങ്ങൾ സൂചിപ്പിക്കുന്നു.

ഫ്രാൻസിസ് മാർപ്പാപ്പയുടെ ചാക്രിക ലേഖനം 'അങ്ങേയ്ക്ക് സ്തുതി' (Laudato Si) യിൽ പിതാവ് നമ്മെ ഓർമ്മപ്പെടുത്തുന്നതും ഈ ഭീകരമായ അവസ്ഥയെക്കുറിച്ചാണ്. അതോടൊപ്പം സർവ്വസൃഷ്ടിജാലങ്ങളോടുമുള്ള കരുതൽ എപ്രകാരമായിരിക്കണം എന്നും, നാം അധിവസിക്കുന്ന പൊതുഭവനത്തിന്റെ സംരക്ഷണം ആരാണ് ഏറ്റെടുക്കേണ്ടതെന്നുമുള്ള ചോദ്യമാണ് നമ്മുടെ മുന്നിലേയ്ക്ക് ഇട്ടുതരുന്നത്. പിതാവ് നമ്മെ ഓർമ്മപ്പെടുത്തുന്നു. 'നാം പ്രകൃതിയുടെ ഒരു ഭാഗമാണ് നാം അതിൽ ഉൾച്ചേർന്നിരിക്കുന്നു. അങ്ങനെ നാം പ്രകൃതിയുമായി നിരന്തരം പരസ്പര പ്രവർത്തനത്തിലുമാണ്. സ്വീകരിക്കാനുള്ള സന്നദ്ധതയെന്ന യുക്തിയുടെ ഭാഗമാണ് പരിസ്ഥിതി. ഓരോ തലമുറയ്ക്കുമുള്ള വായ്പയാണത്. പിന്നീട് അത് അടുത്ത തലമുറയ്ക്ക് കൈമാറണം." ഈ വിശാല ദർശനത്തിൽ മുദ്രിതമാണ് ഒരു സമഗ്രമായ പരിസ്ഥിതി വിജ്ഞാനം. അതുകൊണ്ടുതന്നെ ആഗോളതലത്തിലുള്ള ഒരു ഐക്യം ഈ കാര്യത്തിൽ അത്യന്താപേക്ഷിതമാണ്. ഒരു ആഗോള പാരിസ്ഥിതിക മാനസാന്തരത്തിന്റെ പാതയിലേയ്ക്ക് ഫ്രാൻസിസ് പാപ്പ നമ്മെ ക്ഷണിക്കുന്നു. നമ്മുടെ പൊതുഭവനമായ ഭൂമിയെ നാം എങ്ങനെ കരുതണമെന്നും മനോഹരമായ പങ്കുവയ്ക്കലിലൂടെ സർവ്വസൃഷ്ടിജാലങ്ങൾക്കും അവകാശപ്പെട്ട ഈ ഹരിതാഭയെ നിലനിർത്തേണ്ട അടിയന്തിരഘട്ടം സംജാതമായിരിക്കുന്നു എന്നും ഓരോരുത്തരോടും ആഹ്വാനം ചെയ്യുകയും ചെയ്യുന്നു.

ശുദ്ധവായുവും മണ്ണും ജലവും ഓരോ വ്യക്തിയുടെയും അവകാശമാണെന്ന ബോദ്ധ്യം ആദ്യം ഉണ്ടാകണം. ലളിതജീവിതം നയിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ഇത് വിരൽ ചൂണ്ടുന്നത്. സൃഷ്ടാവായ ദൈവം പ്രകൃതി വിഭവങ്ങൾ ഒരുക്കി നമ്മെ ഈ ഭൂമിയിലേയ്ക്ക് അയച്ചിരിക്കുന്നു. ഭൂമിയുടെ മേലുള്ള ആധിപത്യം നമുക്ക് നൽകിയിരിക്കുന്നു. നാം പരിസ്ഥിതിയുടെ സംരക്ഷകരാകുമ്പോൾ പ്രകൃതിയിലെ ദൈവത്തിന്റെ പദ്ധതിയുടെ പൂർത്തീകരണം നടക്കുന്നു. അപ്പോൾ പ്രകൃതിയെ സംരക്ഷിക്കാനുള്ള സന്മനസ്സ് നേടിയെടുക്കുകയാണ് ആദ്യം ചെയ്യേണ്ടത്. എന്തിന്റെ പേരിലായാലും മരങ്ങൾ നശിപ്പിക്കുമ്പോൾ ഭൂമിയുടെ സന്തുലിതാവസ്ഥയാണ് നഷ്ടപ്പെടുന്നത്. ഭൂമിയുടെ തണൽ നഷ്ടപ്പെടുത്തുമ്പോൾ വലിയ ആരോഗ്യപ്രശ്നങ്ങളിലേയ്ക്ക് അത് നമ്മെക്കൊണ്ടെത്തിക്കുന്നു.

പരിസ്ഥിതിയോടുള്ള ഒരുവന്റെ താല്പര്യം മനുഷ്യരിലുള്ള താൽപര്യം തന്നെയാണ്. ഒരു തലമുറയുടെ ആരോഗ്യപരമായ സഹവാസവും വരുംതലമുറയുടെ നിലനിൽപ്പുമാണ് പരിസ്ഥിതി ശാസ്ത്രത്തിന്റെ അടിത്തറ. പ്രകൃതിയോടൊത്ത് ജീവിച്ചാൽ മനുഷ്യൻ കൂടുതൽ സുരക്ഷിതനായിരിക്കും. മണ്ണിനോടുള്ള ബന്ധം വിട്ടാൽ അവന് നിൽപ്പുണ്ടാകില്ല. മാനവരാശി ഇന്ന് അഭിമുഖീകരിക്കുന്ന മുഖ്യ വെല്ലുവിളിക

ളിലൊന്നാണ് കാലാവസ്ഥാ വ്യതിയാനം. മനുഷ്യന്റെ ജീവിത ശൈലിയിലും ഉൽപ്പാദനത്തിലും

ഉപഭോഗത്തിലും വന്ന മാറ്റങ്ങൾ ഇതിനു കാരണമാകുന്നു എന്ന് പഠനങ്ങൾ തെളിയിക്കുന്നു. കൃഷിയിലും തൊഴിലിലും പ്രകൃതിവിഭവങ്ങളുടെ ഉപയോഗത്തിലും നാം കുറേക്കൂടി ബദ്ധശ്രദ്ധരാകേണ്ടിയിരിക്കുന്നു.

അധ്വാനിക്കാൻ മടി കാണിക്കുന്ന അല്ലെങ്കിൽ പ്രകൃതിയിലേയ്ക്ക് ഇറങ്ങിച്ചെല്ലാനുള്ള സാഹചര്യങ്ങളെ അവഗണിക്കുന്ന ഒരു ജനതയായി നാം

മാറുമ്പോൾ നമ്മുടെ പരിസ്ഥിതി തന്നെ നമുക്ക് നഷ്ടമാകുന്നു. ഇന്നത്തെ കുഞ്ഞുങ്ങൾ മണ്ണിന്റെ മണമറിയാതെ ഫ്ളാറ്റുകളിലും, എ.സി. മുറികളിലും ഒതുക്കിക്കൂടുന്നു. അന്തരീക്ഷത്തിലുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങൾ ഇന്നത്തെയും ഭാവിയിലെയും മനുഷ്യന്റെ ആരോഗ്യത്തെ ദോഷകരമായി ബാധിക്കുന്നു. ശ്വസിക്കുന്ന വായുവിന്റെയും കുടിക്കുന്ന വെള്ളത്തിന്റെയും താമസിക്കുന്ന വാസസ്ഥലത്തിന്റെയും താഴ്ന്ന നിലവാരം മനുഷ്യന് ധാരാളം അസുഖങ്ങൾ വരുത്തിവയ്ക്കുന്നു. ഈ മാറ്റമാണ് ജീവിതശൈലീ രോഗങ്ങളായി നാം കൊണ്ടുനടക്കുന്നത്. ഇതിനെല്ലാം പരിഹാരം കാണണമെങ്കിൽ ഇനിയെങ്കിലും പരിസ്ഥിതിയോടിണങ്ങി ജീവിക്കാൻ നാം അവധാനത കാണിക്കേണ്ടിയിരിക്കുന്നു. ജലം മലിനമാക്കുന്നതും ഊർജ്ജം പാഴാക്കുന്നതും മാലിന്യങ്ങൾ വലിച്ചെറിയുന്നതും നാം നിർത്തണം. പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഒഴിവാക്കാനും നാം പഠിക്കണം. വലിച്ചെറിയൽ സംസ്ക്കാരം ഉപേക്ഷിക്കാൻ നമുക്ക് കഴിയണം.

മുഴുവൻ സമയം ടി.വി. യിലും കമ്പ്യൂട്ടറിലും സോഷ്യൽ മീഡിയകളിലും ചെലവഴിക്കുന്ന ചെറുപ്പക്കാർ ഓർക്കേണ്ട ഒരു കാര്യം പരിസ്ഥിതി പാഠങ്ങൾ മറന്നതുകൊണ്ടുള്ള ശിക്ഷയാണ് നാമിന്നനുഭവിച്ചുകൊണ്ടിരിക്കുന്നത്. പരിസ്ഥിതി ദിനാചരണങ്ങളൊക്കെ ഇന്ന് വെറും ആഘോഷങ്ങളായി മാറിക്കൊണ്ടിരിക്കുന്നു. നാംനട്ട ചെടികളുടെയൊക്കെ തുടർപരിചരണം എത്രത്തോളം ഉണ്ടെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. ഇവിടെനിന്നാണ് നമുക്കിനി തുടങ്ങിവയ്ക്കാനുള്ളത്. ധാരാളം ഹരിത ഇടങ്ങൾ സൃഷ്ടിക്കപ്പെടേണ്ടത് നമ്മുടെ ജീവന്റെ നിലനിൽപ്പിനു തന്നെ ആവശ്യമാണ്.

ഈയൊരു സാദ്ധ്യത നാം ഏറ്റെടുത്തേ മതിയാകൂ. പരിസ്ഥിതി വിജ്ഞാനപരമായ വിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ച് മാർപ്പാപ്പ സൂചിപ്പിക്കുന്നതും ഇതേലക്ഷ്യം മുന്നിൽ വച്ചുകൊണ്ടാണ്. നമ്മുടെ രൂപത, ഇടവക, വിദ്യാലയം, സാമൂഹിക കൂട്ടായ്മകൾ തുടങ്ങിയവയുടെ നേതൃത്വത്തിൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ചാൽ മാത്രമേ നാം ഉദ്ദേശിക്കുന്ന ഫലം ലഭിക്കുകയുള്ളൂ. ലഭ്യതയുള്ള എല്ലാ സ്ഥലങ്ങളെയും ഹരിതാഭമാക്കാനുള്ള പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തണം. വിദ്യാലയങ്ങൾക്ക് ഈ കാര്യത്തിൽ വലിയൊരു പങ്കുവഹിക്കാനാവും. ഓരോ വിദ്യാലയത്തിനും അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കാവുന്നതാണ്. പ്രകൃതിയെ സ്നേഹിക്കാനും പരിപാലിക്കാനും വലിച്ചെറിയൽ സംസ്ക്കാരം ഉപേക്ഷിക്കാനും അതുവഴി നമ്മുടെ മക്കൾ പഠിക്കട്ടെ. ആ തിരിച്ചറിവിലേക്കാണ് നാം അവരെ എത്തിക്കേണ്ടത്. പ്രത്യുത സാമൂഹ്യബോധമുള്ള ഒരു തലമുറയെ രൂപപ്പെടുത്തേണ്ട കടമകൂടി വിദ്യാലയങ്ങൾ ഏറ്റെടുക്കേണ്ടതുണ്ട്.

ഈയൊരു സാദ്ധ്യതയാണ് വിദ്യാർത്ഥി സമൂഹം ഏറ്റെടുക്കേണ്ടതും. വിദ്യാഭ്യാസവും പ്രകൃതിസംരക്ഷണവും പരസ്പര പൂരകങ്ങളായി വർത്തിക്കണം. അറിവും പ്രകൃതിയും പരസ്പരം ബന്ധപ്പെട്ടുകിടക്കുന്നു. ഭാഷ ആയാലും ശാസ്ത്രമാനവിക വിഷയങ്ങളായാലും പ്രപഞ്ചവസ്തുക്കളില്ലാതെ പഠനമില്ല. നമ്മുടെ സംസ്ക്കാരം തന്നെ പ്രകൃതിയുടെ വരദാനമാണ്. പ്രകൃതിയോടുള്ള കരുണയും കരുതലും മനുഷ്യനോടുള്ള കരുണയും കരുതലും തന്നെയാണ്. സാമൂഹിക ബോധമുള്ള പ്രകൃതിയെ സ്നേഹിക്കുന്ന ഒരു തലമുറയെ രൂപപ്പെടുത്തേണ്ട ബാദ്ധ്യത അദ്ധ്യാപകർക്കുണ്ട്.

വിദ്യാലയങ്ങൾ ജൈവിക ഉദ്യാനങ്ങളാക്കി മാറ്റണമെന്ന സർക്കാരിന്റെ ആഹ്വാനവും ഇതിന് പിൻബലം നൽകുന്നു. ജൈവിക സംസ്ക്കാരത്തി ലേയ്ക്കുള്ള തിരിച്ചുപോക്കിന് വളരെയധികം പ്രസക്തിയുണ്ട്. ടെറസ്സിലെ പച്ചക്കറി തോട്ടങ്ങളും മഴക്കുഴികളും ജൈവവൈവിദ്ധ്യ സംരക്ഷണവുമൊക്കെ അതിന്റെ ഭാഗങ്ങളാണ്. ജലസ്രോതസ്സുകൾ സംരക്ഷിക്കാനും മണ്ണിനെ സംരക്ഷിക്കാനും നാം നിരന്തരം ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു. ഹൈടെക് കൃഷിരീതികളും ഉൽപ്പാദന സംരംഭങ്ങളുമൊക്കെ ഒരുക്കിയെടുക്കാൻ നമ്മുടെ യുവതലമുറയ്ക്ക് കഴിഞ്ഞാൽ മാത്രമേ പ്രകൃതിയും മനുഷ്യനും ഒന്നായി തീരുകയുള്ളൂ. നഷ്ടപ്പെട്ടുപോയ കനിവിൻതുള്ളികൾ ഒരു ജലപ്രവാഹമായി ഭൂമിയിൽ നിറയട്ടെ. പച്ചപ്പാർന്ന ലോകം നാളെയുടെ പ്രതീക്ഷയാണ്. ശരീരവും മണ്ണും ഹരിതാഭമാകട്ടെ. പുതിയൊരു അദ്ധ്യയന വർഷത്തിലേയ്ക്ക് പ്രവേശിക്കുന്ന അവസരത്തിൽ നന്മയുടെ പുതുനാമ്പുകൾ മുളപ്പിച്ചുകൊണ്ട് നമുക്കൊരു കൂടൊരുക്കാം. ■






## മനം കുളിർപ്പിച്ച മുഹൂർത്തം


● പ്രൊഫ. ആന്റണി ജോസഫ് റൊസാരിയോ
കൺസൾട്ടന്റ്, മരിയൻ എൻജിനീയറിംഗ് കോളേജ്


അധ്യാപകർക്കുള്ള ഒരു വർഷത്തെ പാഠ്യപദ്ധതി. ഹയർ സെക്കണ്ടറി-കോളേജ് അധ്യാപകരടങ്ങുന്ന 25 അധ്യാപക പഠിതാക്കൾ. പരിശീലനം ആരംഭിച്ചിട്ട് അഞ്ചു മാസം. വൈകി അഡ്മിഷനുവേണ്ടി വന്നിരിക്കുന്നത് 30 വർഷത്തെ അധ്യാപന പരിചയമുള്ള സ്കൂൾ പ്രിൻസിപ്പൽ. പുതുതായി ആരെയും പ്രവേശിപ്പിക്കാൻ കഴിയാത്ത അവസ്ഥയും. പ്രവേശനം തേടിവന്ന വ്യക്തി മടങ്ങിപ്പോകുന്നില്ല. അഡ്മിഷൻ കിട്ടില്ലെന്ന് ബോധ്യമായപ്പോൾ ആ വ്യക്തി പറഞ്ഞു, 'ഞാൻ ഈ പരീക്ഷ പാസാകും സർ'. ആത്മവിശ്വാസത്തോടെയുള്ള ഈ വാക്കുകൾ എന്നെ ചിന്തിപ്പിച്ചു. പരിശീലനം വിജയകരമായി പൂർത്തിയാക്കാമെന്ന് എഴുതിവാങ്ങിയിട്ട് പ്രവേശനം കൊടുത്തു.

കേംബ്രിഡ്ജ് ഇന്റർനാഷണൽ എക്സാമിനേഷൻസ് കോ-ഓർഡിനേറ്റർ എന്ന നിലയിൽ എന്നെയും, എം.ജി. സർവകലാശാലയുടെ മുൻ വൈസ് ചാൻസിലർ ഡോ. എ.സുകുമാരൻ സാറിനെയും ആയിരുന്നു അധ്യാപന പ്രകടനം (ടീച്ചിംഗ് പ്രാക്ടീസ്) വിലയിരുത്തി ഒബ്സർവേഷൻ റിപ്പോർട്ട് നൽകാൻ കേംബ്രിഡ്ജ് സർവകലാശാല ചുമതലപ്പെടുത്തിയത്.

പാലോട് ക്രസന്റ് പബ്ലിക് ഹയർ സെക്കണ്ടറി സ്കൂളിൽ വച്ചായിരുന്നു പ്രകടനത്തിന്റെ വിലയിരുത്തൽ. ആദ്യം പ്രവേശനം ലഭിച്ച സുനിതയുടെയും വൈകിവന്ന ശാന്തകുമാരി അമ്മയുടെയും ആയിരുന്നു ആദ്യപ്രകടനം. സമയം ഒരു മണിക്കൂർവീതം. ലളിതമായ ചോദ്യോത്തരങ്ങളിലൂടെ വിദ്യാർത്ഥികളെ ഉത്സുകരാക്കിക്കൊണ്ട് സുനിത വിഷയം അവതരിപ്പിച്ചു. 4 പേരുടെ ഗ്രൂപ്പുകളായി വിദ്യാർത്ഥികളെ ഭാഗിച്ചുകൊണ്ട് ഓരോ ഗ്രൂപ്പിനും ചാർട്ട് പേപ്പർ നൽകി. ഓവർഹെഡ് പ്രോജക്ടറും സ്ലൈഡ് പ്രോജക്ടറും മാറിമാറി ഉപയോഗിച്ചുകൊണ്ട് ഓരോ മാതൃകയും സുനിത വിശദീകരിച്ചു. ഓരോ ഗ്രൂപ്പും ചാർട്ട്പേപ്പർ 4 ആയി ഭാഗിച്ച് ഓരോ വിദ്യാർത്ഥിയും മാതൃകകൾ സ്വയം പൂർത്തിയാക്കണമെന്നായിരുന്നു അടുത്ത നിർദ്ദേശം. അവശ്യം വേണ്ട വിശദീകരണവും ഗ്രൂപ്പുകൾക്ക് സമീപം ചെന്നുനിന്ന് സുനിത നൽകിക്കൊണ്ടിരുന്നു. ഓരോ ഗ്രൂപ്പുകളും മാതൃകകൾ തയ്യാറാക്കി. ഓരോ മാതൃകയും എന്ത്, അവയുടെ പ്രത്യേകതകൾ, എത്ര വശങ്ങൾ എത്ര കോണുകൾ, കോണുകളുടെ വിശകലനം, അതിനുള്ള കാരണങ്ങൾ, വ്യത്യാസങ്ങൾ എന്നീ ചോദ്യങ്ങൾക്കുള്ള ഉത്തരം ഓരോ ഗ്രൂപ്പ് ലീഡറും നൽകി. എല്ലാ ഗ്രൂപ്പുകളുടെയും ഉത്തരങ്ങൾ താരതമ്യം ചെയ്യിപ്പിച്ചുകൊണ്ട് ശരിയും തെറ്റും വിദ്യാർത്ഥികളെ കൊണ്ടുതന്നെ വിശദീകരിപ്പിച്ചു. പ്രത്യേക ശൈലിയിലായിരുന്ന സുനിതയുടെ തുടർന്നുള്ള ചോദ്യങ്ങൾ. സോക്രട്ടേറിയൻ ക്വസ്റ്റ്യൻസ്, ഓപ്പൺ ക്വസ്റ്റ്യൻസ്, ക്ലോസ്ഡ് ക്വസ്റ്റ്യൻസ് എന്നിവയിലൂടെ വ്യത്യസ്ഥരായ വിദ്യാർത്ഥികളെ ചിന്തിപ്പിച്ച് ശരിയായ ഉത്തരം ഉറപ്പുവരുത്തേണ്ടത് എങ്ങനെയെന്ന് പ്രകടനത്തിനുമുൻപ് അധ്യാപക പഠിതാക്കളെ ഞാൻ പരിശീലിപ്പിച്ചിരുന്നു. സുനിത അത് സ്തുത്യർഹമായി നിർവഹിക്കുകയും ചെയ്തു. വിദ്യാർത്ഥികളുടെ ഗ്രഹണപാടവവും ഉത്തരങ്ങളും സുകുമാരൻ നായർ സാറിനെയും എന്നെയും ഒരുപോലെ തൃപ്തരാക്കി.

ശാന്തകുമാരി അമ്മയുടെ ജിയോഗ്രഫി ക്ലാസ്സായിരുന്നു അടുത്തത്. വിഷയം സർവകലാശാല നിർദ്ദേശിച്ചിട്ടുള്ള ക്രമീകരണങ്ങൾ എല്ലാം സുനിതയെപ്പോലെ ശാന്തകുമാരിയും ഒരുക്കിയിരുന്നു. ക്രസന്റ് പബ്ലിക് സ്കൂൾ പ്രിൻസിപ്പലിന്റെയും എന്റെയും അനുവാദത്തോടെ

അധ്യാപന പ്രകടനത്തിന് ഒരു ദിവസം മുൻപ് ശാന്തകുമാരി വിദ്യാർത്ഥികളെ സ്കൂൾ ബസിൽ സമീപത്തുള്ള വനത്തിലേക്ക് കൊണ്ടുപോയി, ഓരോന്നും നേരിട്ട് കാണാനുള്ള അവസരമൊരുക്കി. അവർ കണ്ട കാഴ്ചകൾ അവരെക്കൊണ്ടുതന്നെ എഴുതിപ്പിച്ചു. അവരുടേതായ ആശയങ്ങളും പഠനങ്ങളും ന്യൂസ് പേപ്പർ, മാഗസിൻസ്, ലൈബ്രറി, ഡിസ്കവറി ചാനൽ എന്നീ മാധ്യമങ്ങളിൽ നിന്നും ശേഖരിപ്പിക്കുകയും ചെയ്തു. അവതരണത്തിലും വിശദീകരണത്തിലും ചോദ്യോത്തരങ്ങളിലും ഉപസംഹാരത്തിലും സുനിതയെക്കാൾ മുന്നിലായിരുന്നു ശാന്തകുമാരിയമ്മയുടെ പ്രകടനം.

ലെസൺ പ്ലാനിംഗ്, ടീച്ചിംഗ് ഇൻ ആക്ഷൻ, അസസ്മെന്റ്, ഇവാലേഷൻ എന്നീ 4 മോഡ്യൂളുകൾ സുകുമാരൻ നായർ സാറിന്റെയും എന്റെയും ഒബ്സർവേഷൻ റിപ്പോർട്ടുകളോടൊപ്പം കേംബ്രിഡ്ജ് സർവകലാശാലയ്ക്ക് അയച്ചുകൊടുത്തു. ഒന്നരമാസത്തിനുശേഷം കേംബ്രിഡ്ജ് സർവകലാശാല വൈസ് ചാൻസലർ ഒപ്പുവച്ച സർട്ടിഫിക്കറ്റ് വന്നു. അതിൽ ശാന്തകുമാരിയമ്മക്ക് ഫുൾ ഡിസ്റ്റിംഗ്ഷനും, സുനിത ഡബിൾ ഡിസ്റ്റിംഗ്ഷനും മറ്റ് 24 അധ്യാപക പഠിതാക്കൾക്കും സിംഗിൾ/ഡബിൾ ഡിസ്റ്റിംഗ്ഷനും ലഭിച്ചു. എന്റെ അധ്യാപന ജീവിതത്തിലെ മനംകുളിർപ്പിച്ചവരുടെ ഓജസ്സാർന്നതായ അവിസ്മരണീയമുഹൂർത്തമായിരുന്നു അത്.

# മാതൃവിദ്യാലയത്തിലെ പ്രഥമപാഠങ്ങൾ

● ബെർണാഡ് മൊറായിസ്
അധ്യാപകൻ, സെന്റ് ജോസഫ്സ് എച്ച്.എസ്.എസ്, തിരുവനന്തപുരം

അധ്യാപകവൃത്തിയുടെ മേന്മയെകുറിച്ച് നമുക്ക് ആരും പറഞ്ഞുതരേണ്ട കാര്യമില്ല. സാമ്പത്തിക-സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക മണ്ഡലങ്ങളിലെല്ലാം അധ്യാപകൻ/ അധ്യാപിക നിർണ്ണായകമായ സ്വാധീനം ചെലുത്തുന്ന ഒരു ചാലക ശക്തിയായി നിലകൊള്ളുന്നു. എങ്കിലും ഇന്ന് എവിടെയൊക്കെയോ എന്തൊക്കെയോ തകരാറുകൾ സംഭവിച്ച കൂട്ടത്തിൽ അധ്യാപകവൃത്തിക്കും ചില അപഹ്നുതികൾ വന്നു ചേർന്നിരിക്കുന്നു എന്ന് തിരിച്ചറിയുന്നത് വേദനാജനകം തന്നെ. ഒരു ഡോക്ടർ രോഗിയെ പരിശോധിച്ച് മരുന്നുകുറിക്കുന്നതുപോലെ, വക്കീൽ കക്ഷിക്കുവേണ്ടി കോടതിയിൽ വാദിക്കുന്നതുപോലെ, എഞ്ചിനീയർ തകരാറില്ലാതെ കെട്ടിടം പണിയുന്നതുപോലെ, ഉദ്യോഗസ്ഥൻ ഫയലുകൾനോക്കി തീർപ്പുകല്പിക്കുന്നതുപോലെ തികച്ചും യാന്ത്രികമായ ഒരു പ്രക്രിയല്ലല്ലോ അധ്യാപനം. തന്റെ മുന്നിലിരിക്കുന്ന കുട്ടികൾ എന്നത് പ്രായപൂർത്തിയായ മനുഷ്യരുടെ ചെറുപതിപ്പുകളുമല്ല. മറിച്ച് ശൈശവ-ബാല്യ-കൗമാര-യൗവ്വനങ്ങൾ തീർത്തും വ്യത്യസ്തവും അതാതു പ്രായത്തിന്റെ വ്യക്തിവൈശിഷ്ഠ്യങ്ങളാൽ സമ്പന്നമായ സ്വതന്ത്ര വ്യക്തിത്വങ്ങളുമാണ്. തലനാരിഴപോലെ, തള്ളവിരലടയാളം പോലെ സ്വഭാവത്തിലും കാഴ്ചയിലും ബൗദ്ധികനിലവാരത്തിലും തികച്ചും വ്യത്യസ്തത പുലർത്തുന്ന കുട്ടിമനസ്സുകൾ. അതിൽ തന്നെ ആൺപെൺവ്യത്യാസങ്ങൾക്കു പുറമേ സാമ്പത്തികമായ ഉച്ചനീചത്വങ്ങളുടെ ഇരകളായിട്ടുള്ള സാംസ്കാരികമായ ഉയർച്ച താഴ്ചകളുടെ രക്തസാക്ഷിയായി എല്ലാ വിഭാഗവുമുണ്ടാവും. താൻ പഠിച്ച പാഠങ്ങളുടെയോ വായിച്ച പുസ്തകങ്ങളിൽ നിന്നാർജ്ജിച്ച ജ്ഞാനത്തിന്റെയോ അളവുകോൽ മാത്രമല്ല വിദ്യാർത്ഥിയെ ജീവിതത്തിന്റെ വിവിധ മേഖലകളിലേക്ക് കൈപിടിച്ചുയർത്താൻ അധ്യാപകൻ പ്രയോഗിക്കുന്ന വിദ്യകൾ, ആർജ്ജിച്ച അറിവും അനുഭവവും സാന്ദർഭികമായ ബൗദ്ധിക വ്യാപാരത്തിന്റെ ഫലമായി ലഭിക്കുന്ന വിവേചന ബുദ്ധി ഉപയോഗിച്ച് രൂപപ്പെടുത്തിയെടുക്കുന്നതാണ്. ഒരു ജോലി എന്ന നിലയിലായാലും തികച്ചും വ്യത്യസ്തമാണ് അധ്യാപനം. താൻ ജോലി ചെയ്യുന്ന വിദ്യാലയം മാത്രമല്ല താമസിക്കുന്ന സാമൂഹ്യപരിസരങ്ങളിലെ അനുചിതമായ സാഹചര്യങ്ങളിലെ ഇടപെടലുകൾ കൂടി അധ്യാപകനിൽ നിന്നും സമൂഹം പ്രതീക്ഷിക്കുന്നുണ്ട്. മാത്രമല്ല വിദ്യാലയം സ്ഥിതി ചെയ്യുന്ന പ്രദേശത്തിന്റെ സാംസ്കാരിക നിലപാടുകൾ രൂപപ്പെടുന്നതിലും അധ്യാപകർക്ക് നിർണ്ണായകമായ പങ്കുണ്ട്. അധ്യാപകവൃത്തിയുടെ മാന്യതയും യോഗ്യതയും ചോദ്യം ചെയ്യുന്ന വിധത്തിൽ അങ്ങിങ്ങ് ചില അപസ്വരങ്ങൾ ഉയരുന്നുണ്ടെങ്കിലും ഇന്നും സമൂഹത്തിലെ ഏറ്റവും ബഹുമാനമർഹിക്കുന്ന ഒരു വിഭാഗം തന്നെയാണ് അധ്യാപക സമൂഹം.

അഞ്ചാം ക്ലാസ്സു മുതൽ പത്താം ക്ലാസ്സുവരെ ഞാൻ പഠിച്ചത് തിരുവനന്തപുരം ജില്ലയിലെ തീരപ്രദേശങ്ങളിൽ വച്ച് ആദ്യം സ്ഥാപിതമായ പുല്ലുവിള ലിയോ തേർട്ടീന്ത് ഹയർ സെക്കന്ററി സ്കൂളിലാണ്. 1984 മുതൽ 1989വരെ. പ്രഗത്ഭനായ രസതന്ത്രം അധ്യാപകനും ആജ്ഞാശക്തിയും വ്യക്തി പ്രഭാവവും ഉള്ള ജൂലിയൻ ഫെർണാന്റസ് ആയിരുന്നു അപ്പോഴത്തെ ഹെഡ്മാസ്റ്റർ. മൂന്നു മലയാളം അധ്യാപകർ ഉണ്ടായിരുന്നതിൽ എന്നെ ഏറെ സ്വാധീനിച്ച ഒരു അധ്യാപകനായിരുന്നു വർഗ്ഗീസ് സാർ (വെൺകുളം വർഗീസ്). പിൽക്കാലത്ത് ഞാൻ ഒരു മലയാളം അധ്യാപകനായി മാറാൻ എന്നെ പ്രേരിപ്പിച്ച ധാരാളം ഘടകങ്ങളിൽ ഒന്ന് ഈ അദ്ധ്യാപകൻ എന്നിൽ സന്നിവേശിപ്പിച്ച ഭാഷയോടും സാഹിത്യത്തോടുമുള്ള പ്രതിപത്തിയാണ്. തീർച്ചയായും രണ്ടാം ക്ലാസ്സിൽ (സെന്റ് ജോസഫ് എൽ.പി.എസ്, അടിമലത്തുറ) മലയാളം പഠിപ്പിച്ച രാധ ടീച്ചറും ആറിലും ഏഴിലും മലയാളം പഠിപ്പിച്ച ഡേവിഡ് സാറും മലയാളത്തോടുള്ള അഭിനിവേശം വർദ്ധിപ്പിക്കാൻ കാരണമായതും ഇവിടെ സ്മരണീയമാണ്. ഘനഗാംഭീര്യം നിറഞ്ഞ ശബ്ദത്തിൽ ഉച്ചത്തിൽ ഉള്ളിൽ തട്ടുന്ന വിധത്തിൽ കഥയും കവിതയും ഉപന്യാസവുമൊക്കെ വർഗീസ് സാർ പഠിപ്പിച്ചത് ഇപ്പോഴും കാതിൽ മുഴങ്ങുന്നു. എന്നാൽ നാടകരംഗത്തേക്ക് എന്നെ ആദ്യമായി കൈപിടിച്ചുയർത്തിയത് ബയോളജിയും ഇംഗ്ലീഷും പഠിപ്പിച്ചിരുന്ന കേശവദാസ് സാറാണ്. അദ്ദേഹം ഇന്നില്ല. സ്കൂൾ ആനിവേഴ്സറിക്കു വേണ്ടിയുള്ള രണ്ടു നാടകങ്ങളിൽ കേശവദാസ് സാറിന്റെ സംവിധാനത്തിൽ ഞാൻ വേഷമിട്ടു. അതിൽ ഒരു നാടകം, പറവൂർ ജോർജ്ജിന്റെ 'തെറ്റ്' എന്ന ഏകാങ്കമാണെന്ന് ഓർക്കുന്നു. ഇംഗ്ലീഷ് ക്ലാസ്സിലെ കാർക്കശ്യമുള്ള അധ്യാപകനായിരുന്നില്ല നാടകകളരിയിലെ കേശവദാസ് എന്ന അധ്യാപകൻ. തബല

*(ശേഷം 24-ാം പേജ്)*



വർത്തമാനം

● അഗസ്റ്റിൻ കണിപ്പിള്ളി

ജോസ്ക്ലിൻ

# തെരുവുപട്ടികളും പിന്നെ, കുറെ പട്ടിസ്നേഹികളും

പുല്ലുവിള തീരദേശ ഗ്രാമത്തിൽ തെരുവുനായ ആക്രമണത്തിൽ കൊല്ലപ്പെടുന്ന രണ്ടാമത്തെ ആളാണ് കൊച്ചുപള്ളി പള്ളികെട്ടിയ പുരയിടത്തിൽ ജോസ് ക്ലിൻ. എട്ടുമാസം മുൻപ് കൃത്യമായി പറഞ്ഞാൽ 2016 ആഗസ്റ്റ് 19 നാണ് ഇവിടെ ശിലുവാമ്മയെ തെരുവുനായ്ക്കൽ കടിച്ചുകീറി കൊന്നത്. ഈ സ്ഥലങ്ങൾ തമ്മിൽ ഏകദേശം 100 മീറ്ററിന്റെ അകലമേയുള്ളു. പുല്ലുവിള തീരദേശഗ്രാമം സ്ഥിതിചെയ്യുന്നത് ഇന്ത്യയിൽ ഏറ്റവും കൂടുതൽ ജനസാന്ദ്രതയുള്ള കരിംകുളം പഞ്ചായത്തിലാണ്. ദോഷം പറയരുതല്ലോ മറ്റെന്തിലെങ്കിലും കുറവുണ്ടെങ്കിലും ഈ പഞ്ചായത്തിൽ ജനസാന്ദ്രതയ്ക്കാനുപാതികമായി തെരുവുനായ്ക്കളും ഉണ്ടെന്നത് യാഥാർത്ഥ്യമാണ്. ആദ്യമൊക്കെ മനുഷ്യനുഭീഷണിയായിരുന്ന തെരുവുനായ്ക്കൾ പിന്നെ പിന്നെ കടിക്കാൻ തുടങ്ങി. ഇന്നിപ്പോൾ അവനെ മനുഷ്യനെ കടിച്ചുകീറി തിന്നാനും തുടങ്ങിയിരിക്കുന്നു. ഈ വർഷം സംസ്ഥാനത്ത് നാലുപേരെയാണ് തെരുവുനായ്ക്കൽ കടിച്ചു കീറി തിന്നത്. അതിൽ രണ്ടുപേർ പുല്ലുവിളക്കാരാണ്. ചെന്നായും പട്ടിയുമൊഴികെയുള്ള മാംസഭുക്കുകളായ വന്യമൃഗങ്ങൾ ഇരയെ കൊന്നേ ഭക്ഷിക്കാറുള്ളു. എന്നാൽ തെരുവുനായ്ക്കൾ മനുഷ്യനെ ജീവനോടെ കടിച്ചുകീറി തിന്നുതുടങ്ങിയിരിക്കുന്നു. തെരുവുനായ്ക്കളിൽ വന്ന ഈ അസ്വാഭാവിക പരിണാമം പോലെ മനുഷ്യനിൽ പ്രത്യേകിച്ച് ഭരണകർത്താക്കളിലും ഇത്തരത്തിലുള്ള ഒരു മാറ്റം സംജാതമായിരിക്കുന്നുവെന്നുവേണം കരുതാൻ. അതുകൊണ്ടാണല്ലോ തെരുവുനായ ശല്യം ഇത്ര വർധിച്ചതും അവ മനുഷ്യന് ഭീഷണിയായിത്തീർന്നതും. ഇതിന് തെളിവു തേടി ഒത്തിരിയൊന്നും മെനക്കെടേണ്ട ആവശ്യമില്ല. ഒരൊറ്റ ഉദാഹരണം പറയാം. പുല്ലുവിളയിൽ ജോസ്ക്ലിൻ തെരുവുനായ ആക്രമണത്തിൽ കൊല്ലപ്പെട്ട ദിവസം നമ്മുടെ സംസ്ഥാന നിയമസഭയിൽ കണ്ട പ്രതികരണങ്ങൾ തന്നെ ധാരാളം മതി. എം.വിൻസെന്റ് എംഎൽഎ ഇതുസംബന്ധിച്ച് സഭയിൽ ഒരു സബ്മിഷൻ ഉന്നയിച്ചു. അതിനുള്ള മറുപടി മന്ത്രി കെ.ടി.ജലീലിന്റേതായിരുന്നു. ജോസ് ക്ലിന്റെ കുടുംബത്തിന് ധനസഹായം നൽകും. തെരുവുനായ്ക്കളെ നിയന്ത്രിക്കാൻ സംസ്ഥാനത്ത് എബിസി പദ്ധതി നടപ്പിലാക്കും. എത്ര നിസംഗതയോടും ലാഘവബുദ്ധിയോടും കൂടിയാണ് ആ മറുപടിയെന്ന് നോക്കുക. മന്ത്രിയുടെ മറുപടി പ്രഖ്യാപനത്തിൽ നിയമസഭാംഗങ്ങൾ ഭരണപ്രതിപക്ഷ വ്യത്യാസമില്ലാതെ സംതൃപ്തരായി. പട്ടികടിച്ചു കീറി തിന്നത് അവരുടെയാരുടെയും മകനെയോ, അപ്പനെയോ, സഹോദരനെയോ അല്ലല്ലോ അവർക്ക് വേദനിക്കാൻ. സഭയിൽ ഒരംഗം പോലും തെരുവുനായ ഉന്മൂലനത്തിനുവേണ്ടി ശബ്ദിച്ചില്ല. പ്രതിപക്ഷം പ്രതിഷേധിച്ചില്ല. സഭ ബഹിഷ്കരിച്ചതുമില്ല. പട്ടികടിയേറ്റുമരിച്ച ജോസ് ക്ലിന്റെ ജീവന് വിലയിട്ട് സംസ്ഥാന നിയമസഭ ഊറ്റംകൊണ്ടു. ജോസ് ക്ലിന്റെ മരണത്തിന്റെ വേദന അറിയണമെങ്കിൽ ആ കുടുംബത്തിലെ ഒരംഗമാകണം. മനുഷ്യത്വമുള്ള ഒരു ഹൃദയം അവർക്കുണ്ടാകണം. ഒന്നുമല്ലെങ്കിലും ഒരു നല്ല അയൽക്കാരനാകണം. അതുകൊണ്ടാണ് നാട്ടുകാർ ഒരു രാത്രി മുഴുവൻ ഉറക്കമിളച്ചിരുന്ന് പ്രതിഷേധിച്ചത്. അവന്റെ ഭാര്യയ്ക്കും മക്കൾക്കും കുടുംബത്തിനും സമീപവാസികൾക്കും സ്വസമുദായത്തിനും മാത്രമാണല്ലോ

നഷ്ടവും വേദനയും ഉണ്ടായത്.

എന്തിനേറെ ഈ സംഭവത്തെക്കുറിച്ച് ഒരു ദൃശ്യമാധ്യമവും പ്രതികരിച്ചില്ല. തെരുവുനായശല്യത്തെക്കുറിച്ച് ഒരു ചാനലും ചർച്ച നടത്തിയില്ല. തീരദേശവാസികളെ പട്ടികൾ കടിച്ചാൽ ചാനലിന്റെ റേറ്റിംഗ് കുറയുകയൊന്നുമില്ലല്ലോ. കഷ്ടം...!

പിന്നെ സർക്കാർ. പണ്ടേ ദുർബല, പിന്നെ ഗർഭിണി കൂടിയായാലോ എന്ന അവസ്ഥയിലാണ്. തെരുവുനായ നിർമാർജനത്തിന് പണ്ടേ താല്പര്യമില്ലാത്ത ഭരണസംവിധാനം. ഇന്നിപ്പോ തെരുവുനായ പ്രശ്നത്തിൽ എബിസി പദ്ധതി നടപ്പിലാക്കുംപോലും. എന്താണ് എബിസി പദ്ധതി? തെരുവുനായ്ക്കളെ പിടികൂടി വന്ധ്യംകരിച്ച് സംരക്ഷിക്കും. അല്ലാതെ തെരുവുനായ്ക്കളുടെ നശീകരണമല്ല, എബിസിയുടെ ലക്ഷ്യം. കൊച്ചൗസേഫ് ചിറ്റിലപ്പള്ളി ആരോപിച്ചതുപോലെ പേവിഷത്തിനെതിരെ മരുന്നുൽപ്പാദിപ്പിക്കുന്ന കമ്പനികളുടെ കമ്മിഷൻ ഏജന്റായി പ്രവർത്തിക്കുന്ന ഒരു കേന്ദ്രമന്ത്രിയുടെ ദുരുദ്ദേശപരമായ നായപ്രേമമാണ് ഈ ദുരന്തത്തിനെല്ലാം വഴിവയ്ക്കുന്നത്. അതുകൊണ്ടാണല്ലോ നായപ്രേമം മൂത്ത് കുറേപ്പേർ മാസങ്ങൾക്കുമുൻപ് സെക്രട്ടേറിയേറ്റുപടിക്കൽ തെരുവുനായ സംരക്ഷണം ആവശ്യപ്പെട്ട് ഉപവസിച്ചത്. മനുഷ്യത്വത്തിന്റെ വിലയറിയാത്ത കുറേ മൃഗ സ്നേഹികൾ. കഴിഞ്ഞ ഒക്ടോബറിൽ ശിലുവാമ്മയെ പട്ടിതിന്ന ദിവസം ഭരണകർത്താക്കളും നായ പ്രേമികളും എന്താ പറഞ്ഞത്. തെരുവുനായ്ക്കളെ മുഴുവൻ പിടികൂടി വന്ധ്യംകരിച്ച് അവയെ ഒരു പ്രത്യേകസ്ഥലത്ത് സംരക്ഷിക്കും. ഏതോ ഒരു പോലീസ് ഏമാൻ അക്കൂട്ടത്തിൽ പറഞ്ഞു. തെരുവുനായ്ക്കളെ പിടികൂടി അവയിൽ ചിലതിനെ പരിശീലിപ്പിച്ച് പോലീസ് സേനയിൽ ചേർക്കുമെന്ന്. ഇങ്ങനെ തെരുവുനായ്ക്കൾക്കുവേണ്ടി എന്തൊക്കെയായിരുന്നു വാഗ്ദാനങ്ങൾ. പിന്നെ അതോർത്തെടുക്കാൻ ജോസ് ക്ലിന്റെ മരണം വേണ്ടിവന്നു. മനുഷ്യജീവൻ സംരക്ഷിക്കേണ്ട ഭരണസംവിധാനം ഇക്കാര്യത്തിൽ പുലർത്തുന്ന നിസംഗതയുടെ ഗൗരവമറിയാൻ അവർ തന്നെ നിരത്തുന്ന കണക്കുകൾ ധാരാളം മതി. 2013–16 കാലയളവിൽ മൂന്നര ലക്ഷം പേരെ നായ കടിച്ചു. അതിൽ 1.11 ലക്ഷം പേരെ നായ കടിച്ചത് 2016 ഏപ്രിലിനും 2017 ജനുവരിക്കും ഇടയിലാണ്. ഇതിൽ തിരുവനന്തപുരത്തുകാർ 21563 പേരുണ്ട്. 33 പേർ സംസ്ഥാനത്ത് പേവിഷബാധയേറ്റ് മരിച്ചു. 19 പേർ നഷ്ടപരിഹാരത്തിന് ജസ്റ്റിസ് ഗിരിജഗൻ കമ്മിഷനെ സമീപിച്ചു. തെരുവുനായ്ക്കൽ കാരണം 752 വാഹന അപകടങ്ങൾ ഉണ്ടായി. സംസ്ഥാനത്തിപ്പോൾ മൂന്നുലക്ഷത്തിലേറെ തെരുവുനായ്ക്കളുണ്ട്. എബിസി പദ്ധതി പ്രകാരം വന്ധ്യംകരിച്ച നായ്ക്കളുടെ എണ്ണം 26355. ഒരു നായയെ വന്ധ്യം കരിക്കാനുള്ള ചെലവ് 2100 രൂപ. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള നായപിടുത്തക്കാരുടെ എണ്ണം വെറും 42. ഇതുകൂടാതെ ചില പുതിയ വാഗ്ദാനങ്ങൾ കൂടിയുണ്ട്. നായപിടുത്തവും വന്ധ്യംകരണവും സ്വകാര്യ ഏജൻസിയെ ഏൽപ്പിക്കും. കുടുംബശ്രീ പ്രവർത്തകരെ ഇതിനായി ഉപയോഗിക്കും. സർക്കാരിന്റെ നിരുത്തരവാദിത്വത്തിന്റെ ലജ്ജാകരമായ പ്രതിഫലനം. സംസ്ഥാനത്തെ ജനസംഖ്യ മൂന്നുകോടിയിലേറെ. നായ്ക്കൽ മൂന്നുലക്ഷത്തിലേറെ. ഇത് ഏകദേശ കണക്കുമാത്രം. ഇതാണ് അവസ്ഥയെങ്കിൽ കേരളം തെരുവുനായ ശല്യത്തിൽ നിന്ന് അടുത്തകാലത്തൊന്നും രക്ഷപെടാൻ പോകുന്നില്ല. കാരണം പ്രതിവർഷം 5000 തെരുവുനായ്ക്കളെയേ വന്ധ്യംകരിക്കൂ. അതിനുള്ള സൗകര്യമേ ഇപ്പോഴുള്ളൂവെന്ന് സാരം. ഇതിൽ കൂടുതലായാൽ ഇതെങ്ങാനും വംശനാശം വന്നുപോയാലോ? കേന്ദ്ര മന്ത്രി മേനകാ ഗാന്ധി പിണങ്ങിയാലോ? തെരുവുനായ്ക്കൾക്കെതിരെ കൊച്ചൗസേഫും ജോസ് മാവേലിയും രംഗത്തെത്തിയപ്പോൾ ചിലരുടെ പട്ടിപ്രേമം കേരള ജനത കണ്ടതാണ്. എന്തായിരുന്നു അവരുടെ പ്രകടനം. ജോസ് മാവേലിക്കെതിരെ കേസ്. അറസ്റ്റുവാറണ്ട്. അക്രമികാരികളായ നായ്ക്കളെ കൊല്ലാമെന്ന് ഹൈക്കോടതി പറഞ്ഞിട്ടും പട്ടിപ്രേമികൾ സമ്മതിച്ചില്ല. അവർ വന്ധ്യംകരിക്കാൻ പിടിച്ചതിലേറെ നായ്ക്കളെ പുല്ലുവിളയിൽ തിരികെയെത്തിച്ചു. ജനങ്ങളുടെ ജീവൻ സംരക്ഷിക്കുക എന്ന കടമ ഭരണത്തിലിരിക്കുന്നവർ വിസ്മരിക്കുമ്പോൾ മനുഷ്യസ്നേഹികൾക്ക് ഒന്നേ ചെയ്യാനാവൂ. തെരുവുനായ നിർമ്മാർജനം കടമയായി കരുതി മുന്നിട്ടിറങ്ങുക. ഏതുവിധേനയും അവയെ നശിപ്പിക്കുക. തെരുവുനായ്ക്കൾക്ക് ആവാസവ്യവസ്ഥയൊരുക്കുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുക. തീരദേശത്ത് മാലിന്യനിക്ഷേപത്തിനെത്തുന്നവരെ കണ്ടെത്തി വേണ്ടവിധത്തിൽ കൈകാര്യം ചെയ്യുക. തീരസംരക്ഷണം പോലെ തന്നെ തന്റെ സഹോദരങ്ങളുടെയും അയൽക്കാരുടെയും ജീവസംരക്ഷണം തന്റെ ഉത്തരവാദിത്വമായി കരുതി പ്രവർത്തിക്കുകയും പ്രതികരിക്കുകയും ചെയ്യുക. പട്ടിയെ കൊന്നതിന്റെ പേരിൽ ഇതുവരെയാരെയും തൂക്കിലേറ്റിയിട്ടില്ല. അതിനുള്ള നിയമവുമില്ല. തീരദേശജനത മനസ്സറിഞ്ഞ് പ്രവർത്തിച്ചാൽ ഒരുദിവസം കൊണ്ട് തീരാവുന്നതേയുള്ളൂ ഈ തെരുവുനായ ശല്യം. പക്ഷേ, മനസ്സുവയ്ക്കണമെന്നു മാത്രം! ■



*(പേജ് 21-ന്റെ തുടർച്ച)*

വായിച്ചിരുന്ന ഗിരിചന്ദ്രൻ സാറും ഒരു കലാകാരൻ എന്ന നിലയിലാണ് അറിയപ്പെട്ടത്. കവിത, സാഹിത്യം, നാടകം, പ്രസംഗം എന്നിവയുടെയെല്ലാം ആദ്യപാഠങ്ങളുടെ എന്റെ കളരിയായിരുന്നു ലിയോ തേട്ടിന്ത്. കൂടാതെ മനുഷ്യത്വത്തിന്റെ ആദ്യ പാഠങ്ങൾ പകർന്നു തന്നതും ഇതേ വിദ്യാലയം തന്നെ.

രണ്ടു ഹിന്ദി അധ്യാപികമാരായിരുന്നു ഞങ്ങൾക്കുണ്ടായിരുന്നത്. അഞ്ചാം ക്ലാസ്സിൽ ഞാൻ ആദ്യമായി ആ വിദ്യാലയത്തിൽ കടന്നു ചെന്നപ്പോൾ എന്റെ ക്ലാസധ്യാപികയായി വന്ന ശാരദ ടീച്ചർ, ഹിന്ദിയോടുള്ള താല്പര്യം വർദ്ധിപ്പിച്ചു. പിന്നീട് ഏഴിലും ഒൻപതിലും പത്തിലും ഹിന്ദി പഠിപ്പിച്ച സുലോചന ടീച്ചർ. എല്ലാ ദിവസവും രാവിലെ പത്തു മിനിട്ട് നേരത്തെ ഒരു അസംബ്ലിയുള്ള സ്കൂളായിരുന്നു അത്. അത്രയൊന്നും മെച്ചപ്പെട്ട സാമ്പത്തിക സ്ഥിതിയുള്ള കുടുംബമായിരുന്നില്ല ഞങ്ങളുടേത്. എങ്കിലും ഒരു നേരം പോലും മക്കളെ പട്ടിണിക്കിടാതെ പോറ്റിയിരുന്നു എന്റെ മാതാപിതാക്കൾ. എന്തുകൊണ്ടോ ഒരു ദിവസം രാവിലെ ഒന്നും കഴിക്കാതെയാണ് സ്കൂളിൽ വന്നത്. അസംബ്ലി പതിവിലധികം നീളുകയും വെയിൽ കനക്കുകയും ചെയ്തപ്പോൾ ഏഴാം ക്ലാസ്സിലെ വരിയിൽ ഒറ്റത്തു നില്ക്കുകയായിരുന്ന ഞാൻ നിലത്തു വീണു. ഉടൻ തന്നെ ഒന്ന് രണ്ട് അധ്യാപകർ ഓടി വരികയും എന്നെ സ്റ്റാഫ് റൂമിലെ ബെഞ്ചിൽ കിടത്തുകയും ചെയ്തു. സുലോചന ടീച്ചർ എവിടെ നിന്നോ ഓടി വന്ന് ചായ വരുത്തിച്ച് അടുത്തിരുന്ന് എന്നെ അതു കുടിപ്പിച്ചു. അപ്പോഴേക്കും ഞാൻ സാധാരണ നിലയിലായിരുന്നു. ഒരു നിമിഷനേരത്തേക്കുള്ള ഒരു ബോധക്ഷയം. അത്ര മാത്രം. പക്ഷേ, അടുത്ത ദിവസം രാവിലെ ക്ലാസ്സ് തുടങ്ങുന്നതിനു മുമ്പ് സുലോചന ടീച്ചർ എന്റെ ക്ലാസ്സിൽ വന്നു. ബാഗിൽ നിന്നും ഒരു സ്റ്റീൽ ചോറ്റുപാത്രം പുറത്തെടുത്ത് മാതൃസഹജമായ ഒരു മന്ദഹാസത്തോടെ എന്റെ നേരെ നീട്ടി. കാര്യമൊന്നും പിടികിട്ടാതെ നില്ക്കുകയായിരുന്ന എന്നോട് ടീച്ചർ പറഞ്ഞു, 'ഇനി മുതൽ എല്ലാ ദിവസവും പ്രാതൽ ഞാൻ കൊണ്ടു വന്നു തരും'. എന്റെ കണ്ണുകൾ അറിയാതെ നനഞ്ഞു പോയി. അന്നു വൈകുന്നേരം വീട്ടിൽ വന്നയുടൻ അമ്മയോട് ഇക്കാര്യം പറഞ്ഞപ്പോൾ അമ്മ എന്നെ ചേർത്തു നിറുത്തിക്കൊണ്ട് കാതിൽ മന്ത്രിച്ചു. 'സുകൃതം'. ഞാനറിയാതിരിക്കാൻ ശ്രമിച്ചു കൊണ്ട് എന്നെപ്പോലെ തന്നെ അമ്മയും അപ്പോൾ കണ്ണു തുടയ്ക്കുകയായിരുന്നു.

# അക്ഷരമണമുള്ള അച്ഛൻ

● സിസ്റ്റർ ലിസ്യൂ വർഗ്ഗീസ് എസ്‌വിസി
ലക്ചറർ, കേരള സർവകലാശാല

ജൂൺമാസം അക്ഷരമഴയുടെ മാസമാണ്. 'ഒരു കുടയും കുഞ്ഞു പെങ്ങളു'മായി മുട്ടത്തുവർക്കിയോടൊപ്പം സ്കൂളോർമ്മയുടെ മഴകാലവും ഓർമ്മകളിൽ വന്നുചേക്കേറുമ്പോൾ ഒറ്റത്ത് നിറഞ്ഞ ചിരിയോടെ നീട്ടിയ പുസ്തകവുമായി എന്റെ അപ്പച്ചനുണ്ട്. പത്തുമക്കളായിരുന്നു അപ്പന്റെയും അമ്മയുടെയും സമ്പാദ്യം. കൊച്ചിൻ ഹാർബറിൽ നിന്നുലഭിക്കുന്ന തുച്ഛമായ വരുമാനം കൊണ്ട് അന്നത്തോടൊപ്പം അക്ഷരവും ഊട്ടി ഞങ്ങളെ വളർത്താൻ അവർ സഹിച്ച ത്യാഗങ്ങൾ അക്കമിട്ടുനിരത്തിയാൽ തീരില്ല. പഴയ പത്താംക്ലാസ്സുകാരനായ അപ്പച്ചൻ എന്നും പത്രം വായിക്കുമായിരുന്നു. പത്രത്തിൽ വായിക്കുന്ന ജോലി സാധ്യതകളും, കോഴ്സുകളുമെല്ലാം അയൽക്കാരോടൊക്കെ പറയുന്ന ശീലവും അപ്പനുണ്ടായിരുന്നു. ആ നല്ല ശീലം ഇന്ന് ഞങ്ങളും തുടരുന്നു. അമ്മയുടെ തനത് സമ്പാദ്യത്തിൽ നിന്നുള്ള ചില്ലറകൾ കൊണ്ടാണ് ഞങ്ങൾ 'ബാലരമയും' 'ബോബനും മോളിയുമെല്ലാം വാങ്ങിയിരുന്നത്. അതിരുവേലി കെട്ടുന്നതിനാവശ്യമായ ഓല അമ്മ തന്നെയാണ് മെടഞ്ഞിരുന്നത്. വൈകുന്നേരമാകുമ്പോൾ ആ കുമ്പളത്തിക്കാരി എന്നെക്കൊണ്ട് എണ്ണമെടുപ്പിക്കും. പ്രാഥമിക വിദ്യാഭ്യാസം മാത്രമുള്ള അമ്മയുടെ 'കണക്കുടൂഷ' നായിരുന്നു അത്. സന്ധ്യാപ്രാർത്ഥനയ്ക്കൊപ്പം മക്കളോരോരുത്തരും ബൈബിൾ വായിക്കുമ്പോൾ അക്ഷരത്തെറ്റുകൾ തിരുത്തി അപ്പച്ചനൊരു മലയാളം ടീച്ചറാകുമായിരുന്നു. മീൻവാങ്ങുമ്പോൾ നിശ്ചിത എണ്ണത്തിൽ കൂടുതലുണ്ടെങ്കിൽ കച്ചവടക്കാരന് തിരികെ കൊടുക്കാൻ പോയിരുന്ന അപ്പൻ യൗസേപ്പിതാവിനേക്കാൾ നീതിമാനായിട്ടാണ് എനിക്ക് തോന്നിയിരുന്നത്. ഇങ്ങനെ എത്രയെത്ര ജീവിത പാഠങ്ങൾ അപ്പൻ ഞങ്ങൾക്കുനൽകി.

1980 ൽ ടെലിവിഷൻ ഞങ്ങളുടെ നാട്ടിൽ രംഗപ്രവേശം നടത്തിയപ്പോൾ അപ്പനെനിക്ക് പൊതുവിജ്ഞാനത്തിന്റെ വാതിൽ തുറന്നുതന്നു. രാത്രി വൈകുവോളം ഒളിമ്പിക്സ് മത്സരങ്ങളും, സ്പോർട്സുമെല്ലാം കണ്ട് വിവിധ രാജ്യങ്ങളുടെ പേരും പതാകയും കാണാതെ പഠിച്ചുകൊണ്ടായിരുന്നു ക്വിസ് മത്സരങ്ങളിലുള്ള എന്റെ ചായ്‌വ് ഞാൻ മനസ്സിലാക്കിയത്. വിജയപരാജയങ്ങൾ കണക്കിലെടുക്കാതെ ഉപന്യാസമെഴുതാനും, പ്രസംഗം പറയാനും, സംവാദത്തിലേർപ്പെടാനുമൊക്കെ അപ്പനുമമ്മയുമെന്നെ പ്രോത്സാഹിപ്പിച്ചിരുന്നു. പത്താംതരം പാസായി ഞാൻ സന്യാസജീവിതം തെരഞ്ഞെടുക്കുമ്പോഴും അപ്പച്ചനെന്നോട് ഒന്നേ പറഞ്ഞുള്ളൂ; 'വായന മുടക്കരുത്."

എന്റെ വിദ്യാഭ്യാസകാലത്ത് അപ്പനുമമ്മയും പകർന്നു തന്ന മൂല്യങ്ങൾ ഇന്നും എന്റെ ജീവിതത്തിൽ വഴിവിളക്കാണ്. അക്ഷരങ്ങളോടുള്ള സ്നേഹവും വായനയോടുള്ള പ്രതിപത്തിയും കൊണ്ടാണ് ബിരുദാനന്തരബിരുദത്തിന് ഞാൻ ലൈബ്രറി സയൻസ് ഐച്ഛികവിഷയമായി എടുത്തത്. ഇന്ന് ഞാനൊരു സർവകലാശാലയിൽ അധ്യാപികയാണ്. പുസ്തകങ്ങൾ പരസ്പരം 'സംസാരിക്കുന്ന' സർവകലാശാല ലൈബ്രറിയിൽ നിൽക്കുമ്പോൾ എനിക്ക് തോന്നിയിട്ടുണ്ട്: ഇല്ല; ഒന്നും തെറ്റിയിട്ടില്ല. എനിക്ക് പറ്റിയ ഇടം ഇതു തന്നെയാണ്.

മക്കളുടെ ജീവിത പുസ്തകത്തിൽ അറിവിന്റെയും അക്ഷരത്തിന്റെയും നിറങ്ങൾ ചാലിച്ചുചേർത്ത എന്റെ അപ്പച്ചൻ ഇന്നില്ല. അമ്മയുടെ ഓർമ്മകളെ മറവി പിടികൂടിയപ്പോഴും മറക്കാതെ പറയുന്ന ഒന്നുണ്ട്: 'നിന്റെ അപ്പൻ വലിയ വായനക്കാരനായിരുന്നു.' ഇന്നും, എന്റെ ഓർമകളുടെ വൈകുന്നേരങ്ങളിൽ അപ്പച്ചൻ ഒരു ബാലരമയുമായി കടന്നുവരാറുണ്ട്. ■

ഫാ. ജോസ് ജി.

# മാമ്മോദീസയ്ക്ക് തലതൊടാൻ സ്ഥൈര്യലേപന സ്വീകരണം നിർബന്ധമോ?

തിരുവനന്തപുരം അതിരൂപതയിലെ ഒരു ഇടവക വികാരിയാണ് ഞാൻ. എന്റെ ഇടവകയിലെ ഒരു കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് കുഞ്ഞിന്റെ അമ്മയുടെ സഹോദരിയും സഹോദരനും തലതൊടാൻ ആഗ്രഹിക്കുന്നു. തലതൊടാൻ ആഗ്രഹിക്കുന്ന 22 വയസ്സ് പ്രായമുള്ള സഹോദരി സ്ഥൈര്യലേപനം സ്വീകരിച്ചിട്ടുണ്ട്. അതേസമയം 17 വയസ്സ് പ്രായമുള്ള സഹോദരൻ സ്ഥൈര്യലേപനം സ്വീകരിച്ചിട്ടില്ല. കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് ജ്ഞാനപിതാവാകാൻ സ്ഥൈര്യലേപനം സ്വീകരിച്ചിട്ടില്ലാത്ത സഹോദരന് എന്തെങ്കിലും നിയമ തടസ്സമുണ്ടോ?



മാമ്മോദീസയ്ക്ക് ജ്ഞാനപിതാക്കളുടെ യോഗ്യതയെസംബന്ധിച്ചതാണ് താങ്കളുടെ സംശയം. ജ്ഞാനമാതാപിതാക്കളുടെ യോഗ്യത മനസ്സിലാക്കാൻ മാമ്മോദീസ, ക്രിസ്തീയജീവിതം, ജ്ഞാനമാതാപിതാക്കൾ എന്നിവയെക്കുറിച്ച് പരിമിതമായെങ്കിലും അടിസ്ഥാനപരമായ അറിവുണ്ടാകേണ്ടത് ആവശ്യമാണ്. ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 849, 878 ഉം, പൗരസ്ത്യസഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CCEO) 675691 ഉം വിശദീകരിക്കുന്നു. CCI 849, LG 14 (രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ ലോകത്തിന്റെ പ്രകാശം എന്ന കോൺസ്റ്റിറ്റ്യൂഷൻ) എന്നിവ പ്രകാരം ക്രിസ്തീയ വിശ്വാസജീവിതത്തിലേക്കുള്ള പ്രവേശനകവാടമാണ് മാമ്മോദീസ. (CCC 1247 കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം). CIC 842§2 പ്രകാരം, പൂർണ്ണതോതിലുള്ള ക്രിസ്തീയ ജീവിതം ആരംഭിക്കാൻ പരസ്പര പൂരകങ്ങളായി വർത്തിക്കുന്ന മാമ്മോദീസ, സ്ഥൈര്യലേപനം, പരിശുദ്ധ ദിവ്യകാരുണ്യം എന്നീ കൂദാശകൾ ആവശ്യമാണ്.

CIC 872 പ്രകാരം, മാതാപിതാക്കളോടൊപ്പമോ (ശിശു ജ്ഞാനസ്നാനമാണെങ്കിൽ) അല്ലാതെയോ (മുതിർന്നവരുടെ ജ്ഞാനസ്നാനമാണെങ്കിൽ) മാമ്മോദീസ സ്വീകരിച്ച വ്യക്തിക്ക് / കുഞ്ഞിന് അനുരൂപമായ രീതിയിൽ ക്രിസ്തീയ ജീവിതം നയിക്കാൻ സഹായിക്കുക, മാമ്മോദീസയിൽ അടങ്ങിയിരിക്കുന്ന കടമകൾ വിശ്വസ്തതയോടെ നിറവേറ്റാൻ സഹായിക്കുക എന്നിവയാണ് ജ്ഞാനമാതാപിതാക്കളുടെ (തലതൊടുന്നവരുടെ) കടമ.

പൂർണ്ണതോതിലുള്ള ക്രിസ്തീയ ജീവിതം ആരംഭിക്കാൻ മാമ്മോദീസ, സ്ഥൈര്യലേപനം, വിശുദ്ധ കുർബ്ബാന എന്നിവ ആവശ്യമാണെന്ന് മുകളിൽ കണ്ടതാണ്. മാമ്മോദീസ സ്വീകരിച്ച വിശ്വാസിയെ ക്രിസ്തീയ ജീവിതം നയിക്കാൻ സഹായിക്കുകയാണ് ജ്ഞാനമാതാപിതാക്കളുടെ കടമ. പ്രസ്തുത സഹായം അനുയോജ്യമായി നൽകാനുള്ള കടമ ഏറ്റെടുക്കുന്ന ജ്ഞാനമാതാപിതാക്കൾ പരസ്പര പൂരകങ്ങളായി വർത്തിക്കുന്ന കൂദാശകൾ സ്വീകരിച്ചുകൊണ്ട് പൂർണ്ണതോതിലുള്ള ക്രിസ്തീയ ജീവിതം ആരംഭിച്ചവരായിരിക്കണം. CIC 874§1, CCEO 685§ 1,2 എന്നിവ ജ്ഞാനമാതാപിതാക്കളുടെ യോഗ്യതകൾ വ്യക്തമാക്കുന്നു. CIC 874§1, 3°; CCEO 685 §1, 1°; പ്രകാരം മാമ്മോദീസയ്ക്ക് തലതൊടുന്ന വ്യക്തി സ്ഥൈര്യലേപനം, പരിശുദ്ധ ദിവ്യകാരുണ്യം എന്നീ കൂദാശകൾ സ്വീകരിച്ചിട്ടുള്ള കത്തോലിക്കനോ/യായിരിക്കണം.

ഇനി താങ്കളുടെ സംശയത്തിലേയ്ക്കു വരുന്നു; സ്ഥൈര്യലേപനം സ്വീകരിക്കാത്ത കത്തോലിക്കന് കുഞ്ഞിന്റെ മാമ്മോദീസയ്ക്ക് ജ്ഞാനപിതാവാകാൻ എന്തെങ്കിലും തടസ്സമുണ്ടോ എന്നതാണ് താങ്കളുടെ സംശയം. CIC 474 §1,3°, CCEO 685§1,1° എന്നിവ താങ്കളുടെ സംശയത്തിനുള്ള ഉത്തരം നൽകുന്നു. അതനുസരിച്ച്, സ്ഥൈര്യലേപനം സ്വീകരിക്കാത്ത ഒരു കത്തോലിക്കാ വിശ്വാസിക്ക് മാമ്മോദീസയ്ക്ക് ജ്ഞാനപിതാവോ ജ്ഞാനമാതാവോ ആകാൻ സാധിക്കില്ല. ■



## കഥ

**താരാ ഇഗ്നേഷ്യസ്**
അധ്യാപിക, എച്ച്.എസ്.എസ് പള്ളിത്തുറ

നിറയെ വാകകൾ പൊഴിഞ്ഞുകിടക്കുന്ന നിരത്തിലൂടെ വെറുതെ നടക്കുമ്പോൾ നൂറുനൂറു ചിന്തകളായിരുന്നു. ഈയിടെയായി ചിന്തയിൽ നിറഞ്ഞുനിൽക്കുന്ന കഥാപാത്രമാണ് അമ്മ. ഏതെല്ലാം തരത്തിലെ അമ്മമാരെ കുറിച്ച് കേട്ടിരിക്കുന്നു?

കരളും വൃക്കയും മക്കൾക്ക് ദാനമായി കൊടുത്ത അമ്മ! കണ്ണുകാണാത്ത മകന് ഒരു കണ്ണ് നൽകിയ അമ്മ, ഹൃദയം നൽകിയ അമ്മ, മരിക്കുന്ന നേരത്തും മക്കൾക്കുള്ള ആഹാരത്തെക്കുറിച്ച് ചിന്തിക്കുന്ന അമ്മ... ആശുപത്രിയിലേക്കുള്ള വഴിയിലും നാളെ മക്കൾ എന്ത് ഉണ്ണുമെന്നും ഉടുക്കുമെന്നും വേവലാതിപ്പെടുന്ന അമ്മ...

ജനിച്ചയുടനെ കുഞ്ഞിനെ ഉപേക്ഷിച്ച അമ്മ, കുഞ്ഞിനെ വിറ്റ് കാശ് വാങ്ങിയ അമ്മ, കക്കൂസിൽ പ്രസവിച്ച് അവിടെ തന്നെ കുഞ്ഞിനെ കുഴിച്ചുമൂടിയ അമ്മ, കാശിനു വേണ്ടി മകളുടെ ഉടൽ വിൽക്കാൻ കൂട്ടുനിന്ന അമ്മ.... വയ്യ... ചിന്തിക്കാൻ വയ്യ എത്രയെത്ര തരം അമ്മമാരാണ്?

എന്തൊക്കെ ചിന്തിച്ചാലും അമ്മയെന്ന വാക്കിന് 'അമ്മിഞ്ഞ'യോളം മധുരമുണ്ടെന്നതാണ് സത്യം. മെയ് 15 ന് രാവിലെ ഫോണിൽ നെറ്റ് ഓൺ ചെയ്തപ്പോൾ കണ്ട ഫെയ്സ് ബുക്ക് സന്ദേശം... 'പ്രത്യേക ശ്രദ്ധക്ക് ഇന്നലെ മാതൃദിനത്തോടനുബന്ധിച്ച് അമ്മമാരെ വൃദ്ധസദനത്തിൽ നിന്നും കൊണ്ടുപോയവർ ഇന്നുവൈകുന്നേരം അഞ്ച് മണിക്കകം തിരികെ ഏൽപ്പിക്കണം.' ഞെട്ടലോടെ ഞാൻ അമ്മ കട്ടിലിൽ തന്നെയുണ്ടെന്ന് ഒരിക്കൽ കൂടെ ഉറപ്പുവരുത്തി.

# മാതൃദിനം

ഞാനോർക്കുന്നുണ്ട് എന്നും അമ്മ ചേച്ചിയുടെ അമ്മയായിരുന്നു. ചേച്ചിയുടെ പഠിപ്പും ജോലിയുമാണ് അമ്മയുടെ ലക്ഷ്യം എന്നെനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. അമ്മ പ്രാർത്ഥിച്ചതും പ്രയത്നിച്ചതും അതിനാണ്. ഞാൻ എട്ടാം ക്ലാസ് കഴിഞ്ഞപ്പോഴാണ് 'അമ്മ'യെ അമ്മയെന്ന് വിളിക്കാൻ എനിക്ക് അനുവാദം ലഭിച്ചത്.

വൈകിയാണെങ്കിലും എനിക്ക് ജോലി കിട്ടിയപ്പോ അമ്മയുടെ മുഖത്ത് ഗൂഢമായൊരു ചിരി ഞാൻ കണ്ടതാണ്. പുറത്തുകാണിക്കാൻ ചേച്ചിയുടെ ഭരണം അനുവദിച്ചിട്ടില്ലായിരുന്നു. ഡോക്ടറായ മകളോട് അമ്മ വിധേയയായിട്ടാണ് ജീവിച്ചിരുന്നത്. അമ്മ എന്തിന് പേടിക്കണം എന്നെനിക്ക് പലപ്പോഴും തോന്നിയിരുന്നു. പക്ഷേ ഒന്നും ചോദിക്കാൻ മനസ്സുവന്നില്ല. പപ്പയുടെ മരണശേഷം ചേച്ചിയായിരുന്നു വീടിന്റെ രക്ഷാധികാരി. പപ്പയെ ഞാൻ കണ്ടിട്ടില്ല. കേട്ടറിവേയുള്ളൂ. നല്ല മനുഷ്യനായിരുന്നത്രേ. അല്ലേൽ തന്നെ ഞാനെങ്ങനെ അറിയാനാണ്?

എന്റെ നാലാം വയസ്സിലാണ് ഞാനിവിടേക്ക് വന്നത്. മകൾ കൂട്ടായി ഒരു വേലക്കാരിപെണ്ണായി കൊണ്ടുവന്നതാണിവിടെ. ആർക്കോ പിതൃത്വം അവകാശപ്പെടാവുന്ന, പണത്തിനായി മകളെ വിൽക്കാൻ തയ്യാറായ മാതൃത്വത്തിന്റെ ഇര.

ഒന്നും ഓർക്കാൻ മനസ്സ് തയ്യാറല്ല. എപ്പോഴോ എന്നെ തിരിച്ചറിഞ്ഞ ചേച്ചിയുടെ അമ്മ പഠിക്കാൻ കൂടുതൽ പ്രോത്സാഹിപ്പിച്ചു. അവിടുന്ന് ഇവിടെവരെയുള്ള യാത്ര സുഖകരം മാത്രമായിരുന്നില്ല.

ചേച്ചിക്ക് അമ്മയെ വേണ്ടാതായത് ഡോക്ടറായി ലണ്ടനിലേക്ക് വിമാനം കയറിയശേഷമാണ്. അതുവരെ ഞാൻ 'അമ്മ' എന്നുവിളിക്കുന്നതിൽ തികഞ്ഞ രോഷമുണ്ടായിരുന്നത് എനിക്കറിയാം. അവിടെ ചെന്നതിൽ പിന്നെ ഒരു ഫോൺകോളേ ചേച്ചിക്ക് വേണ്ടിയിരുന്നുള്ളൂ. 'നിനക്കാണല്ലോ അമ്മയോട് സ്നേഹം



നീ എടുത്തോളൂ' എന്ന്. എനിക്ക് വലിയ നിധി കിട്ടിയതുപോലെയാണ് തോന്നിയത്. അന്നുമുതൽ അമ്മ എന്റെ മാത്രം അമ്മയായി.

ഭ്രാന്താശുപത്രിയിലെ ചങ്ങലക്കൂട്ടങ്ങൾക്കിടയിൽ നിന്ന് ഞാൻ എന്നെ പ്രസവിച്ച അമ്മയെ വേർതിരിച്ചറിഞ്ഞ് കൂടെക്കൂട്ടുമ്പോൾ ആ അമ്മയിലും ഞാൻ കണ്ടത് ചേച്ചിയുടെ അമ്മയെ തന്നെയായിരുന്നു. ധൂർത്തും അത്യാർത്തിയും തളർത്തിക്കളഞ്ഞ സുബോധമില്ലാത്ത അമ്മയെ ഞാൻ എന്തുപറഞ്ഞ് കുറ്റപ്പെടുത്തണം.

കഴിഞ്ഞദിവസം ചേച്ചിയുടെ ഫോൺ വന്നപ്പോൾ ഞെട്ടലോടെയാണ് ഞാൻ അത് അറ്റന്റുചെയ്തത്. മാതൃദിനത്തോടനുബന്ധിച്ച് ലണ്ടനിൽ നടത്തുന്ന സെൽഫി കോണ്ടസ്റ്റിൽ പങ്കെടുക്കാൻ അമ്മയോടൊപ്പം നിന്ന് ഫോട്ടോയെടുക്കണം. അരമണിക്കൂറിന് അമ്മയെ ആവശ്യമുണ്ടത്രേ. 'ആയിക്കോട്ടെ' എന്ന ഒറ്റവാക്കിൽ മറുപടി പറഞ്ഞ് ഞാൻ നിർത്തി.

ഇന്നിപ്പോൾ ഈ വാഗമരച്ചോട്ടിൽ തളർന്നിരിക്കുന്ന അമ്മമാരെ നോക്കി ഞാൻ എന്താണ് ചിന്തിക്കേണ്ടത്. വിലകൊടുത്തുവാങ്ങിയ വേലക്കാരി പെണ്ണിനെ മൗനമായി സ്നേഹിച്ച് പഠിപ്പിച്ച നിറചൈതന്യമാണ് അമ്മയെന്നോ? അതോ തന്റെ കുത്തഴിഞ്ഞ ജീവിതത്തിന് മകൾ തടസമാകാതിരിക്കാൻ മകളെ വിറ്റ് ആ കാശുകൊണ്ട് ധൂർത്തുനടത്തിയ ജീവനുള്ള മാംസമാണ് അമ്മയെന്നോ? എന്തായാലും ഒന്നറിയാം കൊതിയോടെ നുകരാൻ കൊതിക്കുന്ന സ്നേഹമധുരമാണമ്മ... ■

# വാർത്തകൾ

## ഏഴാമത് ഏഷ്യൻ യൂത്ത് ഡേ

ന്യൂഡൽഹി: ഏഴാമത് ഏഷ്യൻ യൂത്ത് ഡേയിൽ ഇന്ത്യയിൽ നിന്ന് 86 പേർ പങ്കെടുക്കും. ഇൻഡോനേഷ്യയിൽ ജൂലൈ 30 മുതൽ ഓഗസ്റ്റ് ആറുവരെയാണ് യൂത്ത് ഡേ. സെമറാങ് അതിരൂപതയാണ് ഏഷ്യൻ യൂത്ത് ഡേയ്ക്ക് ആതിഥേയത്വം അരുളുന്നത്. അപ്പസ്തോല പ്രവർത്തനങ്ങൾ രണ്ടാം അധ്യായം 1:12 ൽ നിന്ന് സ്വീകരിച്ചിട്ടുള്ളതാണ് യൂത്ത് ഡേയുടെ ആശയം. ജോയ്ഫുൾ ഏഷ്യൻ യൂത്ത് ലിവിംഗ് ദ ഗോസ്പൽ ഇൻ മൾട്ടികൾച്ചറൽ ഏഷ്യ എന്നതാണ് ആദർശവാക്യം. ലോക യുവജനസംഗമത്തിന് സമാനമായിട്ടാണ് ഏഷ്യൻ യൂത്ത് ഡേ അണിയിച്ചൊരുക്കിയിരിക്കുന്നത്.

## മൻസി മൈസുവിനെ ആദരിച്ചു

ചിറയിൻകീഴ്: സ്കൂൾ കായികമേളയിൽ പവർ ലിഫ്റ്റിംഗിൽ 227.5 കിലോഗ്രാം ഉയർത്തി സംസ്ഥാനതലത്തിൽ ഒന്നാംസ്ഥാനവും 230.5 കിലോഗ്രാം ഉയർത്തി ദേശീയതലത്തിൽ മൂന്നാംസ്ഥാനവും നേടിയ പുത്തുറ ഇടവകാംഗം മൻസി മൈസുവിന് ജന്മനാടിന്റെ ആദരം. ഇടവക വികാരി ഫാ. പോൾ ജി.യുടെ അധ്യക്ഷതയിൽ ചേർന്ന പൗര സ്വീകരണം നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ വി.ശശി ഉദ്ഘാടനം ചെയ്തു. ചിറയിൻകീഴ് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ആർ.സുഭാഷ്, സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അഞ്ചുതെങ്ങ് സുരേന്ദ്രൻ, ചിറയിൻകീഴ് പഞ്ചായത്ത് പ്രസിഡന്റ് എസ്.സീന, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ക്രിസ്റ്റി സൈമൺ, ഫാ. ശാന്തപ്പൻ അഞ്ചുതെങ്ങ് പോലീസ് സബ് ഇൻസ്പെക്ടർ ജോസ് എൻ.ആർ, ബിജു ജോസഫ്, ഫിലോമിന സൈറസ് എന്നിവർ പ്രസംഗിച്ചു.



*കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ നടന്ന മെയ്ദിനാഘോഷ ചടങ്ങിൽ നിന്ന്*

## കേരള ലേബർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ മെയ്ദിനം ആഘോഷിച്ചു

തിരുവനന്തപുരം: ഓരോ തൊഴിലും പരസ്പരം ബന്ധപ്പെട്ടതാണെന്നും നാം എല്ലാം അദ്ധ്വാനിക്കാൻ വിളിക്കപ്പെട്ടവരും സമൂഹത്തിന്റെയും കുടുംബത്തിന്റെയും ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കാൻ കടമപ്പെട്ടവരുമാണെന്ന് ബിഷപ്പ് ഡോ. ക്രിസ്തുദാസ് പറഞ്ഞു. ഏറ്റെടുക്കുന്ന ജോലി ആത്മസംതൃപ്തിയോടെ ചെയ്യുമ്പോൾ വിജയം കൈവരിക്കാൻ സാധിക്കുമെന്നും ഓരോ തൊഴിലും പരസ്പരം ശുശ്രൂഷയാണെന്നും എല്ലാ തൊഴിലിനെയും നാം ആദരിക്കണമെന്നും അദ്ദേഹം പറഞ്ഞു.

ലത്തീൻ അതിരൂപത സാമൂഹ്യശുശ്രൂഷാ സമിതിയും കേരള ലേബർ മൂവ്മെന്റും സംയുക്തമായി നടത്തിയ മെയ്ദിനാഘോഷ ചടങ്ങിൽ അനുഗ്രഹ പ്രഭാഷണം നടത്തുകയായിരുന്നു ബിഷപ്പ് ഡോ. ക്രിസ്തുദാസ്. ദിനാചരണം തിരുവനന്തപുരം കോർപ്പറേഷൻ മേയർ അഡ്വ. പ്രശാന്ത് ഉദ്ഘാടനം ചെയ്തു.

കെ.എൽ.എം രൂപതാ പ്രസിഡന്റ് ആഗസ്റ്റിൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സാമൂഹ്യശുശ്രൂഷ വിഭാഗം ഡയറക്ടർ ഫാ. ലെനിൻ രാജ് കെ.എൽ.എം സംസ്ഥാന ഭാരവാഹി പാലപ്പൂർ രവി, റിട്ട. അഡീഷണർ കമ്മീഷണർ അഡ്വ. വീരകുമാർ, കെ.എൽ.എം ജനറൽ സെക്രട്ടറി ശ്രീലത, കെ.എൽ.എം ആനിമേറ്റർ പ്രീതി, കെ.എൽ.എം രൂപത കോർഡിനേറ്റർ അന്നറീറ്റ എന്നിവർ പ്രസംഗിച്ചു.



*പവർ ലിഫ്റ്റിംഗിൽ വിജയകിരീടം ചൂടിയ മൻസി മൈസുവിന് ജന്മനാടിന്റെ ആദരം ഡെപ്യൂട്ടി സ്പീക്കർ വി.ശശി സമ്മാനിക്കുന്നു. ഫാ. പോൾ ജി സമീപം*



1) ശാന്തിപുരം ഇടവകയിൽ തയ്യൽ മെഷീൻ വിതരണം ഫാ. മരിയ ഡൊമിനിക്ക് നിർവ്വഹിച്ചപ്പോൾ ആർ.സഖറിയാസ്, ആൽബർട്ട്, ഡോൺ ബോസ്കോ, ഫ്രാൻസിസ്, സി.പൗളിൻ, കോൺഫറൻസ് ഭാരവാഹികൾ തുടങ്ങിയവർ സമീപം. 2) നന്തൻകോട് സേക്രട്ട് ഹാർട്ട് കോൺഫറൻസിന്റെ നേതൃത്വത്തിൽ നടന്ന പഠനോപകരണ വിതരണം.

# സെന്റ് വിൻസന്റ് ഡി.പോൾ സൊസൈറ്റി തയ്യൽ മെഷീൻ, പഠനോപകരണം വിതരണം ചെയ്തു

സെന്റ് വിൻസന്റ് ഡി പോൾ തിരുവനന്തപുരം സെൻട്രൽ കൗൺസിലിന്റെ കീഴിൽ പ്രവർത്തിക്കുന്ന സെന്റ് ജോസഫ് ശാന്തിപുരം, സെന്റ് സെബാസ്റ്റ്യൻ വെട്ടുത്തുറ, സെന്റ് ആന്റണി വലിയതുറ, സെന്റ് മേരി വലിയതുറ എന്നീ കോൺഫറൻസുകളുടെ നേതൃത്വത്തിൽ അതാത് ഇടവകയിലെ 48 നിർധന കുടുംബങ്ങൾക്ക് സ്വയം തൊഴിൽ പദ്ധതി പ്രകാരം തയ്യൽ മെഷീൻ വിതരണം ചെയ്തു. ഇടവക വികാരിമാരായ ഫാ. മരിയ ഡൊമിനിക്, ഫാ. റെക്സ് മോറായിസ്, ഫാ. മെൽക്കൺ എന്നിവർ മെഷീൻ വിതരണം നിർവഹിച്ചു. ഓരോ ഇടവകയിലെയും നിർധന കുടുംബങ്ങൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന്, തയ്യൽ മെഷീൻ വിതരണം ചെയ്ത വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങളെ വികാരിമാർ അഭിനന്ദിച്ചു. തൊഴിൽ ചെയ്ത് ലഭിക്കുന്ന ലാഭത്തിന്റെ ഒരു വിഹിതം മാറ്റിവച്ച് മറ്റുള്ളവരെക്കൂടി സഹായിക്കണമെന്ന്, സഹായം ലഭിക്കുന്ന കുടുംബങ്ങളോട് അവർ അഭ്യർത്ഥിച്ചു.. സി. പൗളിൻ, സി.ഐലിൻ വിക്ടർ, ബ്ര. സാംസൺ, എ.പി.ശേശയ്യ എന്നിവർ നേതൃത്വം നൽകി.

സെൻട്രൽ കൗൺസിൽ പ്രസിഡന്റ് സഖറിയാസ്, ജോയിന്റ് സെക്രട്ടറി ഫ്രാൻസിസ്, ആൽബർട്ട്, ഡോൺ ബോസ്കോ എന്നിവർ ആശംസകളർപ്പിച്ചു. നന്തൻകോട് സേക്രട്ട് ഹാർട്ട് കോൺഫറൻസിന്റെ നേതൃത്വത്തിൽ അതിരൂപതയിലെ നിരവധി ഇടവകയിലെ +2 മുതൽ അഞ്ചാം ക്ലാസ്സുവരെ പഠിക്കുന്ന സമർത്ഥരായ കുട്ടികളെ തെരഞ്ഞെടുത്തു. പഠനോപകരണങ്ങൾ വിതരണം ചെയ്തു. 643 കുട്ടികൾക്ക് പഠനോപകരണങ്ങൾ നൽകി. അതാത് ഇടവക വികാരിമാരുടെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിന് കോൺഫറൻസ് പ്രസിഡന്റ് പയസ് ചന്ദ്ര, ഏര്യാ കൗൺസിൽ പ്രസിഡന്റ് റോളിംഗ് ഫെർണാണ്ടസ്, കോൺഫറൻസ് അംഗങ്ങൾ എന്നിവർ നേതൃത്വം നൽകി.

## അഞ്ച് പുതിയ കർദിനാൾമാർ

വത്തിക്കാൻ: കത്തോലിക്കാ സഭയ്ക്ക് അഞ്ച് പുതിയ കർദിനാൾമാർ കൂടി. ഇന്നലെയാണ് ഫ്രാൻസിസ് മാർ പാപ്പ പുതിയ കർദിനാളുമാരുടെ പേരുവിവരങ്ങൾ പ്രഖ്യാപിച്ചത്. എൺപത് വയസിൽ താഴെ പ്രായമുള്ള, വോട്ടവകാശമുള്ള കർദ്ദിനാൾമാരാണ് ഇവരെല്ലാം. പുതിയ കർദിനാൾമാരുടെ പേരുവിവരങ്ങൾ ഇപ്രകാരമാണ്. ആർച്ച്ബിഷപ് ഹുവാൻ ഹൊസെ ഒമെല്ല.(സ്പെയിൻ) ബിഷപ് ലൂയി മാരി ലിങ് മാംഗഅനീക്കോൻ (ലാവോസ്), ബിഷപ് ഗ്രിഗോറിയോ റോസ ഷാവേസ്( എൽസാൽവദോർ) ആർച്ച്ബിഷപ് ജീൻ സെർബോ( ലാവോസ്), ആൻഡേഴ്സ് അർബോറിലൂസ് (ലാവോസ്).



മാധ്യമകമ്മിഷൻ സംഘടിപ്പിച്ച മാധ്യമ പരിശീലകർക്കുള്ള പരിശീലനക്കളരിയുടെ ഉദ്ഘാടനം ബിഷപ്പ് ഡോ. ക്രിസ്തുദാസ്.ആർ നിർവ്വഹിച്ചപ്പോൾ.

# അതിരൂപതയിൽ മാതൃദിനം ആഘോഷിച്ചു

വെള്ളയമ്പലം: ഈ വർഷത്തെ 'മദേഴ്സ് ഡേ' അതിരൂപതയിൽ വിവിധ ഇടവകകളിൽ വ്യത്യസ്തമായ ചടങ്ങുകളോടെ ആഘോഷിച്ചു. വെള്ളയമ്പലം വിശുദ്ധ കൊച്ചുത്രേസ്യാ ദേവാലയത്തിൽ നടന്ന മദേഴ്സ് ഡേ ആചരണം ചടങ്ങുകൾ കൊണ്ട് വ്യത്യസ്തമായി. അന്നേദിവസം ദേവാലയത്തിലെത്തിയ മുഴുവൻ അമ്മമാരെയും കിരീടം അണിയിച്ച് ആദരിച്ചുകൊണ്ടായിരുന്നു വെള്ളയമ്പലം ഇടവകയുടെ മദേഴ്സ് ഡേ ദിനാചരണത്തിന് ഇടവക വികാരി ഡോ. ഗ്ലാഡിൻ അലക്സ് മുഖ്യകാർമികത്വം വഹിച്ചു.



*വെള്ളയമ്പലം ഇടവകയിൽ മാതൃദിനാഘോഷത്തിന്റെ ഭാഗമായി ഇടവക വികാരി ഡോ. ഗ്ലാഡിൻ അലക്സ് അമ്മമാരെ കിരീടമണിയിക്കുന്നു*

കണ്ണാന്തുറ സെന്റ് പീറ്റേഴ്സ് ഇടവകയിൽ അൽമായ ശുശ്രൂഷാ സമിതിയുടെയും കെഎൽസിഡബ്ല്യുഎയുടെയും നേതൃത്വത്തിലായിരുന്നു മാതൃദിനാഘോഷം. ഇടവകയിലെ പതിനൊന്ന് വാർഡുകളിൽ നിന്ന് ഏറ്റവും കൂടുതൽ മക്കളുള്ള അമ്മമാരെ തെരഞ്ഞെടുത്ത് പൊന്നാട നൽകി ആദരിച്ചു. ചടങ്ങിന് ഇടവക വികാരി നേതൃത്വം നൽകി.



*കണ്ണാന്തുറ ഇടവകയിൽ മാതൃദിനാഘോഷത്തിന്റെ ഭാഗമായി ആദരിക്കപ്പെട്ട അമ്മമാർ ഇടവക വികാരി ഫാ. ലാസർ ബനഡിക്ടിനോടൊപ്പം*

## നവ മതാധ്യാപകർക്ക് പരിശീലനം നല്കി

തിരുവനന്തപുരം: ലത്തീൻ അതിരൂപതയിലെ ക്രിസ്തീയവിശ്വാസജീവിതപരിശീലനത്തിന് വിവിധ ഇടവകകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 135 പുതിയ അധ്യാപകർക്കുവേണ്ടി അടിസ്ഥാനപരിശീലന ക്ലാസുകൾ വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ നടത്തി. പ്രസ്തുത ക്ലാസിന്റെ ഉത്ഘാടന കർമ്മം അജപാലന ശുശ്രൂഷാ ഡയറക്ടർ ഫാ. ലോറൻസ് കുലാസ് നിർവഹിച്ചു. വിശ്വാസപരിശീലനം ഇന്നിന്റെ ആവശ്യകത, ബോധന മാധ്യമങ്ങൾ, ബോധന രീതി എന്നി വിഷയങ്ങളെക്കുറിച്ച് ഫാ. ലെനിൻ ഫെർണാണ്ടസ്, റവ. ഫാ. ജോൺ ബോസ്കോ, ദേവസഹായം എന്നിവർ ക്ലാസുകൾ നയിച്ചു. എക്സി. സെക്രട്ടറി ഫാ. മുത്തപ്പൻ അപ്പോലി, സെക്രട്ടറി ക്ലാരൻസ്.റ്റി എന്നിവർ സ്വാഗതവും നന്ദിയും അർപ്പിച്ചു.



*നവാധ്യാപകർക്കുള്ള പരിശീലന പരിപാടി അജപാലന ശുശ്രൂഷാ ഡയറക്ടർ ഫാ. ലോറൻസ് കുലാസ് ഉദ്ഘാടനം ചെയ്യുന്നു*

## വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയുടെ പേരിലെ 'പിള്ള' മാറ്റില്ലെന്ന് വത്തിക്കാൻ

ചെന്നൈ: വാഴ്ത്തപ്പെട്ട ദേവസഹായം പിള്ളയുടെ പേരിലെ ജാതീയ നാമമായ പിള്ള എടുത്തുകളയില്ലെന്ന് വത്തിക്കാൻ അറിയിച്ചു. സമീപഭാവിയിൽ തന്നെ വിശുദ്ധനായി പേരു ചേർക്കപ്പെടാൻ സാധ്യതയുള്ള പുണ്യാത്മാവാണ് ദേവസഹായം പിള്ള.

മുൻ ഐഎഎസ് ഓഫീസറായിരുന്ന എംജി ദേവസഹായവും അണ്ണൈ വേളാങ്കണ്ണി ഗ്രൂപ്പ് ഓഫ് എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻസ് ചെയർമാൻ എസ് ദേവരാജും വിശുദ്ധരുടെനാമകരണനടപടികളുടെ തലവൻ കർദിനാൾ ആഞ്ചെലോ അമാത്തോയ്ക്ക് നല്കിയ അപേക്ഷയിന്മേലാണ് ആർച്ച് ബിഷപ് മാർസെല്ലോ ബാർട്ടോലൂസി ഇക്കാര്യം അറിയിച്ചത്. വിശുദ്ധനായി നാമകരണം ചെയ്യുമ്പോൾ പിള്ള പേരിൽ നിന്ന് എടുത്തുകളയണം എന്നായിരുന്നു അപേക്ഷകർ അഭ്യർത്ഥിച്ചിരുന്നത്.

# തെരുവുനായ ശല്യം: സർക്കാർ നടപടി സ്വീകരിക്കണം

തിരുവനന്തപുരം: മനുഷ്യന്റെ സ്വൈര്യജീവിതം ഉറപ്പാക്കാൻ ബാധ്യസ്ഥരായ ഭരണകർത്താക്കൾ ഇക്കാര്യത്തിൽ കാണിക്കുന്ന അലംഭാവം ഒരിക്കലും അംഗീകരിക്കാൻ കഴിയില്ലെന്ന് തെരുവുനായ നിർമാർജനത്തോടെ സർക്കാർ കാണിക്കുന്ന അവഗണന ജനങ്ങളോടുള്ള വെല്ലുവിളിയാണെന്ന് തിരുവനന്തപുരം അതിരൂപതാ വികാരി ജനറൽ മോൺ. യൂജിൻ എച്ച്.പെരേര പറഞ്ഞു. പുല്ലുവിളയിൽ തെരുവുനായ ആക്രമണത്തിൽ ജോസ്ക്ലിൻ കൊല്ലപ്പെട്ട സംഭവത്തിൽ പ്രതിഷേധിച്ചുകൊണ്ട് കെഎൽസിഎ, കെഎൽസിഡബ്ല്യുഎ, ഡിസിഎംഎസ്, കെസിവൈഎം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ രക്തസാക്ഷി മണ്ഡപത്തിൽ നിന്നും സെക്രട്ടറിയറ്റ് പടിക്കലേക്ക് നടത്തിയ പന്തംകൊളുത്തി പ്രകടനം ഉദ്ഘാടനം ചെയ്ത് പ്രസംഗിക്കുകയായിരുന്നു മോൺ. യൂജിൻ എച്ച്.പെരേര. ആന്റണി ആൽബർട്ട്, ആർ.ആർക്കാഞ്ചലോ, ഫാ.ഷാജിൻജോസ്, ഫാ. ജോസ് ഫ്രാങ്ക്ലിൻ,ഷേർളി ജോണി, പീറ്റർ സെബാസ്റ്റ്യൻ, എം.എ.ജോണി, ഷീബാ പാക്ട്രിക് തുടങ്ങിയവർ പ്രസംഗിച്ചു.



എർണ്ണാകുളം ആശീർ ഭവനിൽ വച്ച് നടത്തിയ ക്രിസ്തീയവിശ്വാസജീവിത പരിശീലന സംസ്ഥാനതല സ്കോളർഷിപ്പ് പരീക്ഷയിൽ പങ്കെടുത്ത തിരുവനന്തപുരം അതിരൂപതയിലെ മത്സരാർത്ഥികൾ.



*പരുത്തിക്കുഴി ഇടവകയിൽ നടന്ന വിബിഎസിന്റെ സമാപന സമ്മേളനം ഉദ്ഘാടനം ചെയ്ത അതിരൂപതാ അജപാലന ശുശ്രൂഷാ ഡയറക്ടർ ഫാ. ലോറൻസ്കുലാസ് വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുന്നു. ഇടവക വികാരി ഫാ. ബീഡ് മനോജ് അമാദോ സമീപം.*



*ട്രിവാൻഡ്രം സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ വെട്ടുകാട് പ്രവർത്തിക്കുന്ന ആകാശപറവകൾ എന്ന അഗതികളുടെ അഭയ കേന്ദ്രത്തിലെ അന്തേവാസികളുടെ ആരോഗ്യ സംരക്ഷണം സ്വസ്തി ഫൗണ്ടേഷൻ ഏറ്റെടുത്തു. ഇതു സംബന്ധിച്ച ധാരണപത്രം സ്വസ്തി ഫൗണ്ടേഷൻ ചെയർമാൻ തിരുവനന്തപുരം ആർച്ച് ബിഷപ്പ് ഡോ. സൂസപാക്യത്തിന് കൈമാറുന്നു. മാനസീകാരോഗ്യ പ്രശ്നങ്ങളുള്ള നാൽപതോളം അന്തേവാസികൾക്ക് ഇനി മുതൽ മാസംതോറും ഡോക്ടർമാരുടെ സൗജന്യ സേവനം ലഭിക്കും*



# നീർച്ചാലുകൾ

ഞായറാഴ്ച വിചിന്തനങ്ങൾ

നീർച്ചാലുകൾ

ഫാ. വിക്ടർ എവരിസ്റ്റസ്

പന്തക്കുസ്താ തിരുനാൾ (ജൂൺ 4)

# തിടുക്കം കൂട്ടേണ്ട, 'ഒടുക്കം' വന്നെത്തും

അപ്പോ. 2: 1-11 | 1 കൊറി. 12: 3b-7,12-13 | യോഹ. 20:19-23



നമ്മുടെ കണ്ണീരിലും സങ്കടങ്ങളിലും നിസ്സഹായതകളിലും നമ്മെ സഹായിക്കുവാനായി ഓടിയെത്തുന്ന ഒരു നല്ല പിതാവാണ് നമ്മുടെ ദൈവം. പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമനായ പരിശുദ്ധാത്മാവിനെ ശിഷ്യരായ നമുക്ക് 'നിങ്ങൾക്ക് സമാധാനം' എന്നുപറഞ്ഞുകൊണ്ട് വാഗ്ദാനം ചെയ്യുകയാണ് ഇന്നത്തെ സുവിശേഷത്തിലൂടെ ഈശോ.

ഒരുനാൾ അക്ബർ ചക്രവർത്തി ബീർബലിനോട് ചോദിച്ചു: ദൈവം എന്തിനാണ് ഭക്തർ അപകടത്തിൽപ്പെടുമ്പോൾ രക്ഷപ്പെടുത്താനായി നേരിട്ടെത്തുന്നത്? ദൈവത്തിന് മറ്റാരെയെങ്കിലും അവരെ രക്ഷിക്കാനായി അയച്ചാൽ പോരേ?

ബീർബൽ അപ്പോൾ അതിന് മറുപടിയൊന്നും പറഞ്ഞില്ല. ഒരു ദിവസം അക്ബർ ചക്രവർത്തി പൂന്തോട്ടത്തിലൂടെ ഉലാത്തുകയായിരുന്നു. പെട്ടെന്ന് ബീർബലിന്റെ നിലവിളി രാജാവിന്റെ കാതുകളിലെത്തി. "ചക്രവർത്തി... തിരുമനസ്സിന്റെ മകൻ കുളത്തിൽ വീണേ... രക്ഷിക്കാൻ ഓടിവായോ..." കേട്ട പാതി കേൾക്കാത്ത പാതി അക്ബർ കുളത്തിലേക്ക് എടുത്തുചാടി. കുളം മുഴുവൻ മുങ്ങി നിവർന്നിട്ടും അദ്ദേഹത്തിന് മകനെ കണ്ടെത്താനായില്ല.


ഇപ്പോഴിതാ കുളക്കരയിൽ പുഞ്ചിരിയോടെ നിൽക്കുന്നു ബീർബൽ. "എവിടെ എന്റെ മകൻ?" ചക്രവർത്തി ചോദിച്ചു.

"അങ്ങയുടെ മകൻ സുരക്ഷിതനായി കൊട്ടാരത്തിലുണ്ട്...." ബീർബൽ വളരെ ശാന്തതയോടെ മറുപടി നൽകി. "എന്നിട്ട് എന്തുകൊണ്ടാണ് നിങ്ങൾ അങ്ങനെ വിളിച്ചുപറഞ്ഞത്" ചക്രവർത്തി രോഷാകുലനായി.

പ്രഭോ ക്ഷമിക്കണം.... അങ്ങ് എന്നോട് ചോദിച്ച ചോദ്യത്തിന് ഉത്തരം നൽകുകയായിരുന്നു ഞാൻ. മകൻ കുളത്തിൽ വീണെന്നു കേട്ടപ്പോൾ രക്ഷപ്പെടുത്താനായി അങ്ങേക്ക് ആരെയെങ്കിലും അയയ്ക്കാമായിരുന്നു. പക്ഷേ, അങ്ങത് ചെയ്തില്ല. കാരണം അങ്ങയുടെ പുത്രൻ അപകടത്തിൽപ്പെട്ടുവെന്ന് കേട്ടപ്പോൾ കയ്യുംകെട്ടി നോക്കിയിരിക്കാൻ അങ്ങേയ്ക്കായില്ല. അതുപോലെ തന്നെയാണ് അവരെ രക്ഷിക്കാനായി ദൈവവും ഓടിയെത്തുന്നതിന്റെ രഹസ്യവും.

നമ്മുടെ കണ്ണീരിലും സങ്കടങ്ങളിലും നിസ്സഹായതകളിലും നമ്മെ സഹായിക്കുവാനായി ഓടിയെത്തുന്ന ഒരു നല്ല പിതാവാണ് നമ്മുടെ ദൈവം. പരിശുദ്ധ ത്രിത്വത്തിലെ മൂന്നാമനായ പരിശുദ്ധാത്മാവിനെ ശിഷ്യരായ നമുക്ക് 'നിങ്ങൾക്ക് സമാധാനം' എന്നുപറഞ്ഞുകൊണ്ട് വാഗ്ദാനം ചെയ്യുകയാണ് ഇന്നത്തെ സുവിശേഷത്തിലൂടെ ഈശോ.

ഇന്ന് ജീവിച്ചിരിക്കുന്ന എല്ലാവരുടെയും തന്നെ ചോദ്യമാണ് സമാധാനത്തിനുവേണ്ടി ഞാനിനി എത്രനാൾ കാത്തിരിക്കണമെന്ന്. ജീവിതം ഇത്രനാൾ മുന്നോട്ട് പോയിട്ടും സമാധാനത്തിന്റേതായ ഒന്നും കാണാത്ത



തിലുള്ള സംഘർഷം കൊണ്ട് ഓരോ വ്യക്തിയുടെയും ആന്തരീകതയിൽ നിന്നും ഉയരുന്ന ചോദ്യമാണിത്.

മനുഷ്യൻ അസ്വസ്ഥനാണെന്നത് ഇന്നിന്റെ യാഥാർത്ഥ്യമാണ്. നമുക്കുചുറ്റും എവിടെ നോക്കിയാലും സമാധാനത്തിന്റെയും തിരക്കിന്റെയും വേലിയേറ്റമാണ്. എന്തിനുവേണ്ടിയാണ് താൻ ഓടുന്നതെന്നോ, തിരക്കുകൂട്ടുന്നതെന്നോ അവൻ അറിയുന്നില്ല. നാളയെക്കുറിച്ചാണ് അവന്റെ ഉത്കണ്ഠ. ഇന്നിൽ ജീവിക്കാൻ അവന് കഴിയുന്നില്ല. 'നാൽക്കവലയിൽ വന്ന് ചമ്രം പടിഞ്ഞിരിക്കുന്ന മനുഷ്യനോട് ആളുകൾ ചോദിച്ചു, താനെന്താ ഇവിടെ?' അയാൾ പറഞ്ഞു, "എന്തെങ്കിലും എന്തെങ്കിലും ഇവിടെ സംഭവിക്കും. അന്നേരം വന്നാൽ ഒന്നും ശരിക്കും കാണാൻ പറ്റില്ല. അതുകൊണ്ട് ഇപ്പോൾ തന്നെ ഇവിടെ വന്ന് ഇരിക്കാൻ തീരുമാനിച്ചു. ഒരു രീതിയിൽ പറഞ്ഞാൽ മനുഷ്യന് അസ്വസ്ഥത പടരാൻ പ്രധാന കാരണവും ഇതുതന്നെയായിരിക്കും. മനുഷ്യനിൽ തിരക്കുണ്ടാക്കി, അവനിൽ അസ്വസ്ഥത വർധിപ്പിച്ച്, ദൈവത്തിൽ നിന്നും ദൈവവിചാരത്തിൽ നിന്നും മനുഷ്യനെ മാറ്റുവാൻ പിശാച് പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. (Busy എന്ന വാക്കിന്റെ മുഴുവൻ രൂപം ഇങ്ങനെയാണ് - Being under sataus Yoke)

ആകുലരായതുകൊണ്ട്, അസ്വസ്ഥരായതുകൊണ്ട് ആയുസ്സിന്റെ ദൈർഘ്യം ഒരു മുഴം കൂടി നീട്ടാൻ നിങ്ങളിൽ ആർക്കും സാധിക്കും? (ലൂക്ക. 12:25) എന്ന യേശുവിന്റെ വാക്കുകൾ നമ്മെ ചിന്തിപ്പിക്കണം. ഏശയ്യാ പ്രവാചകനിലൂടെ അവിടുന്ന് അരുളിചെയ്യുന്നു: "നിങ്ങൾ തിടുക്കം കൂട്ടേണ്ട: വേഗം ഓടുകയും വേണ്ട. കർത്താവ് നിങ്ങളുടെ മുന്നിൽ നടക്കും. ഇസ്രായേലിന്റെ ദൈവമായിരിക്കും നിങ്ങളുടെ പിൻകാവൽക്കാരൻ (ഏശ. 52:12).

അസ്വസ്ഥതകളിലൂടെയും ഉത്കണ്ഠകളിലൂടെയും കടന്നുപോകുന്ന ഓരോ വ്യക്തികളും നെഞ്ചോട് ചേർത്തുവയ്ക്കേണ്ട വേദഗ്രന്ഥഭാഗമാണ് ഇന്നത്തേത്. 'നിങ്ങൾക്ക് സമാധാനം' (യോഹ. 20:19) എന്നത് യേശു തന്റെ ജീവിതം മുഴുവനും മറ്റുള്ളവർക്ക് സമാധാനം നൽകുവാനാണ് മാറ്റിവച്ചത്. ക്രിസ്തു ജനിച്ചപ്പോഴേ ലോകത്തിലേക്ക് സമാധാനത്തിന്റെ സന്ദേശവുമായാണ് വന്നത്. "അത്യുന്നതങ്ങളിൽ ദൈവത്തിന് മഹത്വം; ഭൂമിയിൽ സന്മനസ്സുള്ളവർക്ക് സമാധാനം" (ലൂക്ക. 2:14). ക്രിസ്തുവിന്റെ മരണത്തിൽ വ്യസനിച്ച് മഗ്ദലേന മറിയം ഇരിക്കുമ്പോൾ അവളുടെ മനസ്സിലേക്ക് സമാധാനമേകിക്കൊണ്ട് ക്രിസ്തു പ്രത്യക്ഷനാകുന്നു. ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുമ്പോഴും ആശംസിക്കുന്നത് "നിങ്ങൾക്ക് സമാധാനം" എന്നാണ് (യോഹ. 20:27). എന്നുവച്ചാൽ ക്രിസ്തു ജനിച്ചപ്പോഴും ജീവിച്ചിരുന്നപ്പോഴും ഉത്ഥിതനായതിനുശേഷവും നമുക്ക് നൽകുന്നത് സമാധാനം മാത്രമാണ്. പിന്നെങ്ങനെ ഈ സമാധാനം മാത്രം നമുക്ക് അന്യമായി. അവൻ തന്നിട്ടുപോയ സമാധാനം നമുക്കെങ്ങനെ കൈവിട്ടുപോയി?

ആത്മാർത്ഥമായൊരു ആത്മപരിശോധന നടത്തേണ്ട സമയം അതിക്രമിച്ചു എന്നുവേണം കരുതാൻ. സ്വാർത്ഥതയുടെ അരങ്ങേറ്റം എവിടെയൊക്കെ ഉണ്ടാകുന്നുവോ അവിടെയൊക്കെ സമാധാനം ഇല്ലാതാകും. ലോകം മുഴുവൻ എന്റെ ചൊൽപ്പടിക്ക് നിൽക്കണമെന്ന് ഒരു ഭരണാധികാരി ആഗ്രഹിക്കുമ്പോൾ ലോകത്തിലേക്ക് അസമാധാനം കടന്നുവരുന്നു.

എന്റെ മതമാണ് ഏറ്റവും നല്ലമതം - മറ്റെല്ലാ മതങ്ങളും നശിക്കണമെന്ന് ഏതെങ്കിലുമൊരു മതാനുയായിക്ക് തോന്നിയാൽ അവിടെ അസമാധാനം ആരംഭിക്കുന്നു. എന്റെ ഇഷ്ടങ്ങൾ മാത്രം എന്റെ കുടുംബത്തിൽ നടക്കണമെന്ന് കുടുംബത്തിലെ ഒരംഗം ശാഠ്യം പിടിച്ചാൽ കുടുംബത്തിൽ അസമാധാനം ആരംഭിക്കുന്നു. ഞാനാണ് ഏറ്റവും വലിയവൻ എന്ന ചിന്ത എന്നിൽ പ്രബലമാകുമ്പോൾ എന്നിൽ അസമാധാനം കുടികിടപ്പിനെത്തുന്നു.

ഒരുമതവും ഒരു ദൈവവും സമാധാനത്തിനും ശാന്തിക്കും എതിരല്ല. നമ്മൾ മനുഷ്യരുടെ വളഞ്ഞ വഴികളിലൂടെയുള്ള യാത്രയും ചിന്തകളും ഇവിടത്തെ സമാധാന അന്തരീക്ഷത്തെ മലിനമാക്കി മാറ്റുമെന്നുമാത്രം. ഈ സമാധാനത്തിന്റെ തിരുനാളായ പെന്തക്കോസ്താ തിരുനാളിൽ അവൻ നൽകുന്ന വാഗ്ദാനമായ പരിശുദ്ധാത്മാവാകുന്ന സമാധാനം നമ്മുടെ ബന്ധങ്ങളിലും ഹൃദയത്തിലും പ്രതിഷ്ഠിക്കാം. അങ്ങനെ നമ്മുടെ ജീവിതം ഓരോ ദിനത്തിലും സമാധാനം നിറഞ്ഞതാകട്ടെ. ■

നീർച്ചാലുകൾ

ഫാ. ജെറോം നെറ്റോ

പരിശുദ്ധ ത്രിത്വത്തിന്റെ തിരുനാൾ (ജൂൺ 11)

# ദൃഷ്ടിക്ക് ഗോചരമല്ലാത്തതിനെ ഹൃദയം കൊണ്ടറിയുക

പുറ. 34:4b-6, 8-9 | 2 കൊറി. 13: 11-13 | യോഹ. 3 : 16-18



ക്രൈസ്തവ വിശ്വാസ സംഹിതകളിൽ ഏറ്റവും അടിസ്ഥാനപരമായ വിശ്വാസ സത്യമാണ് പരിശുദ്ധ ത്രിത്വം. ദൈവത്തിന്റെ ഏകത്വവും ത്രിത്വവും. ത്രിത്വം ഒരു കുടുംബമാണ്. കൃപനിറഞ്ഞ പുത്രനും സ്നേഹസമ്പന്നനായ പിതാവും ഇവരോടൊപ്പം സഹവസിക്കുന്ന ആത്മാവും ചേരുന്ന വിശുദ്ധ കുടുംബമാണത്.

## പുറ. 34:4b - 6, 8-9

മനുഷ്യൻ ഒരുപടി ദൈവത്തിങ്കലേക്ക് കയറിപ്പോകുമ്പോൾ ദൈവം നൂറുപടി മനുഷ്യനിലേക്ക് ഇറങ്ങിവരുന്നു. ദൈവം കരകാണാക്കടൽ പോലെ കാരുണ്യവാരിധിയും ആകാശത്തിലെ അഗാധതലംപോലെ കൃപാനിധിയുമാണ്. കോപിക്കുന്നതിൽ വിമുഖനും, സ്നേഹിക്കുന്നതലും വിശ്വസ്തതയിലും അത്യുദാരനാണ് അവിടുന്ന്. നമുക്കും മോസസിനെപ്പോലെ കർത്താവിന്റെ മലയിലേക്ക് കയറിപ്പോകാം.

## 2 കൊറി. 13:11-13

ദിവ്യബലിയുടെ ആരംഭത്തിൽ, പുരോഹിതൻ ദൈവജനത്തെ ത്രിത്വത്തിന്റെ നാമത്തിൽ സ്വാഗതം ചെയ്യുന്നു. കർത്താവായ യേശുവിന്റെ കൃപയും ദൈവപിതാവിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും ഉൾക്കൊള്ളുന്ന ശുദ്ധ കൂട്ടായ്മയാണ് ത്രിത്വത്തിന്റേത്.

## യോഹ. 3:16-18

ദൈവത്തെ സ്നേഹിക്കുകയും അവിടുന്നിൽ വിശ്വസിക്കുകയും ചെയ്യുന്ന ഒരുവൻപോലും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുവാൻവേണ്ടി, തന്റെ ഏകപുത്രനെ കൊലയ്ക്കുകൊടുക്കുവാൻ തക്കവണ്ണം ഈ ലോകത്തെ അത്രയേറെ സ്നേഹിച്ചു.

ക്രൈസ്തവ വിശ്വാസസംഹിതകളിൽ ഏറ്റവും അടിസ്ഥാനപരമായ വിശ്വാസ സത്യമാണ് പരിശുദ്ധ ത്രിത്വം. ദൈവത്തിന്റെ ഏകത്വവും ത്രിത്വവും. ത്രിത്വം ഒരു കുടുംബമാണ്. കൃപനിറഞ്ഞ പുത്രനും സ്നേഹസമ്പന്നനായ പിതാവും ഇവരോടൊപ്പം സഹവസിക്കുന്ന ആത്മാവും ചേരുന്ന വിശുദ്ധ കുടുംബമാണത്. ത്രിത്വത്തെക്കുറിച്ചുള്ള അറിവ് മനുഷ്യബുദ്ധിക്ക് അപ്രാപ്യമാണെങ്കിലും അവർതമ്മിലുള്ള വ്യക്തിബന്ധം, പരസ്പര ജ്ഞാനം, സ്നേഹത്തിന്റെ ഉറവിടം ബന്ധങ്ങളുടെ ഈറ്റില്ലവുമാണ് ത്രിത്വം. ഇത് ഹൃദയം കൊണ്ട് അനുഭവിക്കേണ്ട ഒരു യാഥാർത്ഥ്യമാണ്. ദൈവം ത്രിയേകനാണെന്ന് യേശുവാണ് പഠിപ്പിക്കുന്നത്. പിതാവും പുത്രനും ഒന്നാണെന്നും പിതാവിന്റെയും പുത്രന്റെയും ആത്മാവാണ് പരിശുദ്ധാത്മാവെന്നും ഈശോ പഠിപ്പിച്ചു. ആദിപുസ്തകത്തിൽത്തന്നെ ത്രിത്വത്തെക്കുറിച്ചുള്ള പ്രതിപാദ്യമുണ്ട്. നമുക്ക് നമ്മുടെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിക്കാം. (ഉല്പ. 1/26) ദൈവാത്മാവ് ജലത്തിൽ ചലിച്ചുകൊണ്ടിരുന്നു. (ഉല്പ. 1:2)

തിരുസഭാ പണ്ഡിതനായ വി.അഗസ്റ്റിൻ, തന്റെ ജീവിതത്തിൽ അന്വേഷിച്ച് ഒരുത്തരവും കിട്ടാത്ത സത്യമാണ് ത്രിത്വത്തെക്കുറിച്ചുള്ള രഹസ്യം. എന്നാലും അദ്ദേഹത്തിന്റെ ജീവിതത്തിലും ഒരു രഹസ്യം അവശേഷിക്കുന്നു. അത് വിവരിക്കുംമുൻപേ വി.അഗസ്റ്റിൻ ആരെന്ന് ചുരുങ്ങിയ വാചകങ്ങളിൽ രേഖപ്പെടുത്തട്ടെ: "കർത്താവേ, എനിക്ക് മാനസാന്തരം വേണം, ഇന്നുവേണ്ട നാളെ മതി. "നാളെ പുലരുമ്പോഴും ഇതേ പ്രാർത്ഥന. വി.പൗലോസിന്റെ ആത്മസംഘർഷമാവും ഇതിന് പറ്റിയ തെളിവ്. "ഞാൻ പാപത്തിന് അടിമയായി വിൽക്കപ്പെട്ട ജഡികനാണ് (റോമ 7:14)" പിന്നീട് ശക്തിയുക്തം ദൈവത്തിങ്കലേക്ക് മടങ്ങിവന്നു.

വി. അഗസ്റ്റിൻ പരിശുദ്ധ ത്രിത്വത്തെക്കുറിച്ച് അഗാധമായി ചിന്തിച്ച് കടൽത്തീരത്തുകൂടി നടക്കുമ്പോൾ ഒരുബാലൻ കടൽത്തീരത്തിരുന്ന് മണലിൽ ഒരു കൊച്ചുകുഴിയുണ്ടാക്കി കക്കത്തോട്ടിൽ കടൽവെള്ളമെടുത്ത് കുഴിയിൽ നിറച്ചുകൊണ്ടിരുന്നു. ആ കാഴ്ച അഗസ്റ്റിന് കൗതുകകരമായി തോന്നി. അഗസ്റ്റിൻ ആ ബാലനോട് ചോദിച്ചു: നീ എന്താണ് ചെയ്തുകൊണ്ടിരിക്കുന്നത്? 'ഞാൻ നിർമ്മിച്ച ഈ കുഴിയിൽ കടലിലെ വെള്ളം നിറച്ച് കടൽവെള്ളം വറ്റിക്കുകയാ

ണ്. ഇത്തരത്തിലെ മണ്ടത്തരം കേട്ട് അഗസ്റ്റിൻ കളിയാക്കി ചിരിച്ചു. എന്നാൽ ആ ബാലൻ തിരിച്ചുപറഞ്ഞുവെത്രേ "ഇതിനേക്കാളും എത്രയോ മണ്ടത്തരമാണ് പരി. ത്രീത്വത്തെക്കുറിച്ച് ഗ്രഹിക്കുവാനുള്ള അങ്ങയുടെ ബദ്ധപ്പാട്." അതേ ത്രീത്വത്തെക്കുറിച്ചുള്ള അറിവ് ആകാശം പോലെ വിശാലവും ആഴിപോലെ അഗാധവുമാണ്. അത് മനുഷ്യബുദ്ധിക്ക് പ്രാപ്യമല്ല. അയതിനാൽ അതിനെക്കുറിച്ചുള്ള അന്വേഷണം അവസാനിപ്പിക്കുക. ബുദ്ധിക്ക് ഗോചരമല്ലാത്തതിനെ ഹൃദയംകൊണ്ടനുഭവിച്ച് മനസ്സിലാക്കി സനാതന സഭാസത്യങ്ങളെ പാരമ്പര്യപൂർവ്വം സ്വീകരിച്ച് വിശുദ്ധിയിലേക്ക് നയിക്കുവാൻ പരിശുദ്ധ ത്രീത്വം നമ്മെ സഹായിക്കട്ടെ. ■

ദിവ്യകാരുണ്യതിരുന്നാൾ (ജൂൺ 18)

നീർച്ചാലുകൾ

ഫാ. പോൾ സണ്ണി

# ബലിയായവന്റെ സമ്മാനം

നിയമ. 8:2-3, 14b-16a | 1 കൊറി. 10: 16-17 | യോഹ. 6 : 51-58



ആത്മാവിന്റെ ആഗമനവും ആവാസവുമാണ് അപ്പത്തെയും വീഞ്ഞിനെയും യേശുവിന്റെ ശരീരരക്തങ്ങളാക്കി മാറ്റുന്നത്. ആത്മാവിൽ നിറഞ്ഞ ഉത്ഥിതനായ യേശുവാണ് വി. കുർബാനയിലൂടെ വിശ്വാസിയുടെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരുന്നത്.

പാപികളോടും ചുങ്കക്കാരോടും ദരിദ്രരോടും രോഗികളോടൊത്തു പന്തിഭോജനം ചെയ്ത് 'യേശു ഊട്ടുമേശ വിപ്ലവം' നടത്തി. പാപികളോടും പീഡിതരോടുമുള്ള പിതാവായ ദൈവത്തിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹത്തിന്റെയും കാരുണ്യത്തിന്റെയും വിളംബരമാണത്. മനുഷ്യസമത്വത്തിലൂന്നിയ സാമൂഹ്യ മതദർശനമാണ് ഊട്ടുമേശ വിപ്ലവത്തിന്റെ സന്ദേശം. യേശുവിന്റെ കൂട്ടായ്മ വിരുന്നുകളുടെ സ്വാഭാവിക പരിണതിയാണ് അന്ത്യഅത്താഴവും കുരിശുമരണവും.

മരുഭൂമിയിൽ പൂർവികർക്ക് ലഭിച്ചത് മന്നയാണ്. അടിച്ചമർത്തലിൽ നിന്നും കാരാഗ്രഹത്തിൽനിന്നും സ്വാതന്ത്ര്യം പ്രഖ്യാപിച്ചതിന്റെ ഉത്സവമാണ് മന്ന ഭോജനം. അത് പട്ടിണികിടന്ന് തളർന്ന ജനതയ്ക്കുള്ള അപ്പമാണ്. വചനം മാംസമായ ക്രിസ്തുവിന്റെ ശരീരം ഭക്ഷിക്കുന്നവർക്കാകട്ടെ അത് നിത്യജീവൻ പ്രദാനം ചെയ്യുന്നു. കരിമ്പാറയിൽ നിന്ന് ജലമൊഴുക്കിക്കൊടുത്ത ദൈവം ക്രിസ്തുവിന്റെ വിലാപ്പുറത്ത് നിന്ന് ജലവും രക്തവുമൊഴുക്കി നവജീവൻ നിറയ്ക്കുന്നു.

യേശുവിന്റെ വാക്കുകളിൽ ജനത്തിന് ആശയക്കുഴപ്പം: എങ്ങനെ ശരീരം ഭക്ഷിക്കാൻ തരും?

ശരീരം എന്നതിന് 'ബെസർ' എന്ന അരമായ പദമാണ് യേശു ഉപയോഗിച്ചത്. മാംസം എന്നാണ് ഇതിനർത്ഥം. മുഴുമനുഷ്യനെയാണ് ഈ പദം സൂചിപ്പിക്കുന്നത്. പ്രതീകാത്മകതയ്ക്കപ്പുറത്ത് യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യം. മാംസം (Sarx) രക്തം (Aima) മാംസവും രക്തവും യേശുവിന്റെ മനുഷ്യത്വത്തെയും അവിടത്തെ രക്ഷാകരമായ സത്തയുമാണ് ധ്വനിപ്പിക്കുന്നത്. എല്ലാ പരിമിതികളോടും കൂടിയ മനുഷ്യവ്യക്തി എന്നാണ് അർത്ഥം. കൂദാശപരമായ യഥാർഥസാന്നിദ്ധ്യം. ഒരുവന്റെ മാംസം ഭക്ഷിക്കുക (സങ്കീ 27: 2, സഭ 11: 9) അർത്ഥമാണ് പഴയനിയമത്തിലുള്ളത്. മാംസം ഭക്ഷിക്കുന്നവൻ പിശാചും ദുഷ്ടനായ പ്രതിയോഗിയുമാണെന്നാണ് ഹീബ്രു പാരമ്പര്യം.

## Canibolism മാംസഭുക്ക്

രക്തം കുടിക്കുക യഹൂദർക്ക് ചിന്തിക്കാൻപോലും സാധിക്കുന്ന കാര്യമല്ല. ബലിമൃഗങ്ങളുടെ രക്തം കുടിക്കുന്നതിൽനിന്ന് അവർ വിലക്കപ്പെട്ടിരുന്നു. (ഉല്പത്തി 12: 23, നട 15: 20). ഇഗ്നേഷ്യസ് റോമായിലെ സഭയ്ക്കെഴുതി: ദൈവത്തിന്റെ അപ്പം, സ്വർഗീയ അപ്പം, ജീവന്റെ അപ്പം ഞാൻ ആഗ്രഹിക്കുന്നു. അത് ദൈവപുത്രനായ യേശുവിന്റെ മാംസമാണ്. ഞാൻ അവിടുത്തെ രക്തം കുടിക്കാൻ ആഗ്രഹിക്കുന്നു. അത് നിത്യ ജീവനാണ്. ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണത്തിൽ മനുഷ്യപുത്രൻ എന്ന പദം മൂന്ന് പ്രാവശ്യം ഉപയോഗിച്ചിട്ടുണ്ട് ( 6: 27, 53, 63). യോഹന്നാന്റെ സുവിശേഷത്തിലെ മനുഷ്യപുത്രൻ മഹത്വീകൃതനായ

ക്രിസ്തുവാണ്. വിശ്വാസികൾ ഭൂമിയിൽ ജീവിച്ചിരിക്കുന്ന യേശുവിന്റെ ഭൗതികശരീരവും രക്തവുമല്ല, മറിച്ച് ഉയിർത്തെഴുന്നേറ്റ ക്രിസ്തുവിന്റെ ആത്മാവിൽ നിറഞ്ഞ മാംസവും രക്തവുമാണ് ഭക്ഷിക്കുന്നതും പാനം ചെയ്യുന്നതും. മാംസം ഭക്ഷിക്കുക, രക്തം പാനം ചെയ്യുക എന്നീ പ്രയോഗങ്ങൾക്ക് 'ഫാ ഗേത്തെ, പീയേത്തേ (Phagete, Piete) എന്നിങ്ങനെയാണ് ഗ്രീക്ക് ശൈലികൾ. തീർച്ചയായും ഭക്ഷിച്ചേ പറ്റൂ, പാനംചെയ്തേ പറ്റൂ എന്നാണിതിന് അർത്ഥം. നിത്യജീവൻ പ്രാപിക്കാനുള്ള അവശ്യവ്യവസ്ഥ. 54-ാം വാക്യത്തിൽ ഭക്ഷിക്കുക എന്നതിന് 'ത്രോഗോൻ' (Trogon) എന്ന പദമാണ് ഉപയോഗിച്ചിരിക്കുന്നത്. ശബ്ദം പുറപ്പെടുവിച്ച് ചവക്കലാണ്. മൃഗങ്ങളെപ്പോലെ ഭക്ഷിക്കുക. വി. കുർബാനയിലെ അപ്പവും വീഞ്ഞും യഥാർത്ഥത്തിൽ യേശുവിന്റെ മാംസരക്തങ്ങളാണ് എന്ന് പഠിപ്പിക്കാൻ ഈ പദം ബോധപൂർവം ഉപയോഗിക്കുന്നു. 6: 55-ൽ യഥാർത്ഥഭക്ഷണം, യഥാർത്ഥപാനീയം എന്നതിന്റെ യഥാർത്ഥതയ്ക്ക് ' അലേത്തേസ്' എന്ന ഗ്രീക്കുപദം ഉപയോഗിച്ചിരിക്കുന്നു. ബാഹ്യമായി ഏത് രൂപത്തിൽ കാണപ്പെട്ടാലും ഇത് സാക്ഷാൽ യേശുവിന്റെ ശരീരമാണ് എന്ന് സൂചിപ്പിക്കുന്നു. സമാന്തരസുവിശേഷകർ കുർബാനയുടെ ബലിപരവും കൂദാശപരവുമായവശത്തിന് പ്രാധാന്യം നല്കുമ്പോൾ യോഹന്നാൻ വി. കുർബാനയിലുള്ള യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തിനാണ് ഊന്നൽ നല്കുന്നത്.

ജീവന്റെ അപ്പത്തെക്കുറിച്ചുള്ള പ്രഭാഷണം രണ്ടു പ്രതികരണങ്ങളാണ് ഉളവാക്കിയത്. നിഷേധാത്മക പ്രതികരണവും ഭാവാത്മക പ്രതികരണവും. ഈ വാക്ക് കഠിനമാണ് എന്ന് പറഞ്ഞ് ചില ശിഷ്യന്മാർ അവനെ വിട്ടുപോയി. എന്നാൽ യേശു തന്റെ പ്രബോധനത്തിൽ ഉറച്ചുനിന്നു. യേശു പറഞ്ഞു ഇത് നിങ്ങൾക്ക് ഇടർച്ചവരുത്തുന്നുവോ? അങ്ങനെയെങ്കിൽ മനുഷ്യപുത്രൻ ആദ്യം ആയിരിക്കുന്നിടത്തേക്ക് ആരോഹണം ചെയ്യുന്നത് നിങ്ങൾ കണ്ടാലോ? ആത്മാവാണ് ജീവൻ നല്കുന്നത്. മാംസം ഒന്നിനും ഉപകരിക്കുന്നില്ല. ഞാൻ നിങ്ങളോട് പറഞ്ഞ വാക്കുകൾ ആത്മാവും ജീവനുമാണ്. (യോഹ 6: 61-63). പീഡാനുഭവമരണോത്ഥാനങ്ങളിലൂടെയാണ് യേശു ആത്മാവിനെ നല്കുന്നത്. ആത്മാവിന്റെ ആഗമനവും ആവാസവുമാണ് അപ്പത്തെയും വീഞ്ഞിനെയും യേശുവിന്റെ ശരീരരക്തങ്ങളാക്കി മാറ്റുന്നത്. ആത്മാവിൽ നിറഞ്ഞ ഉത്ഥിതനായ യേശുവാണ് വി. കുർബാനയിലൂടെ വിശ്വാസിയുടെ ഹൃദയത്തിലേക്ക് എഴുന്നള്ളി വരുന്നത്. വി. കുർബാനയിലുള്ള യേശുവിന്റെ യഥാർത്ഥ സാന്നിദ്ധ്യത്തെ വി.തോമസ് അക്വിനാസ് വ്യാഖ്യാനിച്ചതിൽ ശ്രദ്ധേയപദമാണ് സത്താമാറ്റം. (transubstantiation) ' സാദൃശ്യങ്ങൾ (appearance or .... ) നിലനില്ക്കേ പവിത്രീകരണം (Consecration) വഴി അപ്പത്തിന്റെയും വീഞ്ഞിന്റെയും സത്ത (substance) മുഴുവനും യേശുനാഥന്റെ ശരീരരക്തങ്ങളുടെ സത്ത അഥവാ സാരാംശമായി മാറുന്നു. ആധുനിക ദൈവശാസ്ത്രജ്ഞനായ എഡ്വേർഡ് ഷില്ലബക്ക് അർത്ഥഭേദം (transtinalisation) , അന്ത്യഭേദം തുടങ്ങിയ പദങ്ങളിലൂടെ സത്താമാറ്റത്തിന് നവവ്യാഖ്യാനം നല്കുന്നുണ്ട്.

ശ്രീലങ്കൻ ദൈവശാസ്ത്രജ്ഞനായ ഡോ. തിസ്സാ ബാലസൂര്യ പറയുന്നു "യേശു പെസഹായ്ക്ക് പുതിയ അർത്ഥവും വിപുലമായ പ്രാധാന്യവും നല്കി. കുർബാനയുടെ മൗലികമായ അർത്ഥം യേശുവിന്റെ ആത്മസമർപ്പണമാണ് . മനുഷ്യന്റെ സമഗ്രവിമോചനത്തിനുവേണ്ടിയാണ് അവിടന്ന് സ്വയം ബലിയായിത്തീർന്നത്. വിരുന്ന് എന്ന നിലയിൽ മനുഷ്യസമൂഹത്തിന്റെ ഐക്യത്തിന്റെ അടയാളുമാണത്. കൊറിന്തോസുകാരുടെ ലേഖനത്തിൽ പലരായിരിക്കുന്ന നാം ക്രിസ്തുവിൽ ഒരു ശരീരമായിത്തീരുന്നുവെന്നാണ് പറയുന്നത്. ഒരേ അപ്പത്തിലാണ് നമ്മൾ പങ്കുകാരാകുന്നത്. ചുറ്റുപാടുള്ള പട്ടിണി പാവങ്ങളോടും കഷ്ടപ്പെടുന്നവരോടും മേൽവിലാസം ഇല്ലാത്തവരോടും പ്രവാചകപരമായ ആഭിമുഖ്യം ചെലവഴിച്ചുകൊണ്ട് എല്ലാവരെയും നാം ക്രിസ്തുവിൽ ഒരുമിപ്പിക്കണം. ■

നീർച്ചാലുകൾ

ഫാ. മൈക്കിൾ തോമസ്

തിരുഹൃദയ തിരുനാൾ (ജൂൺ 25)

# ദൈവകരുണയുടെ സവിശേഷത

നിയമ. 7:6-11 | 1 യോഹ 4: 7 - 16 | മത്താ. 11 : 25-30

തിരുഹൃദയ തിരുനാൾ യഥാർത്ഥത്തിൽ സ്നേഹത്തിന്റെ തിരുനാളാണ്, കരുണയുടെയും ആർദ്രതയുടെയും തിരുനാൾ കൂടിയാണിത്. അതുകൊണ്ടാണല്ലോ ഹൃദയത്തെ ആത്മാവിന്റെ കണ്ണായിട്ട് വിശേഷിപ്പിക്കപ്പെടുന്നത്. ഈ കണ്ണ് കുറ്റമറ്റതെങ്കിൽ ആത്മാവ് പ്രകാശപൂരിതമാകും. അപ്പോൾ പക്വതയാർന്ന മനസാക്ഷിയുടെ രൂപീകരണം സാധ്യമാകും. ഈ പശ്ചാത്തലത്തിലാണ് തിരുഹൃദയ തിരുനാളിന്റെ പ്രസ

ക്തിയെക്കുറിച്ച് നാം ധ്യാനിക്കുക.

നിയമാവർത്തന പുസ്തകത്തിൽ നിന്നുള്ള ആദ്യ വായനയിൽ കർത്താവ് അസന്നിഗ്ദ്ധമായി തന്റെ ഹൃദയത്തിന്റെ സവിശേഷത വെളിപ്പെടുത്തുന്നു. "കർത്താവ് നിങ്ങളെ സ്നേഹിച്ചതും തെരഞ്ഞെടുത്തതും മറ്റു ജനതകളെക്കാൾ നിങ്ങൾ എണ്ണത്തിൽ കൂടുതലായിരുന്നതുകൊണ്ടല്ല; നിങ്ങൾ മറ്റെല്ലാ ജനതകളെയുംകാൾ ചെറുതായിരുന്നു". മറ്റെല്ലാ ജനതകളെയുംകാൾ ചെറുതായിരുന്ന ഇസ്രായേൽ മക്കളെ തെരഞ്ഞെടുത്തു വിശുദ്ധരാക്കി, സ്വന്തമായി കരുതി സ്നേഹിച്ചു. കർത്താവ് നോക്കുന്നത് എണ്ണമല്ല, കായിക ശക്തിയുമല്ല. പ്രത്യുത, ദുർബലരോട്, ചെറുതിനോട്, തിരസ്ക്കരിക്കപ്പെട്ട്, ഒറ്റപ്പെട്ട് ഓരങ്ങളിൽ കഴിയുന്നവരോട് പ്രത്യേക പരിഗണനയും കരുതലും സ്നേഹവും കാണിക്കുന്ന വിശാലമായ, ആർദ്രതയുള്ള ദൈവഹൃദയമാണിവിടെ നമുക്ക് കാണുവാൻ കഴിയുക.

മറ്റുള്ള ജനതകളുടെ മുമ്പിൽ തുലോം ചെറുതും നിസാരരുമായിരുന്ന ഇസ്രായേൽ ജനതയെ തന്റെ ശക്തമായ കരബലത്താൽ ഫറവോയുടെ അടിമത്തത്തിൽ നിന്നും മോചിപ്പിച്ച്, ദൈവമക്കളുടെ സ്വാതന്ത്ര്യത്തിലേക്കാനയിച്ചു. ദുർബലരോട് പക്ഷം ചേർന്നുകൊണ്ട് കരുണയും നീതിയും പ്രദർശിപ്പിക്കുന്ന ദിവ്യഹൃദയത്തിൽ നാം ശരണം പ്രാപിക്കുമ്പോൾ ദൈവം നമ്മെ അനുസ്മരിപ്പിക്കുന്ന യാഥാർത്ഥ്യം ഇന്ന് നാം അനുഭവിക്കുന്ന വൈവിധ്യമാർന്ന അടിമത്തത്തിൽ നിന്നും മോചനം പ്രാപിക്കുവാൻ ദൈവത്തിന്റെ ശക്തമായ ഇടപെടൽ ആവശ്യമാണ്. വിശ്വാസത്തോടും വിനയത്തോടും നമ്മുടെ ദൗർബല്യം അംഗീകരിച്ച് ഏറ്റുപറയുമ്പോഴെ ദൈവത്തിന് ഇടപെടാനാവൂ.

ദൈവം സ്നേഹമാണ് എന്ന് സാക്ഷ്യപ്പെടുത്തുന്ന യോഹന്നാന്റെ ഭാഷ്യമനുസരിച്ച് തിരുഹൃദയം ദൈവസ്നേഹത്തിന്റെ ആഴവും തീവ്രതയും വ്യാപ്തിയും നമുക്കു വെളിപ്പെടുത്തിതരുന്നു. സ്നേഹമായ ദൈവത്തെ യേശു തന്റെ വാക്കുകളിലൂടെയും ചെയ്തികളിലൂടെയും നമുക്കു വെളിപ്പെടുത്തി തരുന്നു. സ്നേഹം നിറഞ്ഞു നിൽക്കുന്ന തിരുഹൃദയത്തിന്റെ മറ്റൊരു സവിശേഷത, നാം ദൈവത്തെ സ്നേഹിക്കുന്നു എന്നതിലല്ല പ്രത്യുത നാം പാപികളായിരുന്നിട്ടും നമ്മോടുള്ള സ്നേഹത്തെ പ്രതി നമ്മുടെ രക്ഷക്കുവേണ്ടി പാപപരിഹാരബലിയായി സ്വപുത്രനെ, സജീവനെ സമർപ്പിച്ചു എന്നതിലാണ്.

ദൈവം നമ്മിലും നാം ദൈവത്തിലും വസിക്കുന്ന ഫലദായകമായ വലിയൊരു സ്നേഹബന്ധത്തിന്റെ അനുഭവമാണ് തിരുഹൃദയം വെളിപ്പെടുത്തുന്നത്. അദൃശ്യനായ ദൈവത്തെ ദൃശ്യമായ രീതിയിൽ നമുക്കു വെളിപ്പെടുത്തി തന്നുകൊണ്ട് പരസ്പര സ്നേഹത്തോടെ ദൈവസ്നേഹത്തിൽ ജീവിക്കുവാൻ തിരുഹൃദയം നമ്മെ ആഹ്വാനം ചെയ്യുന്നു.


എളിയവർക്കും ആലംബഹീനർക്കും അനാഥർക്കും വിധവകൾക്കും പ്രത്യേക പരിഗണന നൽകി സംരക്ഷിക്കുന്ന, ദൈവത്തിന്റെ ബോധപൂർവ്വകമായ തെരഞ്ഞെടുപ്പിലും വെളിപാടിലും സന്തോഷിക്കുന്ന ഹൃദയമാണ് തിരുഹൃദയം. സ്വയം ബുദ്ധിമതികളെന്നും വിവേകികളെന്നും കരുതുന്നവരെ ലജ്ജിപ്പിക്കുന്ന ദൈവീക ജ്ഞാനത്തിന്റെ ഇരിപ്പിടമാണ് തിരുഹൃദയം. ജീവൻ നിലനിർത്താൻ അദ്ധ്വാനിക്കുന്ന മക്കളോട് കരുണ കാണിക്കുന്ന, ദുർബലരെ ശക്തിപ്പെടുത്തുന്ന, ജീവിതഭാരത്താൽ ക്ഷീണിച്ച് അവശരായവരുടെ നുകം സ്വന്തം തോളിലേറ്റെടുത്തുകൊണ്ട് ആശ്വസിപ്പിക്കുന്ന ഹൃദയം. ശാന്തശീലനും വിനീതഹൃദയനുമാണെന്ന് ഉറച്ച ബോധ്യത്തോട് സ്വയം വെളിപ്പെടുത്തുന്ന ദൈവിക കാരുണ്യം.

ക്ഷമിക്കുന്ന സ്നേഹം തിരുഹൃദയത്തിൽ പ്രതിഫലിച്ചുകാണുന്ന വലിയൊരു ഗുണമാണ്. സഹോദരരോടു ഹൃദയപൂർവ്വം ക്ഷമിക്കാതെ കോപത്തിന്റെയും വെറുപ്പിന്റേയും വിഷമുള്ളിനെ വലിയൊരു മുൾമരമാക്കി വളർത്തുന്ന കഥ സൂഫി മിസ്റ്റിക്കായ ജലാലുദ്ദീൻ പറയുന്നു. ഒരു മനുഷ്യൻ തന്റെ വീടിനു മുന്നിലുള്ള വീഥിയിൽ ഒരു മുൾച്ചെടി നട്ടു. നാൾക്കുനാൾ വളർന്നു പന്തലിച്ചു കൊണ്ടിരുന്ന മുൾച്ചെടിയുടെ മുള്ളുകളേറ്റ് വീട്ടിൽ വന്നവർ മുറിവേറ്റു വേദനിച്ചു. മുൾച്ചെടി പറിച്ചുകളയണം എന്ന പരാതി വീട്ടുകാരൻ നിരന്തരം കേട്ടിട്ടും "പറിച്ചുകളയാം" എന്ന പതിവു പല്ലവി ആവർത്തിച്ചു കൊണ്ടിരുന്നു. കാലത്തിന്റെ ശീഘ്രഗമായ പ്രയാണത്തിൽ വീട്ടുടമ വാർദ്ധക്യത്താൽ അവശനായി തുടങ്ങി. വലുതായി വളർന്ന മുൾച്ചെടി പറിച്ചു നീക്കുവാൻ ശക്തിയില്ലാത്തവനുമായി. പറിച്ചുകളയാതെ വളർത്തിയ മുൾച്ചെടിയുടെ മുള്ളുകൾ കൊണ്ട് വയസ്സായ വീട്ടുടമ മരണമടഞ്ഞു. സഹോദരരോടു ഹൃദയപൂർവ്വം ക്ഷമിക്കാതെ കോപത്തിന്റെയും വെറുപ്പിന്റേയും മുള്ളുകൾ വച്ചുവളർത്തി വലുതാകുമ്പോൾ സ്വയം നശിക്കുന്ന മനുഷ്യരെയാണ് ഈ കഥ വെളിപ്പെടുത്തുന്നത്. മനുഷ്യ ഹൃദയത്തിന്റെ ഇന്നിന്റെ നേർചിത്രവും.

നാം മനസിലാക്കിയ വചനത്തിന്റെ പശ്ചാത്തലത്തിൽ, നാം വസിക്കുന്ന കാലത്തിന്റേയും ദേശത്തിന്റേയും സവിശേഷത മനസിലാക്കുമ്പോൾ തിരുഹൃദയ തിരുനാൾ നല്കുന്ന സന്ദേശം എന്ത്? എന്നതാണ് പ്രസക്തമായ ചോദ്യം. തിരുനാളുകൾ തിരിച്ചറിവിന്റെ ദിനങ്ങളാണെങ്കിൽ, ആത്മപരിശോധനയുടെ മുഹൂർത്തമാണെങ്കിൽ വചനത്തിന്റെ പൊരുളറിയുക, വചനസന്ദേശമുൾക്കൊള്ളുക എന്നതാണ് കാതലായ സന്ദേശം. എന്റെയും എന്റെ ചുറ്റും വസിക്കുന്നവരുടെയും ഹൃദയത്തിന്റെ സവിശേഷത മനസിലാക്കുക; ഒപ്പം തിരുഹൃദയത്തിന്റെ, ദൈവീക കരുണയുടെ പ്രത്യേകതകൾ ഉൾക്കൊള്ളുവാനുള്ള "ഹൃദയത്തിന്റെ അകക്കണ്ണ്" തുറക്കുവാനുള്ള കൃപയ്ക്കായി തീക്ഷ്ണമായി ആഗ്രഹിക്കുക, പ്രാർത്ഥിക്കുക.

എന്റെ കുടുംബത്തിലും കുടുംബ കൂട്ടായ്മയിലും ഇടവക സമൂഹത്തിലും തൊഴിൽ മേഖലകളിലുമുള്ള ദുർബലരോട്, തിരസ്ക്കരിക്കപ്പെട്ടവരോട്, ഒറ്റപ്പെട്ടും നിരാലംബരുമായി കഴിയുന്നവരോട്, രോഗികളോട്, സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റപ്പെട്ട് ഓരങ്ങളിൽ കഴിയുന്നവരോട് ബോധപൂർവ്വമായി അനുഭാവം പുലർത്തുക; ഉള്ളും ഉള്ളതും പങ്കുവയ്ക്കുക. മനുഷ്യപറ്റുള്ള, തുറവിയുള്ള, ആർദ്രതയുടെ ഹൃദയത്തിന്റെ ഉടമകളാകുമ്പോൾ തിരുഹൃദയ സന്ദേശം നാം സ്വാംശീകരിക്കുന്നവരും ജീവിക്കുന്നവരുമാകും. ■

# നടക്കുന്നെങ്കിൽ ക്രിസ്തുവിനോടൊപ്പം നടക്കാം



1. പരിശുദ്ധാത്മാവിന്റെ ഗാനം
   ബൈബിൾ വന്ദനം
2. സ്വാഗതം: കുടുംബനാഥൻ/നാഥ
3. ആമുഖം

പരിശുദ്ധാത്മാവിനോടുള്ള ഗാനം ഒരു പ്രാർത്ഥനാ യോഗത്തിൽ ആലപിച്ചു കഴിയുമ്പോൾ നാം അറിയാതെ അദൃശ്യമായ ഒരു ശക്തി നമ്മെ വലയം ചെയ്യുന്നു. അതിലും ഉപരിയായി ആത്മാവിന്റെ അഭിഷേകം നിറഞ്ഞു നിൽക്കുന്ന ഒരു കാലഘട്ടം കൂടിയാണിത്. പെന്തക്കുസ്താ നാളിൽ ശിഷ്യഗണം ഒരുമിച്ചു കൂടിയിരുന്നപ്പോൾ അഗ്നിജ്വാലകൾ വിണ്ണിനെ കീറിമുറിച്ച് ആ പുണ്യാത്മാക്കളുടെ മേൽ വ്യാപിച്ചു. ചതുർദിക്കിൽ നിന്നും ആഞ്ഞടിച്ചു. കാറ്റിന്റെ സിരകളിൽ സ്വർഗ്ഗലോകത്തിന്റെ മധുര സംഗീതം ആത്മാരൂപിയായി തങ്ങിനിന്നു. അപ്പസ്തോലന്മാർ വാചാലരായി, ഭയത്തിന്റെ ചങ്ങലപ്പാടുകളില്ലാതെ എന്നാൽ ചൈതന്യമുള്ള കുഞ്ഞാടുകളെപ്പോലെ, ശൗര്യമുള്ള സിംഹക്കുട്ടികളെപ്പോലെ അവർ പുതിയ ലോകത്തേക്ക് ഉയർത്തെഴുന്നേറ്റു. തുടർന്നുള്ള ഈ പ്രാർത്ഥനാ നിമിഷങ്ങളിൽ ആത്മാവിന്റെ അഗ്നി നമ്മിൽ നിറയണമേ എന്ന് നമുക്ക് ഹൃദയം തുറന്ന് പ്രാർത്ഥിക്കാം.

തിരുസഭയിലെ യുവജനങ്ങൾക്കു വേണ്ടി പ്രത്യേകം പ്രാർത്ഥിക്കാനായി ഈ കുടുംബ പ്രാർത്ഥനായോഗത്തിൽ നാം ശ്രമിക്കുകയാണ്. മനുഷ്യജീവിതത്തിലെ വസന്തം എന്നുവിശേഷിപ്പിക്കാവുന്ന യുവത്വകാലഘട്ട

ത്തിൽ അവരുടെ ശ്രദ്ധാകേന്ദ്രം തിരുസഭയാകുവാൻ, സഭ തലവനായ ക്രിസ്തുവിന്റെ വചനങ്ങളാകുവാൻ നാം പ്രാർത്ഥിക്കേണ്ടിയിരിക്കുന്നു. മാധ്യമങ്ങൾ അവരുടെ കൺമുൻപിലൊരുക്കുന്ന മായിക പ്രപഞ്ചമല്ല സത്യം എന്ന തിരിച്ചറിവിലേക്ക് അവർ വളരണമെങ്കിൽ വിശുദ്ധ ഗ്രന്ഥം വായിക്കാനും, വിശുദ്ധന്മാരുടെ ജീവിതം അനുകരിക്കാനും അവർക്ക് സാധിക്കണം. നമ്മുടെ യുവജനങ്ങളുടെ ഇന്നത്തെ ജീവിതം ഈ കഥപോലെയാണ്. ഒരു യുവാവ് സൂര്യൻ ഉദിക്കുന്നതിനുമുൻപ് ഒരു നദിക്കരയിലെത്തി. കാലുകൾ രണ്ടും വെള്ളത്തിലിട്ടിളക്കി അരികിലിരുന്ന ചെറു കല്ലുകൾ അവൻ വെള്ളത്തിലേക്ക് വലിച്ചെറിഞ്ഞു. സൂര്യൻ കിഴക്ക് ഉദിച്ചുപൊങ്ങി. യാത്ര തുടരാനായി എഴുന്നേൽക്കുന്നതിന് മുൻപ് എറിയാൻ ഓങ്ങിയ കല്ലിലേക്ക് അവൻ നോക്കിയപ്പോഴാ അന്താളിച്ചുപോയത്. എറിഞ്ഞുകളഞ്ഞതെല്ലാം രത്നങ്ങളായിരുന്നു. പ്രിയ യുവജനങ്ങളെ നിങ്ങൾ തിരിച്ചറിയണം, നിങ്ങൾ വലിച്ചെറിയുന്നതെല്ലാം രത്നങ്ങൾ തന്നെയാണ്. നിങ്ങൾ ആത്മാർത്ഥമായി സ്വീകരിക്കാത്ത കൂദാശകളെല്ലാം തന്നെ മണിമുത്തുകളായിരുന്നുവെന്ന് നിങ്ങൾ താമസംവിനാ തിരിച്ചറിയും. നിങ്ങൾ വലിച്ചെറിഞ്ഞുകളയുന്ന സമയമെല്ലാം വിലപിടിപ്പുള്ള നിധികളായിരുന്നുവെന്ന് നിങ്ങൾ തിരിച്ചറിയും..

യുവാവായ യേശുവിനെ മനസ്സിൽ ധ്യാനിച്ചുകൊണ്ട് ലോകത്തുള്ള സകല യുവജനങ്ങളും നേരായ മാർഗ്ഗം കണ്ടെത്താൻ പ്രേരിപ്പിക്കണമേ എന്ന് പ്രാർത്ഥിച്ചുകൊണ്ട് യേശുവിനെ നമുക്ക് നമ്മുടെ മദ്ധ്യേ ക്ഷണിക്കാം.

## 4. യേശുവിനെ ക്ഷണിക്കൽ

യേശു എന്നും നമ്മുടെ കുടുംബത്തിലെ സ്നേഹമുള്ള അതിഥിയാണ് എന്ന ബോധ്യത്തോടെ സ്വയം പ്രേരിത വാക്കുകളിൽ നമുക്ക് ഈശോയെ നമ്മുടെ മദ്ധ്യേ ക്ഷണിക്കാം.

## 5. വചനഗീതി

## 6. ദൈവവചന പാരായണം

(അപ്പോസ്തലൻമാരുടെ നടപടി 9:1-19)

## 7. വചനവിചിന്തനം

ക്രിസ്തു സാവൂളിനോട് ചോദിച്ച ചോദ്യം "നീ എന്തിന് എന്നെ പീഡിപ്പിക്കുന്നു?" എന്നാണ്. നമ്മളൊക്കെ യേശുവിനെ ഇന്നും പീഡിപ്പിച്ചുകൊണ്ടേയിരിക്കുന്നു എന്ന ബോധ്യം നമുക്ക് എന്നാണ് ഉണ്ടാവുക. പല ദമാസ്ക്കസ് അനുഭവങ്ങളും ഉണ്ടായിട്ടും നാം ഇന്നും നമ്മുടെ വീഴ്ചകളെ തിരിച്ചറിയുന്നില്ല. പല വീഴ്ചകളും നമ്മെ അതിന്റെ മൂലകാരണത്തിലേക്ക് എത്തിക്കുന്നില്ല. വീഴ്ചയിൽ നിന്നുള്ള മുറിവുകൾ കെട്ടിയുണക്കി നാം വീണ്ടും അഴുക്കും പൊടിയും നിറഞ്ഞ തിന്മയുടെ ലോകത്തിലേക്ക് പടികയറുന്നു. നിന്റെ കുതിരപ്പുറത്തുള്ള യാത്രയെ സ്നേഹത്തോടും ഇഷ്ടത്തോടും തന്നെയാണ് യേശുവീക്ഷിക്കുന്നത്. നീ അങ്ങനെ തന്നെ യാത്ര തുടരണമെന്ന് ആഗ്രഹവും യേശുവിനുണ്ട്. എന്നാൽ വഴിതെറ്റിപോകുന്ന നിന്റെ യാത്രകളാണ് അവനെ വ്യസനിപ്പിക്കുന്നത്. നീ ഒരിക്കലും അടിതെറ്റി വീഴരുത് എന്നു തന്നെയാണ് അവൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നത്. എന്നാൽ നിന്റെ കണ്ണുകളിൽ ഇരുട്ടുകയറുമ്പോൾ അവനും ഏറെ ക്ലേശിക്കുന്നു. എന്നാൽ ഓർക്കുക വീഴുന്നിടത്തു നിന്ന് നിന്നെ കൈപിടിച്ചു എഴുന്നേൽപ്പിക്കാൻ കൂടെ വീഴുന്നവനാണ് നിന്റെ ക്രിസ്തു. നിന്റെ അന്ധകാരമകറ്റാൻ നീ വീഴുന്നതിന് മുൻപ് 'അനനിയാസുമാരെ' ഒരുക്കിനിർത്തുന്നവനാണ് നിന്റെ ക്രിസ്തു.

സാവൂൾ സെന്റ് പോളായി തീർന്നത് ഈ വീഴ്ചയിലൂടെയാണ്. സുവിശേഷങ്ങളിലെ യേശുവിന്റെ വാക്കുകൾക്ക് അർത്ഥവും ആഴവും കൊടുത്തത് സെന്റ് പോളായിരുന്നു. കൂടെ നടക്കാതെ യേശുവിന്റെ ഹൃദയ മുറിവുകളുടെ ആഴം അളക്കാൻ അവനുമാത്രമേ കഴിഞ്ഞുള്ളു. ഉള്ളതെല്ലാം ഉച്ഛിഷ്ടം പോലെ വലിച്ചെറിയാൻ അവനെ പ്രാപ്തനാക്കിയതും ഈ വീഴ്ച തന്നെ. അഹങ്കരിക്കുന്നെങ്കിൽ ഞാൻ ക്രിസ്തുവിൽ അഹങ്കരിക്കുന്നു എന്നവൻ പറഞ്ഞതും ഈ വീഴ്ചയുടെ മാധുര്യം ആസ്വദിച്ചതിനാൽ മാത്രം.

ഒരു മനുഷ്യന്റെ യുവത്വം 20 വയസ്സു മുതൽ 35 വയസ്സുവരെ എന്ന കണക്കാണ് നമുക്കിന്നുള്ളത്. ഈ കാലയളവിൽ അറിഞ്ഞും അറിയാതെയും എത്രയോ വീഴ്ചകൾ, മദ്യലഹരിയിലും, ശരീരത്തിന്റെ ആസക്തികളിലും, കണ്ണിന്റെ പാപത്തിലും വാക്കിന്റെ ക്രൂരതയിലും ചിന്തയുടെ കുടിലതയിലും നാം എത്രയോ പേരെ വീഴ്ത്തിയിരിക്കുന്നു. ഒട്ടുമിക്ക ക്രിമിനൽ കേസുകളിലും ഈ കാലഘട്ടത്തിലെ നമ്മുടെ യുവജനങ്ങളല്ലേ നിറഞ്ഞുനിൽക്കുന്നത്. അഴിമതിയുടെയും അക്രമങ്ങളുടെയും ഈ ലോകത്ത് നന്മയുടെ വാഹകരാകാൻ ഒരു യുവ സമൂഹം വാർത്തെടുക്കപ്പെടാൻ നമുക്ക് തീവ്രമായി പ്രാർത്ഥിക്കാം.

## 8. ചർച്ച

നാം ശ്രവിച്ച ദൈവവചനത്തിന്റെയും വിചിന്തനത്തിന്റെയും പശ്ചാത്തലത്തിൽ ഒരു ചോദ്യത്തെ ആസ്പദമാക്കി ചർച്ചചെയ്ത് ദൗത്യം ഏറ്റെടുക്കാം.

ഒരു വ്യക്തിയുടെ വീഴ്ചകളാണ് പാപങ്ങളെങ്കിൽ ഇന്നിന്റെ സമൂഹത്തിൽ പ്രത്യേകിച്ച് യുവജനങ്ങളുടെ ഇടയിൽ കുമ്പസാരം എന്ന കൂദാശയുടെ പ്രാധാന്യത്തെക്കുറിച്ച് ചർച്ച ചെയ്യുക.

നിങ്ങളുടെ യൂണിറ്റിലെ യുവജനങ്ങൾ നന്നായി ഒരുങ്ങി കുമ്പസാരിച്ച് വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നതിലേക്കായി അവരെ സഹായിക്കുന്ന ദൗത്യം ഏറ്റെടുക്കുക. ഈ ദിവസങ്ങളിൽ മുതിർന്നവർ യുവജനങ്ങളോട് ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കുകയും കഴിയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുക.

## 9. റിപ്പോർട്ട്.

## 10. ഹാജർ

## 11. ചർച്ച

## 12. വിശ്വാസികളുടെ പ്രാർത്ഥന

## 13. സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ

## 14. സമാപനഗാനം

## 15. സ്നേഹവിരുന്ന്.

## 16. നന്ദി

*തയ്യാറാക്കിയത് :*

**ഫാ. ലെനിൻ ഫെർണാണ്ടസ്**

# ഇളംതൂവൽ





കൂട്ടുകാരേ,

പുതിയ അധ്യയന വർഷത്തിന്റെ പടിവാതിൽക്കൽ എത്തിനിൽക്കുകയാണല്ലോ നിങ്ങളെല്ലാവരും. കുറേ സ്വപ്നങ്ങളും ശുഭപ്രതീക്ഷകളുമായി ട്ടാവും പുതുവർഷത്തെ സ്വീകരിക്കുക. പുതിയൊരു വിദ്യാലയത്തിലേക്ക് കടന്നുചെല്ലുമ്പോൾ എല്ലാവരാലും ഇഷ്ടപ്പെടുന്ന ഒരു വ്യക്തിയായി പ്രശോഭിക്കണമെങ്കിൽ ചിലകാര്യങ്ങൾ ഓർക്കേണ്ടതുണ്ട്. ഏതുമേഖലയിൽ ഉന്നതവിജയം കരസ്ഥമാക്കിയ വ്യക്തിയായാലും അത് കാത്തുസൂക്ഷിക്കണമെങ്കിൽ വിനയം കൂടിയേ തീരൂ. "വിനയമാണ് എല്ലാ സത്ഗുണങ്ങളുടെയും അമ്മ" എന്ന് വോൾട്ടയർ പറഞ്ഞത് അതുകൊണ്ടാണ്.

മഹാനായ ഒരു വ്യക്തി എപ്പോഴും വിനയാന്വിതനായിരിക്കും. അഹംഭാവമുള്ള ഒരുവൻ എത്ര ഉന്നതനായിരുന്നാലും ആരും അയാളെ ഇഷ്ടപ്പെടുകയില്ല. "മനുഷ്യന്റെ ഗർവ് അവനെ താഴ്ത്തിക്കളയും മനോവിനയം ഉള്ളവനോ മാനം പ്രാപിക്കും" എന്ന ബൈബിൾ വചനം ഓർക്കാം. എല്ലാം അറിയാം എന്ന് നടിക്കുന്ന ചിലർ നമ്മുടെ സമൂഹത്തിലുണ്ട്. തങ്ങൾ പഠിച്ചതെല്ലാം പൂർണ്ണമാണെന്ന് അവർ വിശ്വസിക്കുന്നു. ഇനിയൊന്നും മനസ്സിലാക്കാനോ പഠിക്കുവാനോ ഇല്ലെന്ന് അവർ വീമ്പ് ഇളക്കുന്നു. വിനയത്തിന്റെ കണികപോലും ഇല്ലാത്ത ഇവർ വാസ്തവത്തിൽ അല്പന്മാരാണ്. അധ്യയനം എന്നത് ജീവിതാവസാനംവരെ നീണ്ടുനിൽക്കുന്ന ഒരു പ്രക്രിയയാണ്.

മഹാന്മാരായ വ്യക്തികൾ തങ്ങളുടെ തെറ്റുകൾ വരെ തുറന്നുപറയാൻ തക്ക വിനയമുള്ളവരായിരുന്നു. അറിവില്ലായ്മ തുറന്നുസമ്മതിക്കുന്ന മഹാപണ്ഡിതനായ ഡോ. സാമുവേൽ ജോൺസൺ ഇതിന് ഉദാഹരണമാണ്. താൻപുതുതായി പ്രസിദ്ധീകരിച്ച പ്രശസ്തമായ ഡിക്ഷ്ണറിയിലെ ഒരുവാക്കിന്റെ നിർവചനം തെറ്റാണെന്ന് ഒരു സ്ത്രീ അദ്ദേഹത്തെ ചൂണ്ടിക്കാണിച്ചു. അപ്പോൾ അദ്ദേഹത്തിന്റെ പ്രതികരണം ഇങ്ങനെയായിരുന്നു മാഡം അത് അറിവില്ലായ്മയാണ്, എന്റെ അറിവില്ലായ്മ."

നിറകുടം തുളുമ്പില്ല എന്ന ചൊല്ലാണ് വിനയപൂർവ്വമായ ഏറ്റുപറച്ചിലുകളിൽ നാം കാണുന്നത്. കൂട്ടുകാരേ, ജീവിതത്തിൽ നാം ധാരാളം ഉയർന്നനേട്ടങ്ങൾ കൈവരിച്ചു എന്നുവരും. പക്ഷേ ദുരഭിമാനവും ഗർവും നമുക്കപ്പോൾ ഉണ്ടാകരുത്. വൃക്ഷങ്ങളെ കണ്ടുപിടിക്കൂ. ഫലങ്ങളാൽ നിറയുമ്പോൾ അവ ഒരിക്കലും തല ഉയർത്തിപ്പിടിക്കുകയല്ല മറിച്ച് മറ്റുള്ളവർക്ക് പറിച്ചെടുക്കാനായി തലതാഴ്ത്തിക്കൊടുക്കുകയാണ് പതിവ്. അതിനാൽ അറിവും, സമ്പത്തും, പ്രശസ്തിയുമൊന്നും നിങ്ങളുടെ ശിരസ്സുകളെ ഉയർത്താതിരിക്കട്ടെ. "വിനയം ദ്രുതഗതിയിലുള്ള വിജയത്തിന്റെ താക്കോലാണ്" എന്ന ഗാന്ധിജിയുടെ വാക്കുകൾ ഓർമ്മിക്കാം. ഷെം ലോകത്തിന് മുഴുവൻ വിനയത്തിന്റെ എളിമയുടെ മാതൃക കാട്ടിതന്ന ക്രിസ്തുവിന്റെ അനുയായി എന്ന നിലയിൽ ജീവിക്കാൻ ശ്രമിക്കാം. പുതിയ അധ്യായനവർഷം എല്ലാവിധ നന്മകളാവും നിറയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

- സിസ്റ്റർ മിനി ജോസഫ്

എഫ്.എം.എം.

# കണ്ണാടി അച്ചൻ

അനിഷ്മ തോമസ്




"അമ്മയെ മഹത്വപ്പെടുത്തുന്നവൻ നിക്ഷേപം കൂട്ടിവയ്ക്കുന്നു" (പ്രഭാ. 3: 4)



ജെ.സി



# മൂന്നാറിലെ പാപ്പാത്തിച്ചോലയിലെ കുരിശ്

കയ്യേറ്റം ഒഴിപ്പിക്കാൻ നിറുത്തിവച്ചതിന്റെ ഉത്തരവാദിത്വം കുരിശിന്റെ മുകളിൽ ചാരാനുള്ള ശ്രമത്തെ നാം തിരിച്ചറിയണം.

പാപ്പാത്തിച്ചോലയിൽ സ്പിരിറ്റ് ഇൻ ജീസസ് എന്ന പേരിലുള്ള സംഘടന ഭൂമി കൈയ്യേറി സ്ഥാപിച്ച വലിയ കുരിശ് റവന്യൂവകുപ്പിന്റെ നേതൃത്വത്തിൽ ജെസിബി ഉപയോഗിച്ച് നശിപ്പിക്കുന്നതും ചാനലുകൾ ആവർത്തിച്ച് പ്രദർശിപ്പിച്ച് ഏറെ വിവാദം സൃഷ്ടിച്ചതും സമകാലിക രാഷ്ട്രീയ ചരിത്രത്തിന്റെ ഭാഗമാണ്. മൂന്നാറിലെ കുരിശുവിവാദത്തിൽ അനേകം പ്രതികരണങ്ങൾ വന്നു. "ആ കുരിശ് അവിടെ നിന്ന് പൊളിച്ചുമാറ്റിയതിൽ ഏറ്റവുമധികം സന്തോഷിക്കുന്നത് യേശുക്രിസ്തു തന്നെയായിരിക്കും." എന്നതായിരുന്നു ഒരു പ്രതികരണം. കുരിശിനെ തകർക്കുന്ന രംഗങ്ങൾ വിശ്വാസികളെ വേദനിപ്പിക്കുന്നതാണെന്നും ഏതുതരത്തിലുള്ള കയ്യേറ്റങ്ങളെയും സഭ എതിർക്കും എന്നുമുള്ള പ്രസ്താവനകളും വന്നു. കുരിശ് കയ്യേറ്റത്തിന്റെ ഭാഗമാകുമ്പോൾ ത്യാഗത്തിന്റെ അടയാളമായ കുരിശിന് അതിന്റെ അർത്ഥം തന്നെ നഷ്ടപ്പെടുമെന്നും അതുകാരണം കുരിശിന്റെ പേരിലുള്ള കയ്യേറ്റം ന്യായീകരിക്കാനാവുന്നതല്ലെന്നുമുള്ള പ്രസ്താവനകളാണ് പൊതുവേയുണ്ടായത്.

മൂന്നാർ ഭൂമി കയ്യേറ്റം കഴിഞ്ഞ പത്തുവർഷങ്ങളായി സാമൂഹ്യരാഷ്ട്രീയ മേഖലയിലെ ഒരു പ്രധാന ചർച്ചാവിഷയമാണ്. കുടിയേറ്റത്തെയും കൈയേറ്റത്തെയും വെവ്വേറെ കാണണമെന്നും ചെറുകിടകൈയ്യേറ്റത്തെയും വൻകിട കൈയേറ്റത്തെയും പ്രത്യേകം കാണണമെന്നുള്ള വാദം വിശകലനവിധേയമാക്കേണ്ടതാണ്. ഭൂരഹിതരായ ഏകദേശം മൂന്നുലക്ഷത്തിലധികം കുടുംബങ്ങൾ കേരളത്തിലുണ്ട് എന്നൊരു സർക്കാർ കണക്കുണ്ട്. കഴിഞ്ഞ സർക്കാർ ഭൂരഹിതരില്ലാത്ത കേരളം എന്നൊരു പദ്ധതിക്ക് രൂപം കൊടുത്തു. എന്നാൽ അത് എവിടം വരെ എത്തിയെന്നറിയില്ല. 1952 ൽ വന്ന കേരളത്തിലെ ആദ്യ സർക്കാർ ഭൂപരിഷ്കരണ നിയമം കൊണ്ടുവന്നതും വിമോചനസമരത്തിലൂടെ അത് നടപ്പിലാക്കാൻ കഴിയാതെ പോയതും ചരിത്രത്തിന്റെ ഭാഗമാണ്. ഭൂമിയുടെ പേരിലുള്ള അവകാശം പലതരത്തിലും സ്ഥാപിച്ചെടുക്കാൻ ശ്രമിക്കുന്ന വിഭാഗങ്ങൾ ഇന്നുണ്ട്. സർക്കാർ പോലും തോട്ടം മേഖലയിലെ ഭൂമിക്ക് പരിധി കല്പിക്കുന്നില്ല. ഇതിന്റെ മറവിൽ വൻകിട തോട്ടം ഉടമകൾ ആയിരക്കണക്കിന് ഏക്കർ ഭൂമി കയ്യേറിയിരിക്കുന്നത് നാം കാണാതെ പോകരുത്. ഇവരെ ഒഴിപ്പിക്കാനുള്ള ഇച്ഛാശക്തി സർക്കാരിന് ഇല്ലാതെ പോകുന്നു.

എല്ലാപേർക്കും ഭൂമി ഉറപ്പാക്കുകയും കയ്യേറ്റഭൂമി പിടിച്ചെടുക്കുകയുമാണ് സർക്കാർ ചെയ്യേണ്ടത്. മാധ്യമങ്ങൾ പോലും ഇതിനായിട്ടല്ല പ്രധാനമായും ശ്രമിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. നിലവിൽ സർക്കാരിന്റെ ലാന്റ് ബാങ്കിൽ മാത്രം 180787 ഏക്കർ ഭൂമിയുണ്ട്. കൂടാതെ ഏറ്റെടുക്കേണ്ടഭൂമി 8 ലക്ഷം ഏക്കറിന് മുകളിൽ വരും. എന്നിട്ടാണ് കേരളത്തിൽ മൂന്നുലക്ഷം കുടുംബങ്ങൾ ഭൂരഹിതരായിരിക്കുന്നുവെന്നത് മറക്കരുത്. ഭൂമിക്കുവേണ്ടി ളാഹഗോപാലന്റെ നേതൃത്വത്തിൽ നടന്ന ദളിത് സമരവും ആദിവാസികൾ തിരുവനന്തപുരം സെക്രട്ടേറിയറ്റിന് മുന്നിൽ നടത്തിയ നിൽപ്പുസമരവും വിഴിഞ്ഞം തുറമുഖ പദ്ധതി കാരണം ഭൂമി നഷ്ടപ്പെടുന്ന പൂന്തുറ മുതൽ വേളിവരെയുള്ള മത്സ്യത്തൊഴിലാളികൾ നടത്തിയ സമരങ്ങളും ഭൂരഹിതരുടെ സമരകഥകളാണ് പറയുന്നത്. പാപ്പാത്തിച്ചോല മൂന്നാറിലെ കയ്യേറ്റത്തിന്റെ മാത്രം പ്രശ്നമല്ല, കേരളത്തിലെ കയ്യേറിയ ഭൂമിയുടെയും ഭൂരഹിതരായ മനുഷ്യരുടെയും പ്രശ്നം കൂടിയാണ്. തലചായ്ക്കാൻ ഇടമില്ലാത്ത മനുഷ്യർക്ക് ഭൂമി നൽകാനും കൈയേറിയ ഭൂമി തിരിച്ചെടുക്കുവാനുമുള്ള ഇച്ഛാശക്തിയാകട്ടെ പാപ്പാത്തിച്ചോല നൽകുന്ന പാഠം. ■


അനർത്ഥകാലത്ത് എന്നെ വിളിച്ചപേക്ഷിക്കുക; ഞാൻ നിന്നെ മോചിപ്പിക്കും; നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും. (സങ്കീ : 50 : 15)
2017 ജൂൺ 3–9
2017 ഡിസംബർ 2 – 8
2017 ജൂലൈ 1–7
2018 ജനുവരി 6–12
2017 ആഗസ്റ്റ് 5–11
2018 ഫെബ്രുവരി 3–9
2017 സെപ്റ്റംബർ 2–8
2018 മാർച്ച് 3–9
2017 ഒക്ടോബർ 7–13
2018 ഏപ്രിൽ 7–13
2017 നവംബർ 4–10
2018 മേയ് 5–11
മുക്തി
ലഹരി ആസക്തി മോചന
കുടുംബനവീകരണ ധ്യാനം
റ്റി. എസ്. എസ്. എസിന്റെ ആഭിമുഖ്യത്തിൽ
എല്ലാ മാസവും ആദ്യ ശനിയാഴ്ചകളിൽ
4 മണിക്ക് രജിസ്ട്രേഷനോടുകൂടി ധ്യാനം
ആരംഭിക്കുകയും അടുത്ത വെള്ളിയാഴ്ച
രാവിലെ 9 മണിക്ക് ദിവ്യബലിയോടുകൂടി
സമാപിക്കുകയും ചെയ്യും
സ്ഥലം : അനുഗ്രഹഭവൻ, മേനംകുളം
അന്വേഷണങ്ങൾക്ക് : 9400820818, 9495591783, 9446945333, 9895305065, 9745611324


ലോകത്തിലെ ഏറ്റവും വലിയ ക്വിസ് മത്സരത്തിനായി നിങ്ങൾക്കും ഒരുങ്ങാം....
ഉടൻ വരുന്നു...
ലോഗോസ് ക്വിസ് പഠനസഹായത്തിനായി
ഒരു മൊബൈൽ ആപ്പ്...
വചനം വായിക്കൂ... ലോകത്തെവിടെയിരുന്നും
ലോഗോസ് ക്വിസിന് തയ്യാറാകൂ...
LOGOS QUIZ
ANDROID APP ON
Google play
ലോഗോസ് 2017 പാഠഭാഗം
സംഖ്യ 22 - 36
സുഭാഷിതങ്ങൾ 21 - 31
മത്തായി 1 - 9
വെളിപാട് 4 - 9
തിരുവനന്തപുരം രൂപതാ ബൈബിൾ കമ്മീഷനും മീഡിയാ കമ്മീഷനും സംയുക്തമായി പുറത്തിറക്കുന്നു.

Total Page 44 Pub. Date : 01.06.2017
RNI Registered NO. 36056/81 REG NO. KL/TV(S)266/2015-2017. WPP NO. KL/TV(S)WPP/171/2015-17 JEEVANUM VELICHAVUM Rs. 25.00


# മലയാളിയുടെ സ്വന്തം 'കേര' !

**മായം കലർന്ന ഉല്പ്പന്നങ്ങൾ വാങ്ങി വഞ്ചിതരാവാതിരിക്കാൻ**
**കേരഫെഡിന്റെ ഉല്പ്പന്നങ്ങൾ തന്നെ ചോദിച്ചു വാങ്ങൂ...**

100%
പരിശുദ്ധമായ
വെളിച്ചെണ്ണ




**കേര**
**വെളിച്ചെണ്ണ**

സമ്പൂർണ്ണ
കേശ സംരക്ഷണത്തിന്




കേരജം
കേശാമൃത്

കേരജം കേശാമൃത് ഹെയർ ഓയിൽ

പാചകം ലളിതവും
സ്വാദിഷ്ടവുമാക്കാൻ

ഒട്ടും തനിമ ചോരാതെ
തേങ്ങാപ്പാൽ പൊടിയാക്കിയത്




കേര കോക്കനട്ട്
മിൽക്ക് പൗഡർ

ചിരകിയ തേങ്ങ
അതേ ഗുണത്തിൽ




കേര ഡെസിക്കേറ്റഡ്
കോക്കനട്ട്

**കേര ഒരു കേരള സർക്കാർ ഉൽപ്പന്നം**

KERAFED
കേരഫെഡ്
(A Govt. of Kerala Enterprise)

## KERAFED

HO:Kera Tower, Water Works Compound, Vellayambalam, Trivandrum-33.
Ph: 0471- 2321660, 2326209. E-Mail: kerafedmktg@gmail.com, Visit: www.kerafed.com

**KERAFED - ISO 9001 & HACCP-22000 CERTIFIED COMPANY**


Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Sterling Print House 9847900555, for Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor: Fr. Melkon.